

# ടൈംസ് ഓഫ് അമേരിക്കൻമലയാളി
സാംസ്കാരികം

TIMES OF AMERICAN MALAYALI

2024
ഡിസംബർ





Chief Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**



www.timesofamericanmalayali.com






2

വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ യുവാക്കളുടെ പങ്ക് വളരെ വലുതാണ്. യുവമനസ്സുകൾ ഒത്തുചേരുകയും രാജ്യത്തിന്റെ ഭാവി യാത്രയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുമ്പോൾ, തീർച്ചയായും വ്യക്തമായ പാതകൾ തെളിഞ്ഞുവരും. സ്വാമി വിവേകാനന്ദന്റെ ജന്മദിനമായ ജനുവരി 12നാണ് രാജ്യം യുവജനദിനം ആഘോഷിക്കുന്നതെന്ന് നിങ്ങൾക്കറിയാം. അടുത്ത വർഷം സ്വാമി വിവേകാനന്ദന്റെ 162ാം ജന്മവാർഷികമാണ്. ഇത്തവണ അത് വളരെ വിശേഷപ്പെട്ട രീതിയിലായിരിക്കും ആഘോഷിക്കുക. ഈ അവസരത്തിൽ, ജനുവരി 11, 12 തീയതികളിൽ ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ യുവജന ആശയങ്ങളുടെ മഹാകുംഭം നടക്കുകയാണ്, ഈ സംരംഭത്തിന്റെ പേര് വികസിത ഭാരതം യുവനേതാക്കളുടെ സംവാദം എന്നാണ്.

ആദ്യകാല കഥകൾ
**കല്യാണി**
**ഒടുവിൽ കുഞ്ഞുകൃഷ്ണൻ**

3

കൊല്ലം ഒന്നു കഴിഞ്ഞിരിയ്ക്കുന്നു, കൊച്ചപ്പൻ മിഡിൽ സ്കൂൾ പരീക്ഷ കഴിഞ്ഞ് സ്കൂൾ പൂട്ടി എത്തിയിരിയ്ക്കുന്നു. ഗോവിന്ദക്കുട്ടി മേന്നും ഗോപാലകൃഷ്ണമേന്നും കൂടി തന്റെ ഏകപുത്രന്റെ മരണവൃത്താന്തം പറഞ്ഞുകേൾപ്പിച്ചതിന്റെ പിറ്റേദിവസംതന്നെ മുജ്ജന്മാർജ്ജിത ദുരിതശാന്തിക്കുവേണ്ടി നടന്നു കാശിക്കു പുറപ്പെട്ട കൃഷ്ണമേന്റെ മരണത്തിനും അതുനിമിത്തമുണ്ടായ സകല കലാപങ്ങൾക്കും സാക്ഷിയായ ചന്ദ്രൻ ചുറ്റിത്തിരിഞ്ഞു വീണ്ടും പൂർവ്വസ്ഥാനത്തെ പ്രാപിച്ചിരിക്കുന്നു. കല്യാണിക്കുട്ടിയുടെ വ്യസനമാകുന്ന ചന്ദ്രനാകട്ടെ ക്ഷയവർത്തനകൾ കൂടാതെയും കളങ്കരഹിതനായും രാപ്പകൽ ഒരുപോലെ പരിപൂർണ്ണനായി ശോഭിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു.

4



ADDRESS OF **HIS HOLINESS POPE FRANCIS** TO PARTICIPANTS IN THE CONFERENCE COMMEMORATING THE CENTENARY OF THE FIRST "ALL RELIGIONS' CONFERENCE" ORGANIZED BY SREE NARAYANA GURU

**കോടതിക്കഥകൾ -21**

**മോനേ, ഈ ചതി മാതാപിതാക്കളോട് വേണ്ടാ.**

**അഡ്വ.വർഗീസ് പി.തോമസ്**



കേരളത്തിലെ ഒരു പ്രത്യേക ജില്ലയാണ് പത്തനംതിട്ട. അവിടെ മിക്ക ഭവനങ്ങളിലും ആൾതാമസമില്ല. ഉണ്ടെങ്കിൽ തന്നെ പ്രായമായ അപ്പനും അമ്മയും മാത്രം കഴിയുന്നു. ഇവരുടെ പിന്തുടർച്ചാവകാശികൾ കുടുംബത്തോടെ വിദേശങ്ങളിലാണ്. കാട്ടുകോഴിക്കെവിടാവാവും ശംക്രാന്തിയും എന്നു പറച്ചിലുണ്ടെങ്കിലും വാ വിനും ശംക്രാന്തിക്കും ഇവർ നാട്ടിലെ വീട്ടിലെത്തും. ഉടൻതന്നെ ഉല്ലാസയാത്രകൾ സംഘടിപ്പിക്കും. ആഹ്ലാദിച്ച് സന്തോഷിച്ച് അവധിക്കാലം അടിച്ചുപൊളിച്ച് സ്ഥലം വിടും.




7



11

DAYS AND DATES IN DECEMBER 2024


# ഭരണഘടനയുടെ ആമുഖം

ജസ്റ്റീസ് ശ്രീ. **ബാബു മാത്യു പി.ജോസഫ്**



**ഇ**ന്ത്യൻ ഭരണഘടന ഉണ്ടായതിന് ഒരു ചരിത്രമുണ്ട്. രണ്ടു നൂറ്റാണ്ടു കാലം നാം ബ്രിട്ടീഷുകാരുടെ അധീനതയിലായിരുന്നു. ആ ഭരണം ഇന്ത്യയ്ക്കു പലതും നഷ്ടമാക്കുന്നു, ലഭിക്കേണ്ടതു പലതും ഇല്ലാതാക്കുന്നു, തടയപ്പെടുന്നു. ഇതു കണ്ടിട്ട് ഭാരതം എന്റെ രാജ്യമാണ് എന്ന് അഭിമാനം




കൊള്ളുന്ന ദേശീയവാദികളായ മഹത്തുക്കൾ തങ്ങളുടെ സർവസ്വവും രാജ്യത്തിനുവേണ്ടി സമർപ്പിച്ചു. ഈ രാജ്യത്തുനിന്ന് ബ്രിട്ടീഷ് ആധിപത്യം ഇല്ലാതാക്കണം എന്നാഗ്രഹിച്ചു. പല ശ്രമങ്ങളും നടന്നു. 1857 ലെ സമരം പരാജയപ്പെട്ടു. നാം മഹാത്മാഗാന്ധി ഇന്ത്യയുടെ രാഷ്ട്രപിതാവ് എന്ന് നാം അംഗീകരിച്ച് ആദരിക്കുന്നു. തീർച്ചയായും ശരിയായ തീരുമാനവും ശരിയായ വണക്കവുമാണ് നാം അദ്ദേഹത്തിനു നൽകുന്നത്. എന്നാൽ അഗാധമായി ഒന്നുപരിശോധിച്ചാൽ ആധുനിക ഇന്ത്യയുടെ പിതാവ് എന്നു പറയാവുന്ന ഒരൊറ്റ വ്യക്തി ഏതെന്നു ചോദിച്ചാൽ അതിനുള്ള ഉത്തരം ബാലഗംഗാധര തിലകൻ എന്നാണ്.

'സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്, അതു ഞാൻ നേടുകതന്നെ ചെയ്യും' എന്നു പ്രഖ്യാപിക്കുകയും അല്പസ്വല്പം വിപ്ലവാത്മകമായ പ്രവർത്തനങ്ങളിലൂടെ ഇന്ത്യൻ നാഷണൽ കോൺഗ്രസിനെയും രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തെയും മുന്നോട്ടു കൊണ്ടുപോയ മഹാനായ വ്യക്തിയായിരുന്നു അദ്ദേഹം. അക്കാലത്ത് മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽ തന്റെ അംഹിസാ സിദ്ധാന്തവും പ്രത്യേകമായ നിരാഹാരത്തിൽ ഊന്നിയുള്ള സമരമാർഗ്ഗവും ആവിഷ്കരിച്ച് വിജയിച്ച് ലോകത്തിന്റെ മുന്നിൽ ഒരു മഹാവിപ്ലവകാരിയായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്ന കാലത്തായിരുന്നുഗാന്ധിജി ഇവിടേക്ക് വന്നത്. ദക്ഷിണാഫ്രിക്കയിൽ വരുത്തിയ വിപ്ലവകരമായ സഹന സമരത്തിലൂടെയും, അഹിംസയിലൂടെയും സത്യത്തിലൂടെയും സത്യഗ്രഹത്തിലൂടെയും കൈവരിച്ച നേട്ടം ഇന്ത്യയുടെ കൂടി നേട്ടമാകണം എന്നാഗ്രഹിച്ചതിന്റെ ഫലമായിട്ടാണ് ഗാന്ധിജിയെ ഇങ്ങോട്ടു ക്ഷണിച്ചത്. ഗാന്ധിജി ആ വിളികേട്ട് ബോംബെയിൽ വന്നു കപ്പലിറങ്ങി. കോൺഗ്രസിന്റെ നേതൃത്വം ഉടൻ ഏറ്റെടുക്കണമെന്ന് ഗാന്ധിജിയോട് ആവശ്യപ്പെട്ടു. പക്ഷെ, അദ്ദേഹം അതിനു കൂട്ടാക്കിയില്ല. സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ ഇറങ്ങുന്നതിനുമുമ്പ് ഇന്ത്യയെ അറിയണം എന്ന് ഗാന്ധിജി തീരുമാ നിച്ചു.

നാം ഇന്നു കരുതുന്നതല്ല അന്നത്തെ ഇന്ത്യ. ഇന്ത്യ എന്നു പറയുന്നത് നാനാത്വത്തിൽ ഏകത്വം എന്നൊ ക്കെ ശ്ലോകത്തിൽ കഴിക്കുന്നതുപോലെ, പാഠങ്ങളിലും പ്രസ്താവനകളിലും പ്രസംഗങ്ങളിലുമൊക്കെ പറയുന്നതുപോലെയല്ല. ലോകത്ത് എന്തെല്ലാം അനാചാരങ്ങളുണ്ടോ, എന്തെല്ലാം വ്യത്യാസങ്ങളുണ്ടോ, അവയെല്ലാം കുടികൊള്ളുന്ന ഒരു രാജ്യമാണ് ഇന്ത്യ. ഇന്ത്യയിൽ നാനാഭാഷ സംസാരിക്കുന്നവരുണ്ട്. ലിപികളുള്ള ഭാഷയുണ്ട്. ലിപിയില്ലാത്ത ഭാഷയുണ്ട്. ഉയരം കൂടിയ മനുഷ്യരുണ്ട്, ഉയരം കുറഞ്ഞ മനുഷ്യരുണ്ട്. മാംസാഹാരം കഴിക്കുന്നവരുണ്ട്, പച്ചക്കറി മാത്രം കഴിക്കുന്നവരുണ്ട്. രണ്ടും കഴിക്കുന്നവരുമുണ്ട്. മലമ്പ്രദേശങ്ങളിൽ അധിവസിക്കുന്നവരുണ്ട്, തീരപ്രദേശങ്ങളിൽ ജീവിക്കുന്നവരുണ്ട്,

➲8




**പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി 2024 നവംബർ 24ന് രാവിലെ 11 മണിയ്ക്ക് ആകാശവാണിയിലൂടെ നടത്തിയ പ്രക്ഷേപണത്തിന്റെ മലയാള പരിഭാഷ**




# മനസ്സ് പറയുന്നത്

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ.

മൻ കി ബാത്ത്എന്നാൽ രാജ്യത്തിന്റെ കൂട്ടായ പ്രവർത്തനങ്ങളെ കുറിച്ച് സംസാരിക്കുക, രാജ്യത്തിന്റെ നേട്ടങ്ങളെക്കുറിച്ച് സംസാരിക്കുക, ജനങ്ങളുടെ കഴിവുകളെക്കുറിച്ച് സംസാരിക്കുക, മൻ കി ബാത്ത്എന്നാൽ രാജ്യത്തെ യുവാക്കളുടെ സ്വപ്നങ്ങളെയും അഭിലാഷങ്ങളെയും കുറിച്ച് സംസാരിക്കുന്നു. രാജ്യത്തെ പൗരന്മാരുടെ ആഗ്രഹാഭിലാഷങ്ങൾ നിങ്ങളുമായി നേരിട്ട് ആശയവിനിമയം നടത്താൻ, മാസത്തിലുടനീളം ഞാൻ മൻ കി ബാത്തിന്വേണ്ടി കാത്തിരിക്കുന്നു. നിരവധി സന്ദേശങ്ങൾ, അനവധി സന്ദേശങ്ങൾ! കഴിയുന്നത്ര സന്ദേശങ്ങൾ വായിക്കാനും നിങ്ങളുടെ നിർദ്ദേശങ്ങളെ ക്കുറിച്ച് ചിന്തിക്കാനും ഞാൻ പരമാവധി ശ്രമിക്കുന്നു.

സുഹൃത്തുക്കളേ,

ഇന്ന് വളരെ വിശേഷപ്പെട്ട ദിവസമാണ് ഇന്ന് എൻ.സി.സി. ദിനമാണ്. എൻ.സി.സി.യുടെ പേര് വരുമ്പോൾ തന്നെ നമ്മുടെ സ്കൂൾ കോളേജ് കാലത്തെ ഓർമ്മ വരും. ഞാൻ തന്നെ ഒരു എൻ.സി.സി കേഡറ്റായിരുന്നു, അതിനാൽ അതിൽ നിന്ന് നേടിയ അനുഭവം എനിക്ക് വിലമതിക്കാനാവാത്തതാണെന്ന് പൂർണ്ണ ആത്മവിശ്വാസത്തോടെ എനിക്ക് പറയാൻ കഴിയും. എൻ.സി.സി.യുവാക്കളിൽ അച്ചടക്ക നേതൃത്വ സേവന മനോഭാവങ്ങൾ വളർത്തുന്നു. നിങ്ങൾ ചുറ്റുപാടും കണ്ടിട്ടുണ്ടാകണം, ഏത് ദുരന്തമുണ്ടായാലും, അത് വെള്ളപ്പൊക്ക സാഹചര്യമോ, ഭൂകമ്പമോ, ഏത് അപകടമോ ആകട്ടെ, സഹായിക്കാൻ തീർച്ചയായും എൻ.സി.സി കേഡറ്റുകൾ ഉണ്ടാകും. ഇന്ന് രാജ്യത്ത് എൻ.സി.സി.യെ ശക്തിപ്പെടുത്തുന്നതിനുള്ള നിരന്തര പ്രവർത്തനങ്ങളാണ് നടക്കുന്നത്. 2014ൽ, 14 ലക്ഷം യുവാക്കൾ എൻ. സി.സി.യിൽ ചേർന്നിരിക്കുന്നു. ഇപ്പോൾ 2024ൽ, 20 ലക്ഷത്തിലധികം യുവാക്കൾ എൻ.സി.സി.യിൽ ചേർന്നു. മുമ്പത്തെ അപേക്ഷിച്ച് ഇപ്പോൾ അയ്യായിരം പുതിയ സ്കൂളുകളിലും കോളേജുകളിലും എൻ.സി.സി. സൗകര്യമുണ്ട്, ഏറ്റവും വലിയ കാര്യം മുൻപൊക്കെ എൻ.സി.സി.യിലെ ഗേൾസ് കേഡറ്റുകളുടെ എണ്ണം 25 ശതമാനത്തിനടുത്തായിരുന്നു. ഇപ്പോൾ എൻ.സി. സി.യിലെ ഗേൾസ് കേഡറ്റുകളുടെ എണ്ണം ഏകദേശം 40% ആയി വർദ്ധിച്ചു. അതിർത്തിയിൽ താമസിക്കുന്ന കൂടുതൽ യുവാക്കളെ എൻ.സി.സി.യുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രചാരണവും തുടർച്ചയായി നടക്കുന്നുണ്ട്. പരമാവധിപേർ എൻ.സി.സി.യിൽ ചേരാൻ ഞാൻ യുവാക്കളോട് അഭ്യർത്ഥിക്കുന്നു. നിങ്ങൾ ഏത് കരിയർ പിന്തുടരുന്നുണ്ടെങ്കിലും, നിങ്ങളുടെ വ്യക്തിത്വം കെട്ടിപ്പടുക്കുന്നതിന് എൻ.സി.സി. വളരെയധികം സഹായിക്കുമെന്ന് നിങ്ങൾക്ക് ബോധ്യമാകും.

സുഹൃത്തുക്കളേ,

വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ യുവാക്കളുടെ പങ്ക് വളരെ വലുതാണ്. യുവമനസ്സുകൾ ഒത്തുചേരുകയും രാജ്യത്തിന്റെ ഭാവി യാത്രയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുമ്പോൾ, തീർച്ചയായും വ്യക്തമായ പാതകൾ തെളിഞ്ഞുവരും. സ്വാമി വിവേകാനന്ദന്റെ ജന്മദിനമായ ജനുവരി 12നാണ് രാജ്യം യുവജനദിനം ആഘോഷിക്കുന്നതെന്ന് നിങ്ങൾക്കറിയാം. അടുത്ത വർഷം സ്വാമി വിവേകാനന്ദന്റെ 162ാം ജന്മവാർഷികമാണ്. ഇത്തവണ അത് വളരെ വിശേഷപ്പെട്ട രീതിയിലായിരിക്കും ആഘോഷിക്കുക. ഈ അവസരത്തിൽ, ജനുവരി 11, 12 തീയതികളിൽ ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ യുവജന ആശയങ്ങളുടെ മഹാകുംഭം നടക്കുകയാണ്, ഈ സംരംഭത്തിന്റെ പേര് വികസിത ഭാരതം യുവനേതാക്കളുടെ സംവാദം എന്നാണ്.
ഇന്ത്യയുടെ നാനാഭാഗത്തുനിന്നും കോടിക്കണക്കിന് യുവജനങ്ങൾ ഇതിൽ പങ്കെടുക്കും. ഗ്രാമം, ബ്ലോക്ക്, ജില്ല, സംസ്ഥാനം എന്നിവിടങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട രണ്ടായിരം യുവാക്കൾ ഭാരത് മണ്ഡപത്തിൽ വികസിത ഭാരതം യുവനേതാക്കളുടെ സംവാദത്തിനായി ഒത്തുചേരും. രാഷ്ട്രീയ പശ്ചാത്തലമില്ലാത്ത ഒരു ലക്ഷം യുവാക്കളെ, പുതിയ യുവാക്കളെ രാഷ്ട്രീയവുമായി ബന്ധിപ്പിക്കാൻ, രാഷ്ട്രീയത്തിൽ ചേരാൻ ഞാൻ ചെങ്കോട്ടയുടെ കൊത്തളത്തിൽ നിന്ന് ആഹ്വാനം ചെയ്തത് നിങ്ങൾ ഓർക്കുന്നുണ്ടാവും. ഇതിനായി രാജ്യത്ത് വിവിധ പ്രത്യേക പ്രചാരണ പരിപാടികൾ നടത്തും. വികസിത ഭാരതം യുവനേതാക്കളുടെ സംവാദം ഇത്തരത്തിലുള്ള ഒരു ശ്രമമാണ്. ഭാരതത്തിൽ നിന്നും വിദേശത്തു നിന്നുമുള്ള വിദഗ്ധർ ഈ പരിപാടിയിൽ പങ്കെടുക്കും. നിരവധി ദേശീയ അന്തർദേശീയ പ്രമുഖരും പങ്കെടുക്കും. ഞാനും പരമാവധി അതിൽ ഉണ്ടാകും. യുവാക്കൾക്ക് അവരുടെ ആശയങ്ങൾ നേരിട്ട് നമുക്ക് മുന്നിൽ അവതരിപ്പിക്കാൻ അവസരം ലഭിക്കും. ഈ ആശയങ്ങളെ എങ്ങനെയാണ് രാജ്യത്തിന് മുന്നോട്ട് കൊണ്ടുപോകാൻ കഴിയുക? ഒരു കോൺക്രീറ്റ് റോഡ് മാപ്പ് എങ്ങനെ സൃഷ്ടിക്കാം? ഇതിനുള്ള രൂപരേഖ തയ്യാറാക്കും, അതിനാൽ തയ്യാറാകൂ, രാജ്യത്തിന്റെ ഭാവി തലമുറയായ ഭാരതത്തിന്റെ ഭാവി കെട്ടിപ്പടുക്കാൻ പോകുന്നവർക്ക് ഇതൊരു വലിയ അവസരമാണ്. നമുക്കൊരുമിച്ച് രാജ്യം കെട്ടിപ്പടുക്കാം, രാജ്യത്തെ വികസിപ്പിക്കാം.

**പലനഗരങ്ങളിലും യുവാക്കൾ മുതിർന്ന പൗരന്മാരെ ഡിജിറ്റൽ വിപ്ലവത്തിന്റെ ഭാഗമാക്കാൻ മുൻകൈയെടുക്കുന്നുണ്ട്. ഭോപാലിലെ മഹേഷ് തന്റെ ചുറ്റുവട്ടത്തുള്ള ധാരാളം പ്രായംചെന്ന ആൾക്കാരെ മൊബൈൽ ഉപയോഗിച്ച് പണമിടപാട് നടത്താൻ പഠിപ്പിച്ചു. ഇവരുടെയെല്ലാം കൈയിൽ സ്മാർട്ട് ഫോണുകൾ ഉണ്ടായിരുന്നെങ്കിലും അതിന്റെ ശരിയായ ഉപയോഗം പറഞ്ഞുകൊടുക്കാൻ ആരുമുണ്ടായിരുന്നില്ല. ഡിജിറ്റൽ അറസ്റ്റിന്റെ അപകടത്തിൽ നിന്ന് വയോജനങ്ങളെ രക്ഷിക്കാൻ യുവാക്കൾ മുന്നോട്ട് വന്നിട്ടുണ്ട്. അഹമ്മദാബാദിലെ രാജീവ് ആളുകളെ ഡിജിറ്റൽ അറസ്റ്റ് എന്ന അപകടത്തിൽനിന്ന് ഒഴിവാകാൻ വേണ്ട ബോധവൽക്കരണം നൽകുന്നു.**

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

മൻ കി ബാത്തിൽ നമ്മൾ പലപ്പോഴും ഇത്തരം യുവാക്കളെ കുറിച്ച് സംസാരിക്കാറുണ്ട്. നമുക്ക് ചുറ്റും നോക്കിയാൽ, കാണുന്നവരിൽ പലർക്കും ഏതെങ്കിലും രീതിയിലുള്ള സഹായമോ, വിവരങ്ങളോ ആവശ്യമുള്ളതായി കാണാം. നിസ്വാർത്ഥമായി സമൂഹത്തിന് വേണ്ടി പ്രവർത്തിക്കുകയും ജനങ്ങളുടെ ചെറിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുന്ന നിരവധി യുവാക്കൾ ഉണ്ട്. ചില യുവാക്കൾ ഒത്തുചേർന്ന് ഇത്തരം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ടെന്ന് അറിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്, ലഖ്നൗവിലെ താമസക്കാരൻ വീരേന്ദ്രൻ മുതിർന്ന പൗരന്മാർക്കായി ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് എടുത്തുകൊടുക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും അറിയാം നിയമപ്രകാരം എല്ലാ പെൻഷൻകാരും വർഷത്തിലൊരിക്കൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുണ്ട്. 2014 വരെ പ്രായമായവർ ലൈഫ് സർട്ടിഫിക്കറ്റ് നേരിട്ട് ബാങ്കുകളിൽ പോയി സമർപ്പിക്കണമായിരുന്നു. ഇത് പ്രായം ചെന്നവർക്ക് എത്രയേറെ ബുദ്ധിമുട്ടുണ്ടാക്കിയിരുന്നുവെന്ന് നിങ്ങൾക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഇപ്പോൾ ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് നൽകിക്കൊണ്ട് ഈ സമ്പ്രദായം മാറി. കാര്യങ്ങൾ കൂടുതൽ ലളിതമായി. അവർക്ക് ഇതിനായി ഇപ്പോൾ ബാങ്കുകളിലേയ്ക്ക് പോകേണ്ടതില്ല. സാങ്കേതികവിദ്യ പ്രയോഗിക്കുന്നതിൽ മുതിർന്ന പൌരന്മാർക്ക് ഉണ്ടാകുന്ന അസൗകര്യങ്ങൾ ഇല്ലാതാക്കുന്നതിൽ വീരേന്ദ്രനെപ്പോലുള്ള യുവാക്കൾക്കൊരു വലിയ പങ്കുണ്ട്. ഈ യുവാക്കൾ പ്രദേശത്തെ മുതിർന്നവരെ ബോധവൽക്കരിക്കുക മാത്രമല്ല സാങ്കേതികവിദ്യാനിപുണരാക്കുകയും ചെയ്യുന്നു. ഇത്തരം ശ്രമങ്ങളുടെ ഫലമായി ഇന്ന് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ലഭിച്ചവരുടെ എണ്ണം 80 ലക്ഷം കടന്നു. ഇവരിൽ രണ്ട് ലക്ഷത്തിലധികം പേർ 80 വയസ്സ് പിന്നിട്ട വയോധികരാണ്.

സുഹൃത്തുക്കളേ

പലനഗരങ്ങളിലും യുവാക്കൾ മുതിർന്ന പൗരന്മാരെ ഡിജിറ്റൽ വിപ്ലവത്തിന്റെ ഭാഗമാക്കാൻ മുൻകൈയെടുക്കുന്നുണ്ട്. ഭോപാലിലെ മഹേഷ് തന്റെ ചുറ്റുവട്ടത്തുള്ള ധാരാളം പ്രായംചെന്ന ആൾക്കാരെ മൊബൈൽ ഉപയോഗിച്ച് പണമിടപാട് നടത്താൻ പഠിപ്പിച്ചു. ഇവരുടെയെല്ലാം കൈയിൽ സ്മാർട്ട് ഫോണുകൾ ഉണ്ടായിരുന്നെങ്കിലും അതിന്റെ ശരിയായ ഉപയോഗം പറഞ്ഞുകൊടുക്കാൻ ആരുമുണ്ടായിരുന്നില്ല. ഡിജിറ്റൽ അറസ്റ്റിന്റെ അപകടത്തിൽ നിന്ന് വയോജനങ്ങളെ രക്ഷിക്കാൻ യുവാക്കൾ മുന്നോട്ട് വന്നിട്ടുണ്ട്. അഹമ്മദാബാദിലെ രാജീവ് ആളുകളെ ഡിജിറ്റൽ അറസ്റ്റ് എന്ന അപകടത്തിൽനിന്ന് ഒഴിവാകാൻ വേണ്ട ബോധവൽക്കരണം നൽകുന്നു. മൻ കി ബാത്തിന്റെ കഴിഞ്ഞ അദ്ധ്യായത്തിൽ ഞാൻ ഡിജിറ്റൽ അറസ്റ്റിനെക്കുറിച്ച് പറഞ്ഞിരുന്നു. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളുടെ ഏറ്റവും വലിയ ഇരകളാകുന്നത് ഏറ്റവും കൂടുതൽ മുതിർന്ന പൌരന്മാരാണ്. അതുകൊണ്ടു തന്നെ അവരെ ബോധവൽക്കരിക്കുകയും സൈബർ ചതിക്കുഴികളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതും അവരെ രക്ഷിക്കുന്നതും നമ്മുടെ ഉത്തരവാദിത്വമാണ്. ഡിജിറ്റൽ അറസ്റ്റ് എന്നൊരു കാര്യത്തിന് സർക്കാരിന് ഒരു സാധ്യതയുമില്ലായെന്ന് നമ്മൾ ആവർത്തിച്ച് പറഞ്ഞ് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇത് പച്ചക്കള്ളമാണ്, ആളുകളെ കുടുക്കാനുള്ള ഗൂഢാലോചനയാണ്. നമ്മുടെ യുവസുഹൃത്തുക്കൾ ഈ പ്രവർത്തനത്തിൽ പൂർണ്ണമായ സംവേദനക്ഷമതയോടെ പങ്കെടുക്കുകയും മറ്റുള്ളവർക്ക് പ്രചോദനം നൽകുകയും ചെയ്യുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

ഈ ദിവസങ്ങളിൽ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നിരവധി പരീക്ഷണങ്ങൾ നടക്കുന്നുണ്ട്. നമ്മുടെ കുട്ടികളിൽ സർഗ്ഗാത്മകത വർദ്ധിപ്പിക്കാനും പുസ്തകങ്ങളോടുള്ള സ്നേഹം വർദ്ധിപ്പിക്കാനുമാണ് ശ്രമം പുസ്തകങ്ങൾമനുഷ്യന്റെ ഉറ്റ ചങ്ങാതിയാണെന്ന് പറയപ്പെടുന്നു, ഇപ്പോൾ ഈ സൗഹൃദം ശക്തിപ്പെടുത്താൻ ലൈബ്രറിയേക്കാൾ മികച്ച സ്ഥലം എന്തായിരിക്കും? ചെന്നൈയിൽ നിന്നുള്ള ഒരു ഉദാഹരണം നിങ്ങളുമായി പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ കുട്ടികൾക്കായി ഒരു ലൈബ്രറി ഒരുക്കിയിട്ടുണ്ട്, അത് സർഗ്ഗാത്മകതയുടെയും പഠനത്തിന്റെയും കേന്ദ്രമായി മാറി. ഇത് പ്രകൃത് അറിവകംഎന്നറിയപ്പെടുന്നു. സാങ്കേതികവിദ്യയുടെ ലോകവുമായി ബന്ധപ്പെട്ട ശ്രീറാം ഗോപാലന്റെ ➲5

മലയാളത്തിലെ ആദ്യകാല കഥകൾ

# കല്യാണിക്കുട്ടി

**ഒടുവിൽ കുഞ്ഞുകൃഷ്ണൻ**

## ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ

(1045–1091)

തൃശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരിക്കടുത്ത് ഒടുവിൽ ഭവനത്തിൽ 1045 (തുലാം 10) ജനിച്ചു. എറണാകുളത്തും മദിരാശിയിലും പഠിച്ചു. 1069ൽ എഫ്.എ. പരീക്ഷ വിജയിച്ചു. രണ്ടു കൊല്ലം മിഡിൽ സ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. തുടർന്ന് തിരുവനന്തപുരം കോളേജിൽ ചേർന്ന് 1073ൽ ബി.ഏ.ബിരുദം നേടി. ആ വർഷം തന്നെ ഇട്യാണത്തു മൂകാംബിക അമ്മയെ വിവാഹം ചെയ്തു. ഏഴു വർഷത്തെ ദാമ്പത്യജീവിതം. അവരുടെ മരണത്തെ തുടർന്ന് തൃശൂർ ആളത്തു പുരുതൻ വീട്ടിൽ നാരായണിയമ്മയെ വിവാഹം ചെയ്തു. കഷ്ടിച്ച് ഒരുവർഷത്തെ ദാമ്പത്യം. മൂന്നാമതും വിവാഹിതനായി. പഴയന്നൂർ ആച്ചാട്ടിൽ കൊച്ചുകുട്ടിയമ്മയുടെ ഭർത്താവായി. അക്കാലത്ത് മലയാള മനോരമയിൽ ലേഖനങ്ങൾ എഴുതിയിരുന്നു. തിരുവനന്തപുരത്തുനിന്നും പ്രസിദ്ധീകരിച്ച 'കാമരാജൻ' പത്രത്തിന്റെ പ്രധാന ചുമതല വഹിച്ചു. ബി.ഏ. പരീക്ഷ ജയിച്ചതിനെ തുടർന്ന് കൊച്ചിയിൽ ഹജ്ജൂരാഫീസിൽ ഗുമസ്തനായി ജോലി ലഭിച്ചു. പിന്നീട് ചിറ്റൂർ തലപ്പള്ളി തൃശ്ശിവപേരൂർ എന്നീ താലൂക്കുകളിൽ സംപ്രതിയായി () ജോലി ചെയ്തു. അതിനുശേഷം കൊടുങ്ങല്ലൂർ തഹസീൽദാർ മജിസ്ട്രേറ്റായി. ഇരിങ്ങാലക്കുട, കൊച്ചി, എറണാകുളം എന്നീ താലൂക്കുകളിലും ജോലി ചെയ്തു. പ്രമേഹ രോഗബാധിതനായിരിക്കെ 1091 ഇടവം 5ന് അന്തരിച്ചു.

ചെറു പ്രായത്തിൽ തന്നെ കവിതകൾ എഴുതിത്തുടങ്ങി. 1068ൽ കോഴിക്കോട്ടു നടന്ന ഭാഷാപോഷിണി സഭയുടെ സമ്മേളനത്തിൽ കവിതാപരീക്ഷയിൽ പങ്കെടുത്തു വിജയിച്ചു. പദ്യമുക്തികൾ, വിനോദിനി, ലക്ഷ്മിവിലാസശതകം, അന്തർജ്ജനത്തിന്റെ അപരാധം, ഒരു പോലീസ് ഇൻസ്പെക്ടറുടെ വധം, ഒരു പതിവ്രതയുടെ കഥ, കംഭകോണയാത്ര, മദിരാശികടൽക്കര, അജാമിളമോക്ഷം വഞ്ചിപ്പാട്ട് എന്നിവയാണ് കൃതികൾ. കല്യാണിസൗഗന്ധികം എന്നൊരു പ്രഹസനവും എഴുതിയിട്ടുണ്ട്. കവിതാരാമായണവും ബന്ധപ്പെട്ട് മൂലൂർ എസ്. പദ്മനാഭപ്പണിക്കരുമായി നടത്തിയ സംവാദത്തിനു സ്വീകരിച്ചിരുന്ന പേര് 'ഹനുമാൻ' എന്നായിരുന്നു.

വിദ്യാവിനോദിനിയിലാണ് ആദ്യ ചെറുകഥ പ്രസിദ്ധീകരിച്ചത്. സാമുദായ പരാമർശത്തിലുള്ള കഥകളുടെ തുടക്കക്കാരനാണ്.

**2**

മദ്ധ്യഖണ്ഡം

കൊല്ലം ഒന്നു കഴിഞ്ഞിരിയ്ക്കുന്നു, കൊച്ചപ്പൻ മിഡിൽ സ്കൂൾ പരീക്ഷ കഴിഞ്ഞ് സ്കൂൾ പൂട്ടി എത്തിയിരിയ്ക്കുന്നു. ഗോവിന്ദക്കുട്ടി മേന്നും ഗോപാലകൃഷ്ണമേന്നും കൂടി തന്റെ ഏകപുത്രന്റെ മരണവൃത്താന്തം പറഞ്ഞു കേൾപ്പിച്ചതിന്റെ പിറ്റെദിവസംതന്നെ മുജ്ജന്മാർജ്ജിത ദുരിതശാന്തിക്കു വേണ്ടി നടന്നു കാശിക്കു പുറപ്പെട്ട കൃഷ്ണമേന്റെ മരണത്തിനും അതുനിമിത്തമുണ്ടായ സകല കലാപങ്ങൾക്കും സാക്ഷിയായ ചന്ദ്രൻ ചുറ്റിത്തിരിഞ്ഞു വീണ്ടും പൂർവ്വസ്ഥാനത്തെ പ്രാപിച്ചിരിക്കുന്നു. കല്യാണിക്കുട്ടിയുടെ വ്യസനമാകുന്ന ചന്ദ്രനാകട്ടെ ക്ഷയവർത്തനകൾ കൂടാതെയും കളങ്കരഹിതനായും രാപ്പകൽ ഒരുപോലെ പരിപൂർണ്ണനായി ശോഭിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. 'ആരെന്തു പറഞ്ഞാലും ഞാൻ സമ്മതിക്കില്ല' എന്നു കല്യാണിക്കുട്ടി കഴിഞ്ഞകൊല്ലം ഇക്കാലത്തു മനോരാജ്യത്തിൽപ്പറഞ്ഞ വാക്കുകൾക്കു അന്നുണ്ടായിരുന്ന ശക്തി ഇപ്പോഴും ഉണ്ടായിരിപ്പാൻ അവകാശമില്ലെങ്കിലും ആ സ്ത്രീ ആ വാക്കുകളെത്തന്നെ പ്രബലമായി പിടിച്ചിരിയ്ക്കുന്നു. കല്യാണിക്കുട്ടിയുടെ കന്യാവ്രതത്തെ ലംഘിപ്പാനായി അമ്മയും അമ്മായിയും കഴിയുന്നവിധത്തിലെല്ലാം ശ്രമിച്ചിട്ടും കല്യാണിക്കുട്ടി വഴിപ്പെടുന്നില്ല. സൗന്ദര്യം കൊണ്ടും വിദ്യകൊണ്ടും സൗശീല്യംകൊണ്ടും കൊച്ചുകൃഷ്ണമേനോൻ കല്യാണക്കുട്ടിയ്ക്കു അനുരൂപനായിരുന്നു എങ്കിലും ധനപുഷ്ടികൊണ്ടു അപ്രകാരമല്ലായിരുന്നതിനാൽ, കുഞ്ഞിക്കാവമ്മയ്ക്കു കൊച്ചുകൃഷ്ണമേനോൻ സംബന്ധം തുടങ്ങുന്നതിൽ അത്ര വലിയ ഭ്രമം ഉണ്ടായിരുന്നില്ല. എങ്കിലും മകളുടെ അത്യാസക്തി ഓർത്തു വിസമ്മതമുണ്ടായിരുന്നില്ല. കൊച്ചുകൃഷ്ണമേനോൻ മരിച്ചു രണ്ടു മാസം കഴിഞ്ഞപ്പോൾ കുഞ്ഞിക്കാവമ്മ കല്യാണിക്കുട്ടിയോടടുത്തു കൂടി സംബന്ധത്തെപ്പറ്റി കുറച്ചൊന്നു സൂചിപ്പിച്ചു പറഞ്ഞു. താൻ ഒരു കൊല്ലം കഴിഞ്ഞതിനുശേഷമല്ലാതെ ഇക്കാര്യത്തെപ്പറ്റി യാതൊന്നും കേൾക്കുന്നതല്ലെന്നു കല്യാണിക്കുട്ടി ഖണ്ഡിച്ചു പറകയാൽ കുഞ്ഞിക്കാവമ്മ അടങ്ങിപ്പോകേണ്ടിവന്നു. 'അവളോടാലോചിക്കല് ഒരുകൊല്ലം കഴിഞ്ഞിട്ടുമതി. മറ്റുള്ളവരോടൊക്കെ ആലോചിക്കാമല്ലൊ' എന്നും പറഞ്ഞ് ഓരോരുത്തരോടെല്ലാം ആലോചിച്ചുതുടങ്ങി. ആലോചനാസഭയിൽ പ്രധാന മെമ്പർ ഗോപാലമേന്റെ ഭാര്യ ലക്ഷ്മിക്കുട്ടിയമ്മയായിരുന്നു. കല്യാണിക്കുട്ടിയുടെ ഹിതം അറിയാതെ യാതൊരാലോചനയും നടത്തുന്നതു ഭംഗിയല്ലന്നായിരുന്നു ലക്ഷ്മിക്കുട്ടിയമ്മയുടെ അഭിപ്രായം. എങ്കിലും കുഞ്ഞിക്കാവമ്മയുടെ അത്യുത്സാഹം നിമിത്തം ആ ഭാഗത്തു ചേരേണ്ടിവന്നു. കുഞ്ഞിക്കാവമ്മയുടെ മോഹബാധ ആദ്യമായി ബാധിച്ചതു ഗോവിന്ദക്കുട്ടിമേന്നെയാണ്. ഗോവിന്ദക്കുട്ടിമേന്നു കല്യാണിക്കുട്ടിയെ വളരെ ഇഷ്ടമാണെന്നും അതിനാൽ സംബന്ധം തുടങ്ങാൻ വിരോധമുണ്ടാകയില്ലെന്നും ആയിരുന്നു കുഞ്ഞിക്കാവമ്മയുടെ വിശ്വാസം. എന്നാൽ സാധാരണ നാടന്മാരായ ആളുകളുടെ സ്വഭാവവും ഗോവിന്ദക്കുട്ടിമേന്റെ സ്വഭാവവും തമ്മിൽ വളരെ അന്തരമുണ്ടെന്നു കുഞ്ഞിക്കാവമ്മയ്ക്കു ദൂര മുഖത്തിൽ നിന്നറിവാറായി. എന്തെന്നാൽ ഗോവിന്ദക്കുട്ടിമേനോൻ പറഞ്ഞയച്ച മറുപടി താഴെ പറയും പ്രകാരമായിരുന്നു. 'കുഞ്ഞിക്കാവമ്മയ്ക്കു കുറേ കാര്യബോധമുണ്ടെന്നാണു ഞാൻ വിചാരിച്ചിരുന്നത്. പ്രാണസ്നേഹിതനായ കുട്ടൻ അന്തഃക്കരണ വിവാഹം കഴിച്ചുവെച്ചിരിക്കുന്ന കല്യാണിക്കുട്ടിയെ ഞാൻ സഹോദരി നിർവ്വിശേഷമായ സ്നേഹത്തോടുകൂടിയാണ് വിചാരിച്ചു വരുന്നത്. ആ സ്ത്രീയെ ഞാൻ സംബന്ധം ചെയ്യണമെന്നു പറഞ്ഞയച്ചതു വളരെ സാഹസമായിപ്പോയി. ഞാനെന്നല്ല, കുട്ടനോടുകൂടി ഒരു ദിവസം സഹവാസം ചെയ്കയോ അയാളുടെ സ്വഭാവഗുണത്തിന്റെ ഒരംശം മനസ്സിലാക്കയോ ചെയ്തിട്ടുള്ള യാതൊരുവനും ഈ പ്രവൃത്തിക്കു തുനിയുമെന്നു ഞാൻ വിചാരിക്കുന്നില്ല.'

**കൊച്ചുകൃഷ്ണമേനോന്റെ മരണാനന്തരം കല്യാണിക്കുട്ടിയുടെ ആകൃതിക്കും പ്രകൃതിക്കും വളരെ വ്യത്യാസം വന്നിട്ടുണ്ട്. രക്തപ്രസാദത്തോടുകൂടിയായിരുന്ന വെളുപ്പ് വിളർച്ചയായി തീർന്നിട്ടുണ്ട്. ദേഹത്തിനു കുറെ ചടപ്പും തട്ടീട്ടുണ്ട്. മുഖത്തു സദാ വ്യസനഭാവമേയുള്ളൂ. വ്രതങ്ങളായ വ്രതങ്ങളെല്ലാം അനുഷ്ഠിക്കാൻ തുടങ്ങിയിട്ടുണ്ട്. ഒരു മാസത്തിൽ ക്രമമായി ഊണുള്ള ദിവസം വളരെ കുറയും. നേരമ്പോക്കുകൾ പറവാനും ഉല്ലസിപ്പാനും തീരെ മോഹമില്ലാതായി. അമ്മയോടും, അമ്മാവനോടും അമ്മായിയോടും അത്യാവശ്യം വേണ്ട കാര്യങ്ങൾ സംസാരിക്കയും അവർ പറയുന്നതിനെ വളരെ ആദരവോടു കൂടി കേൾക്കയും ചെയ്യും.**

ഈ മറുപടി കിട്ടിയപ്പോൾ ഇനി ഈവകക്കാരോടു ആലോചിച്ചിട്ടു കാര്യമില്ലെന്നു കുഞ്ഞിക്കാവമ്മയ്ക്കു ബോദ്ധ്യമായി. പിന്നെ ആരാണു വേണ്ടത് എന്ന് ആലോചിച്ചിരിക്കുന്ന കാലത്തു തിരുവാഴിയാട്ടു ഭാസ്കരനുണ്ണിനായരുടെ ഒരാൾ നായർക്കു കല്യാണക്കുട്ടിയെ കൂടി സംബന്ധം തുടങ്ങിയാൽ കൊള്ളാമെന്നുള്ള വിവരം പറവാനും അതിനു സമ്മതമുണ്ടോ എന്നറിവാനുമായി പൂപ്പറമ്പിൽ വന്നെത്തി. ഭാസ്കരനുണ്ണിനായർ വലിയ ഒരു ജന്മിയും സ്ഥാനിയും തറവാട്ടിൽ കാരണവനുമാണ്. വയസ്സു മുപ്പതിൽ അധികമായിട്ടില്ല. ആൾ കണ്ടാൽ അതികോമളനാണ്. സ്വഭാവചാപല്യവും അധികമില്ല. കുഞ്ഞിക്കാവമ്മ ഇദ്ദേഹത്തെ തൃശ്ശൂർ പൂരത്തിൽവെച്ചു ഒരു കുറി കണ്ടിട്ടുണ്ട്. അതിനാൽ അദ്ദേഹത്തിന്റെ ആൾ വന്നപ്പോൾ കുഞ്ഞിക്കാവമ്മയ്ക്കു വലുതായ ഒരു ഭാരം ലഘുവായി തീർന്നതുപോലുള്ള ആശ്വാസം തോന്നി. തനിയ്ക്കീകാര്യം പൂർണ്ണ സമ്മതമാണെന്നും എന്നാൽ ഉടപ്പിറന്നവനോടും മറ്റും ആലോചിച്ചു വിവരം വഴിയെ അറിയിച്ചുകൊള്ളാമെന്നും പറഞ്ഞു വന്ന ആളെ അയച്ചു. വാത്സല്യഭാജനമായ മരുമകൾക്ക് അഹിതമായ ഒരു പ്രവൃത്തിയൊ ആലോചനയൊ ചെയ്യുന്നതു ഗോപാലമേന്നു പ്രാണ സങ്കടമായിരുന്നു. എന്നാലും കൊച്ചു കൃഷ്ണമേനോൻ മരിച്ചുപോയിരിക്കുന്ന സ്ഥിതിയ്ക്കു കല്യാണിക്കുട്ടി ഇങ്ങനെ വ്രതം പിടിച്ചിരിയ്ക്കുന്നതു അത്ര ആവശ്യമില്ലാത്തതാണെന്നും സന്തതിയ്ക്കു വേണ്ടിയെങ്കിലും ഒരാളെ സംബന്ധത്തിനു സ്വീകരിക്കേണ്ടതാണെന്നും കുഞ്ഞിക്കാവമ്മ ശാഠ്യം പിടിക്കുന്നത് അത്ര കഷ്ടമല്ലന്നുമായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അതുകൊണ്ടു ഭാസ്കരനുണ്ണി നായരുടെ കാര്യത്തെപ്പറ്റി അദ്ദേഹത്തിനോടു പറഞ്ഞപ്പോൾ കല്യാണിക്കുട്ടിയ്ക്കു സമ്മതമാണെങ്കിൽ തനിയ്ക്കു വിരോധമില്ലെന്ന് അദ്ദേഹം മറുപടി പറഞ്ഞു.

കൊച്ചുകൃഷ്ണമേനോന്റെ മരണാനന്തരം കല്യാണിക്കുട്ടിയുടെ ആകൃതിക്കും പ്രകൃതിക്കും വളരെ വ്യത്യാസം വന്നിട്ടുണ്ട്. രക്തപ്രസാദത്തോടു കൂടിയായിരുന്ന വെളുപ്പ് വിളർച്ചയായി തീർന്നിട്ടുണ്ട്. ദേഹത്തിനു കുറെ ചടപ്പും തട്ടീട്ടുണ്ട്. മുഖത്തു സദാ വ്യസനഭാവമേയുള്ളൂ. വ്രതങ്ങളായ വ്രതങ്ങളെല്ലാം അനുഷ്ഠിക്കാൻ തുടങ്ങിയിട്ടുണ്ട്. ഒരു മാസത്തിൽ ക്രമമായി ഊണുള്ള ദിവസം വളരെ കുറയും. നേരമ്പോക്കുകൾ പറവാനും ഉല്ലസിപ്പാനും തീരെ മോഹമില്ലാതായി. അമ്മയോടും, അമ്മാവനോടും അമ്മായിയോടും അത്യാവശ്യം വേണ്ട കാര്യങ്ങൾ സംസാരിക്കയും അവർ പറയുന്നതിനെ വളരെ ആദരവോടു കൂടി കേൾക്കയും ചെയ്യും. ഒരു കൊല്ലം കഴിഞ്ഞാൽ ഇതെല്ലാം ഭേദപ്പെടും എന്നൊരു സമാധാനമേ കുഞ്ഞിക്കാവമ്മയ്ക്കുണ്ടായിരുന്നുള്ളൂ. ധനു മാസം 4ന് ഒരു കൊല്ലം തികഞ്ഞു. കല്യാണിക്കുട്ടിക്കു യാതൊരു ഭേദഗതിയും വന്നിട്ടില്ല. ഭാസ്കരനുണ്ണിനായരുടെ ആൾ ദിവസന്തോറും വന്നു വർത്തമാനങ്ങൾ അറിഞ്ഞു പോവുന്നുണ്ട്. ഭാസ്കരനുണ്ണിനായരും ഒരു ഈശ്വരഭക്തനായി തീർന്നിട്ടുണ്ട്. കല്യാണിക്കുട്ടി തൊഴുവാൻ ചെല്ലുന്ന നേരത്തെല്ലാം ഭാസ്ക്കരനുണ്ണിനായരും അമ്പലത്തിൽ വാളും പരിചയും പരിചാരകന്മാരുമായി ഹാജരുണ്ട്. കല്യാണിക്കുട്ടി തന്റെ മുഖത്തൊന്നു നോക്കിയാൽ ജന്മസാഫല്യമായി എന്നു വിചാരിക്കത്തക്കവണ്ണമുള്ള ഭ്രാന്തിയും മൂപ്പരുടെ ഉള്ളിൽ കടന്നുകൂടീട്ടുണ്ട്. രണ്ടിലൊന്നു തീർച്ചപ്പെടുത്തണമെന്നു കുഞ്ഞിക്കാവമ്മയും നിശ്ചയിച്ചു. ഒരു ദിവസം കല്യാണിക്കുട്ടിയും ലക്ഷ്മിക്കുട്ടിയമ്മയും കുഞ്ഞിക്കാവമ്മയും കൂടി ഉച്ചക്കു ഉണ്ണുവാനിരിക്കുമ്പോൾ കുഞ്ഞിക്കാവമ്മ പതുക്കെ ഭാസ്കരനുണ്ണിനായരുടെ സംബന്ധക്കാര്യം എടുത്തിട്ടു. പുത്രന്മാരുണ്ടായാൽ ഇഹലോകത്തിലുള്ള സൗഖ്യത്തേയും സന്തതിയില്ലാതെ മരിച്ചുപോയാൽ പാരത്രികത്തിങ്കലുള്ള കഷ്ടാവസ്ഥയേയും മറ്റുംപറ്റി ചുരുക്കമായ ഒരു പ്രസംഗം കഴിച്ചതിനുശേഷം, കുഞ്ഞിക്കാവമ്മ '.... ലക്ഷ്മിക്കുട്ടീ! നീ ഭാസ്കരനുണ്ണിനായരെ കണ്ടിട്ടുണ്ടൊ?'

ലക്ഷ്മിക്കുട്ടി:- ഇല്ല. എന്നാൽ അതിസുന്ദരനാണെന്നു അദ്ദേഹം പറഞ്ഞു കേട്ടിട്ടുണ്ട്.

കുഞ്ഞി:- വലിയ ജന്മിയുമാണ്. സ്ഥാനനാമങ്ങളും ഒരുപാടുണ്ട്.

ലക്ഷ്മി:- അതും അദ്ദേഹം പറഞ്ഞിട്ടുണ്ട്.

കുഞ്ഞി:- ആകെപ്പാടെ നല്ല യോജിപ്പുണ്ടെന്നാണ് എന്റെ പക്ഷം. ഒരു കൊല്ലം കഴിഞ്ഞില്ലേ? ഇനി ഏതായാലും തിരുവാതിരക്കു മുമ്പായി മകയിരത്തിന്നാൾ തന്നെ കഴിഞ്ഞോട്ടെ എന്നാണ് വിചാരിക്കുന്നത്. അതല്ലേ നല്ലത്?

ലക്ഷ്മിക്കുട്ടിയമ്മ വലിയ അപകടസ്ഥിതിയിലായി. അനുസരണമായിട്ടൊരുത്തരം പറഞ്ഞില്ലെങ്കിൽ കുഞ്ഞിക്കാവമ്മ പാടല്ലാതെ മുഷിയും. അങ്ങിനെയൊരുത്തരം പറഞ്ഞാൽ കല്യാണിക്കുട്ടിക്കു രസമാവുമോ ഇല്ലയോ എന്നു സംശയം. എന്തായാലും കുറെക്കിടന്നു പരുങ്ങി മനസ്സില്ലാമനസ്സോടുകൂടി 'അതെ' എന്ന് ഒരുവിധത്തിൽ പറഞ്ഞുവിട്ടു.

തന്റെ മാതാവു ഉത്സാഹത്തോടും ദുഷ്ടവിചാരം കൂടാതെയും പറയുന്ന ഒരു കാര്യത്തിന് വെപ്പുകാരികൂടെ കേൾക്കെ വിരോധം പറയുവാനുള്ള മടികൊണ്ടോ, തടസ്സം പറയാൻ ന്യായമായ സമാധാനം ഒന്നും ഇല്ലാഞ്ഞിട്ടോ ഏതു വിധത്തിലെങ്കിലും ഈ സംബന്ധം നടക്കാതെ കഴിച്ചുകൊള്ളാമെന്നുള്ള ധൈര്യം കൊണ്ടോ അഥവാ നടന്നാലും ➲6

# ADDRESS OF HIS HOLINESS POPE FRANCIS TO PARTICIPANTS IN THE CONFERENCE COMMEMORATING THE CENTENARY OF THE FIRST "ALL RELIGIONS' CONFERENCE" ORGANIZED BY SREE NARAYANA GURU (1856-1928)



Respected Swamis of Sivagiri Mutt and followers of Sree Narayana Guru, Dear Friends

I am happy to welcome all of you, belonging to diverse religious traditions, who have come from Kerala, India, and from other parts of the world to celebrate the hundredth anniversary of the first "All Religions' Conference" organized by the spiritual leader and social reformer Sree Narayana Guru. I am pleased to know that you will be taking part in an Interreligious Conference organized – with the support of the Dicastery for Interreligious Dialogue – to commemorate this important event in the history of interreligious dialogue in India and in Asia. The theme chosen for the Conference, "Religions Together for a Better Humanity", is indeed quite relevant and important for our times.

Sree Narayana Guru dedicated his life to promoting a social and religious awakening by his clear message that all human beings, regardless of their ethnicity or their religious and cultural traditions, are members of the single human family. He insisted that there should be no discrimination against anyone in any way and at any level. His message is pertinent to our world today, where we witness growing instances of intolerance and hatred between peoples and nations. Sadly, displays of discrimination and exclusion, tensions and violence based differences of ethnic or social origin, race, colour, language and religion are a daily experience of many individuals and communities, most especially among the poor, the powerless and those without a voice.

In the Document on Human Fraternity for World Peace and Living Together which I signed along with the Grand Imam of Al-Azhar Ahmad Al-Tayyeb, we stated that God "has created all human beings equal in rights, duties and dignity, and has called them to live together as brothers and sisters" (Abu Dhabi, 4 February 2019). All religions teach the fundamental truth that as children of one God we must love and honour one another, respect diversities and differences in a spirit of fraternity and inclusion, and take care of each other and the earth, our common home. Failure to follow the noble teachings of religions is one of the causes responsible for the troubled situation in which our world finds itself today. Our contemporaries will rediscover the value of the lofty teachings of religious traditions only if we all strive to live by them and to cultivate fraternal and friendly relationships with everyone, with the sole aim of strengthening unity amid diversity, ensuring harmonious coexistence amid differences, and being peacemakers despite the difficulties and challenges we are bound to face.

As followers of our respective religious traditions, we ought always to cooperate with all people of good will in promoting "a culture of respect, dignity, compassion, reconciliation and fraternal solidarity" (Joint Declaration of Istiqlal, 5 September 2024). In this way, we can help to defeat the culture of individualism, exclusion, indifference and violence that sadly is spreading. Drawing from the spiritual truths and values that we have in common, yet firmly rooted in and committed to our own religious beliefs and convictions, may we walk together and work together to build a better humanity!

Dear friends, I thank you for your presence and for your commitment to dialogue and understanding between the followers of the different religions. In assuring you of my prayers, I would ask you, please, to remember me in your own.

## കോടതിക്കഥകൾ - 21

# മോനെ! ഈ ചതി മാതാപിതാക്കളോട് വേണ്ടാ...



അഡ്വ.വർഗീസ് പി. തോമസ്

**ഒ**ളിക്യാമറാ നിരീക്ഷണത്താൽ പീഡനമേറ്റ വയോധിക ദമ്പതികളുടെ ദീന രോദനമാണ് ഇതിലെ ആവിഷ്കാരവിഷയം. ഇപ്പോൾ എല്ലാ സ്ഥാപനങ്ങളുടെ മുൻപിലും വഴികളിലും എഴുതിക്കാണുന്ന മുന്നറിയിപ്പാണ് 'നിങ്ങൾ ക്യാമറാ നിരീക്ഷണത്തിലാണ്' അല്ലെങ്കിൽ 'യു ആർ അണ്ടർ സർവേലൻസ്.' ചുരുക്കിപ്പറഞ്ഞാൽ ആരുടെമേലും അനുവാദമില്ലാതെ അതീവ ജാഗ്രതയോടെ നിരീക്ഷണം നടത്തുന്നു. ഒളിക്യാമറാ വിവാദങ്ങൾ വല്ലപ്പോഴുമൊക്കെ ചർച്ചകളാകുന്നു.

കേരളത്തിലെ ഒരു പ്രത്യേക ജില്ലയാണ് പത്തനംതിട്ട. അവിടെ മിക്ക ഭവനങ്ങളിലും ആൾതാമസമില്ല. ഉണ്ടെങ്കിൽ തന്നെ പ്രായമായ അപ്പനും അമ്മയും മാത്രം കഴിയുന്നു. ഇവരുടെ പിന്തുടർച്ചാവകാശികൾ കുടുംബത്തോ ടെ വിദേശങ്ങളിലാണ്. കാട്ടുകോഴിക്കെവിടാ വാവും ശംക്രാന്തിയും എന്നു പറച്ചിലുണ്ടെങ്കിലും വാവിനും ശംക്രാന്തിക്കും ഇവർ നാട്ടിലെ വീട്ടിലെത്തും. ഉടൻതന്നെ ഉല്ലാസയാത്രകൾ സംഘടിപ്പിക്കും. ആഹ്ലാദിച്ച് സന്തോഷിച്ച് അവധിക്കാലം അടിച്ചുപൊളിച്ച് സ്ഥലം വിടും.

> **കേരളത്തിലെ ഒരു പ്രത്യേക ജില്ലയാണ് പത്തനംതിട്ട. അവിടെ മിക്ക ഭവനങ്ങളിലും ആൾതാമസമില്ല. ഉണ്ടെങ്കിൽ തന്നെ പ്രായമായ അപ്പനും അമ്മയും മാത്രം കഴിയുന്നു. ഇവരുടെ പിന്തുടർച്ചാവകാശികൾ കുടുംബത്തോടെ വിദേശങ്ങളിലാണ്. കാട്ടുകോഴിക്കെവിടാവാവും ശംക്രാന്തിയും എന്നു പറച്ചിലുണ്ടെങ്കിലും വാവിനും ശംക്രാന്തിക്കും ഇവർ നാട്ടിലെ വീട്ടിലെത്തും. ഉടൻതന്നെ ഉല്ലാസയാത്രകൾ സംഘടിപ്പിക്കും. ആഹ്ലാദിച്ച് സന്തോഷിച്ച് അവധിക്കാലം അടിച്ചുപൊളിച്ച് സ്ഥലം വിടും. തങ്ങൾക്കു ജന്മം നൽകി പരിപാലിച്ചു വളർത്തിയ മാതാപിതാക്കളെ പരിചരിച്ചോ സന്തോഷം നൽകിയോ അല്പസമയം ചെലവഴിക്കാൻ ഇവർക്കാകില്ല. അതുമൂലം വൃദ്ധസദനങ്ങളും സംരക്ഷണ ഭവനങ്ങളും തഴച്ചുവളരുന്നു. എന്തിന് ഒരു പ്രത്യേക സംസ്കാരത്തിന് രൂപവും ഭാവവും മധ്യതിരുവിതാംകൂറുകാർ ഉണ്ടാക്കി.**

തങ്ങൾക്കു ജന്മം നൽകി പരിപാലിച്ചു വളർത്തിയ മാതാപിതാക്കളെ പരിചരിച്ചോ സന്തോഷം നൽകിയോ അല്പ സമയം ചെലവഴിക്കാൻ ഇവർക്കാകില്ല. അതുമൂലം വൃദ്ധസദനങ്ങളും സംരക്ഷണ ഭവനങ്ങളും തഴച്ചുവളരുന്നു. എന്തിന് ഒരു പ്രത്യേക സംസ്കാരത്തിന് രൂപവും ഭാവവും മധ്യതിരുവിതാംകൂറുകാർ ഉണ്ടാക്കി.

ഇങ്ങനെയിരിക്കെ, വക്കീലിന്റെ സ്വദേശമായ മേപ്രായിൽ കുടനിലത്തിൽ മത്തായിയുടെ ഏകമകൻ ജോർജ് എൻജിനീയറിങ് പഠനം പൂർത്തിയാക്കി. അമേരിക്കൻ പൗരാവകാശം നേടിയ നഴ്സ് അന്നക്കുട്ടിയെ വിവാഹം ചെയ്തു. അങ്ങനെ ജോർ ജിനെ അന്നക്കുട്ടി സ്വന്തമാക്കി, അല്ല, സ്വകാര്യസ്വത്താക്കി. തുടർന്ന് ജോർജ് അമേരിക്കയിലേക്കു കുടിയേറി. ന്യൂയോർ ക്കിൽ കുടുംബസമേതമാണ് താമസം. കുടിയേറ്റമോഹമാണ് ജോർജിനെ ഈ വിവാഹത്തിലെത്തിച്ചത്.

ജോർജ് കൃശഗാത്രനും പതുങ്ങിയ സ്വഭാവക്കാരനും. എങ്ങനെയെങ്കിലും കുടും ബം പുലർത്തി മാതാപിതാക്കളെയും സംരക്ഷിച്ച് ജീവിക്കണമെന്ന മനോഭാവം. ആ കുലതയും വ്യാകുലതയും ഉള്ളിലൊതുക്കി കഴിയാൻ അതിമോഹം. അധികം ആരോടും ഇടപഴകാൻ താല്പര്യമില്ലാത്തവൻ. സുഹൃത്ശൃംഖല വറ്റിവരണ്ടത്. പൊതുവേദി പങ്കിടാൻ വിമുഖത. ശാന്ത സ്വഭാവം. എന്തിന് ഒരു ഗുമ്മില്ലാത്തവൻ എന്ന് ജോർജുമായി സംവദിക്കാൻ ഇടവരുന്ന സ്ത്രീകൾ വരെ പറയും.

നേരെ തിരിച്ചാണ് അന്നക്കുട്ടി. നീണ്ടകഴുത്തിനു മുകളിൽ തുടുത്ത മുഖമുള്ള വലിയ തല. ഉണ്ടക്കണ്ണ്, പറങ്കിപ്പഴംപോലെ നീണ്ട നാസിക, തടിച്ച ചുണ്ടുകൾ, കറുത്ത പുരികം, വിസ്താരമേറിയ നെറ്റിത്തടം. കമ്പിയുടെ ടെമ്പറുള്ള കാർകൂന്തൽ. മുടി ബോബും ചെയ്തിരിക്കുന്നു. നിറഞ്ഞ മാറിടം, വെള്ളായണി കാർഷിക കോളജിലെ പരീക്ഷണത്തിൽ ഇറക്കിയ പുതുപ്ലാവിലുണ്ടായ പൊന്തച്ചക്ക കണക്കെ നിതംബം.

പാഠം ഒന്ന്, ചോദ്യം: നിതംബം എന്നാലെന്തെന്ന് ആരെങ്കിലും ചോദിച്ചാൽ മനുഷ്യന്റെ ചന്തിയെന്നു നാട്ടുഭാഷയിൽ മറുപടി പറയും. ഇതിലെ പ്രധാന ഘടകം ഗ്ലൂട്ടസ് എന്ന മസിലാണ്. ഇരിക്കുമ്പോൾ ഒരു കുഷ്യൻ ഇഫക്റ്റിനു വേണ്ടി മാത്രം, അല്ലാതെ രാമനെഫക്റ്റ് അല്ല, ആ ഭാഗത്തു വളരെയധികം ഫാറ്റ് ഡെപ്പോസിറ്റ് ഉണ്ടാകും, പ്രകൃതിയുടെ ഒരു വികൃതിയേ!

പനംകുറ്റി കണക്കെ രണ്ടു കാലുകൾ. നിലംതല്ലിപോലുള്ള പാദങ്ങൾ. വേണമെങ്കിൽ ജോർജിനെ എളിയിൽ എടുത്ത മൈലുകൾ താണ്ടാൻ തക്ക ആർജവം മാത്രമല്ല ഊർജവുമുണ്ട്. ജോർജിനും അന്നക്കുട്ടിക്കും കാലാന്തരത്തിൽ മൂന്നു മക്കൾ പിറന്നു.

പതുക്കെ മത്തായിക്കും ഭാര്യക്കും പ്രായമേറിയപ്പോൾ, മകന്റെയും കുടുംബത്തിന്റെയും നാട്ടിലേക്കുള്ള വരവ് ക്രമാതീതമായി കുറഞ്ഞു. വരവുപോക്ക് വലിയ ചെലവാണെന്ന പരാതിമൂലം അതിന്റെ കാലദൈർഘ്യം കൂടി.

ജോർജിന്റെമേൽ അന്നക്കുട്ടി കാലക്രമത്തിൽ ആധിപത്യം സ്ഥാപിച്ചു. ഇച്ചായൻ എന്ന് വിളിക്കാൻ അദ്ദേഹം മോഹിച്ചെങ്കിലും, ന്യൂജൻ ആശയം ശീലിച്ച അന്നക്കുട്ടി എടാ, പോടാ, ജോർജെ! എന്ന് തുടക്കത്തിലേ പ്രയോഗിച്ചിരുന്നു. പൂർവിക പിതാവായ അബ്രഹാമിനെ സാറാ, യജമാനനെ എന്നല്ലെ വിളിച്ചിരുന്നതെന്ന് ജോർജ് മനസ്സിൽ കൊതിച്ചെങ്കിലും, മൗനം വിദ്വാൻ ഭൂഷണമാക്കി.

മകന് മാതാപിതാക്കളെ എങ്ങനെയെങ്കിലും ന്യൂയോർക്കിൽ ➲11




സംഭാവനയാണ് ഈ ലൈബ്രറിയുടെ ആശയം. വിദേശത്ത് ജോലി ചെയ്യുന്നതിനിടയിൽ, ഏറ്റവും പുതിയ സാങ്കേതികവിദ്യയുടെ ലോകവുമായി അദ്ദേഹം ബന്ധപ്പെട്ടു. പക്ഷേ, കുട്ടികളിൽ വായിക്കാനും പഠിക്കാനുമുള്ള ശീലം വളർത്തിയെടുക്കുന്നതിനെക്കുറിച്ച് അദ്ദേഹം ചിന്തിച്ചുകൊണ്ടിരുന്നു. ഭാരതത്തിൽ തിരിച്ചെത്തിയശേഷം അദ്ദേഹം പ്രകൃത് അറിവകംതയ്യാറാക്കി. കുട്ടികൾ വായിക്കാൻ മത്സരിക്കുന്ന മൂവായിരത്തിലധികം പുസ്തകങ്ങളുണ്ട്. പുസ്തകങ്ങൾക്ക് പുറമെ ഈ ലൈബ്രറിയിൽ നടക്കുന്ന നിരവധി പ്രവർത്തനങ്ങളും കുട്ടികളെ ആകർഷിക്കുന്നു. സ്റ്റോറി ടെല്ലിംഗ് സെഷനുകളോ ആർട്ട് വർ ക്ക് ഷോപ്പുകളോ മെമ്മറി പരിശീലന ക്ലാസുകളോ റോബോട്ടിക്സ് പാഠങ്ങളോ പബ്ലിക് സ്പീക്കിംഗോ ആകട്ടെ, എല്ലാവർക്കും ആസ്വദിക്കാൻ എന്തെങ്കിലും ഉണ്ട്.

സുഹൃത്തുക്കളേ,

ഫുഡ് ഫോർ തോട്ട്ഫൗണ്ടേഷൻ ഹൈദരാബാദിൽ നിരവധി മികച്ച ലൈബ്രറികൾ സൃഷ്ടിച്ചിട്ടുണ്ട്. കഴിയുന്നത്ര വിഷയങ്ങളെക്കുറിച്ചുള്ള കാര്യമായ വിവരങ്ങളുള്ള പുസ്തകങ്ങൾ കുട്ടികൾക്ക് വായിക്കാൻ കിട്ടുമെന്ന് ഉറപ്പാക്കാനാണ് അവരുടെ ശ്രമം. ബീഹാറിൽ ഗോപാൽഗഞ്ചിലെ പ്രയോഗ് ലൈബ്രറി സമീപ നഗരങ്ങളിൽ ചർച്ച ചെയ്യപ്പെടാൻ തുടങ്ങി. ഈ ലൈബ്രറിയിൽ നിന്ന് 12 ഓളം ഗ്രാമങ്ങളിലെ യുവാക്കൾക്ക് പുസ്തകങ്ങൾ വായിക്കാനുള്ള സൗകര്യം ലഭിച്ചു തുടങ്ങിയിട്ടുണ്ട്, ഇതോടൊപ്പം പഠനത്തിന് സഹായിക്കുന്നതിന് ആവശ്യമായ മറ്റ് സൗകര്യങ്ങളും ലൈബ്രറി ഒരുക്കുന്നുണ്ട്. മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് വളരെ ഉപയോഗപ്രദമായ ചില ലൈബ്രറികളുണ്ട്. സമൂഹത്തെ ശാക്തീകരിക്കുന്നതിന് ഇന്ന് ലൈബ്രറി വളരെ നന്നായി ഉപയോഗിക്കപ്പെടുന്നു എന്നത് ശരിക്കും സന്തോഷകരമാണ്. പുസ്തകങ്ങളുമായുള്ള നിങ്ങളുടെ സൗഹൃദം വർദ്ധിപ്പിക്കുക, നിങ്ങളുടെ ജീവിതം എങ്ങനെ മാറുന്നുവെന്ന് കാണുക.

**ഫുഡ് ഫോർ തോട്ട്ഫൗണ്ടേഷൻ ഹൈദരാബാദിൽ നിരവധി മികച്ച ലൈബ്രറികൾ സൃഷ്ടിച്ചിട്ടുണ്ട്. കഴിയുന്നത്ര വിഷയങ്ങളെക്കുറിച്ചുള്ള കാര്യമായ വിവരങ്ങളുള്ള പുസ്തകങ്ങൾ കുട്ടികൾക്ക് വായിക്കാൻ കിട്ടുമെന്ന് ഉറപ്പാക്കാനാണ് അവരുടെ ശ്രമം. ബീഹാറിൽ ഗോപാൽഗഞ്ചി ലെ പ്രയോഗ് ലൈബ്രറിസമീപ നഗരങ്ങളിൽ ചർച്ച ചെയ്യപ്പെടാൻ തുടങ്ങി. ഈ ലൈബ്രറിയിൽ നിന്ന് 12 ഓളം ഗ്രാമങ്ങളിലെ യുവാക്കൾക്ക് പുസ്തകങ്ങൾ വായിക്കാനുള്ള സൗകര്യം ലഭിച്ചു തുടങ്ങിയിട്ടുണ്ട്, ഇതോടൊപ്പം പഠനത്തിന് സഹായിക്കുന്നതിന് ആവശ്യമായ മറ്റ് സൗകര്യങ്ങളും ലൈബ്രറി ഒരുക്കുന്നുണ്ട്. മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് വളരെ ഉപയോഗപ്രദമായ ചില ലൈബ്രറികളുണ്ട്.**

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

ഞാൻ മെനിഞ്ഞാന്ന് രാത്രി തെക്കേ അമേരിക്കയിലെ ഗയാനയിൽ നിന്ന് മടങ്ങി. ഭാരതത്തിൽ നിന്ന് ആയിരക്കണക്കിന് കിലോമീറ്റർ അകലെ ഗയാനയിലും ഒരു മിനി ഭാരതംഉണ്ട്. ഏകദേശം 180 വർഷങ്ങൾക്ക് മുമ്പ്, ഭാരതത്തിൽ നിന്നുള്ള ആളുകളെ വയലുകളിലും മറ്റ് ജോലികൾക്കുമായി ഗയാനയിലേക്ക് കൊണ്ടുപോയി. ഇന്ന്, ഗയാനയിലെ ഭാരതവംശജരായ ആളുകൾ രാഷ്ട്രീയം, ബിസിനസ്സ്, വിദ്യാഭ്യാസം, സംസ്കാരം എന്നീ എല്ലാ മേഖലകളിലും ഗയാനയെ നയിക്കുന്നു.ഗയാന പ്രസിഡന്റ് ഡോ. ഇർഫാൻ അലിയും ഭാരത വംശജനാണ്, ഭാരത പൈതൃകത്തിൽ അദ്ദേഹം അഭിമാനിക്കുന്നു. ഞാൻ ഗയാനയിൽ ആയിരുന്നപ്പോൾ, എന്റെ മനസ്സിൽ ഒരു ചിന്ത വന്നു അത് ഞാൻ നിങ്ങളുമായി മൻ കി ബാത്തിൽപങ്കിടുന്നു. ഗയാനയെപ്പോലെ, ലോകത്തിലെ ഡസൻ കണക്കിന് രാജ്യങ്ങളിൽ ലക്ഷക്കണക്കിന് ഭാരതീയരുണ്ട്. അവരുടെ പൂർവ്വികർക്ക് പതിറ്റാണ്ടുകൾക്ക് മുമ്പ്, 200–300 വർഷങ്ങൾക്ക് മുമ്പുള്ള സ്വന്തം കഥകളുണ്ട്. വിവിധ രാജ്യങ്ങളിൽ ഭാരത കുടിയേറ്റക്കാർ തങ്ങളുടെ മുദ്ര പതിപ്പിച്ചതിന്റെ കഥകൾ നിങ്ങൾക്ക് കണ്ടെത്താൻ കഴിയുമോ! അവിടെനിന്ന് അവർ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തതെങ്ങനെ!എങ്ങനെയാണ് അവർ തങ്ങളുടെ ഭാരത പൈതൃകം നിലനിർത്തിയത്? നിങ്ങൾ അത്തരം യഥാർത്ഥ കഥകൾ കണ്ടെത്തി പങ്കിടണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. IndianDiasporaStoriesമായി NaMo B-¸ntem MyGovലോ നിങ്ങൾക്ക് ഈ സ്റ്റോറികൾ പങ്കിടാം.

സുഹൃത്തുക്കളേ,

ഒമാനിൽ നടക്കുന്ന അസാധാരണമായ ഒരു പ്രോജക്റ്റിനെ കുറിച്ചറിഞ്ഞാൽ നിങ്ങൾക്ക് വളരെ രസകരമായി തോന്നും. ഒമാനിൽ നിരവധി ഭാരത കുടുംബങ്ങൾ നൂറ്റാണ്ടുകളായി താമസിക്കുന്നുണ്ട്. ഇവരിൽ ഭൂരിഭാഗവും ഗുജറാത്തിലെ കച്ചിൽ നിന്ന് സ്ഥിരതാമസമാക്കിയവരാണ്. ഈ ആളുകൾ വ്യാപാരത്തിന്റെ പ്രധാന കണ്ണികൾ സൃഷ്ടിച്ചു. ഇന്നും അവർക്ക് ഒമാനി പൗരത്വമുണ്ട്, പക്ഷേ അവരുടെ സിരകളിൽ ഭാരതീയത രൂഢമൂലമാണ്. ഒമാനിലെ ഭാരത എംബസിയുടെയും നാഷണൽ ആർക്കൈവ്സ് ഓഫ് ഇന്ത്യയുടെയും സഹകരണത്തോടെ ഒരു സംഘം, ഈ കുടുംബങ്ങളുടെ ചരിത്രം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ആയിരക്കണക്കിന് രേഖകളാണ് ഈ കാമ്പയിന് കീഴിൽ ഇതുവരെ ശേഖരിച്ചത്. ഡയറി, അക്കൗണ്ട് ബുക്ക്, ലെഡ്ജറുകൾ, കത്തുകൾ, ടെലിഗ്രാമുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ രേഖകളിൽ ചിലത് 1838 മുതലുള്ളവയാണ്. ഈ രേഖകൾ ഏറെ വൈകാരികത നിറഞ്ഞതാണ്. വർഷങ്ങൾക്കു മുമ്പ് അവർ ഒമാനിൽ എത്തിയപ്പോൾ അവർ നയിച്ച ജീവിതം, അവർ എന്തെല്ലാം സന്തോഷങ്ങളും സങ്കടങ്ങളും നേരിട്ടു, ഒമാനിലെ ജനങ്ങളുമായുള്ള അവരുടെ ബന്ധം എങ്ങനെയായിരുന്നു ഇതെല്ലാം ഈ രേഖകളുടെ ഭാഗമാണ്. Oral History Project' ഈ ദൗത്യത്തിന്റെ ഒരു പ്രധാന അടിത്തറയാണ്. അവിടെയുള്ള മുതിർന്ന ആളുകൾ ഈ ദൗത്യത്തിലെ അനുഭവങ്ങൾ പങ്കുവെച്ചിട്ടുണ്ട്. ആളുകൾ അവിടെ താമസിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രോജക്റ്റിന്റെ ഭാഗമായി വിശദമാക്കിയിട്ടുണ്ട്.

സുഹൃത്തുക്കളേ,

സമാനമായ ഒരു Oral History Projectഭാരതത്തിലും നടക്കുന്നുണ്ട്. രാജ്യ വിഭജന കാലത്തെ ഇരകളുടെ അനുഭവങ്ങളാണ് ഈ പദ്ധതിക്ക് കീഴിൽ ചരിത്രസ്നേഹികൾ ശേഖരിക്കുന്നത്. ഇപ്പോൾ വിഭജനത്തിന്റെ ഭീകരത കണ്ടവർ വളരെ കുറച്ചുപേർ മാത്രമേ രാജ്യത്ത് അവശേഷിക്കുന്നുള്ളൂ. ഇത്തരമൊരു സാഹചര്യത്തിൽ ഈ ശ്രമത്തിന് കൂടുതൽ പ്രാധാന്യമുണ്ട്.

സുഹൃത്തുക്കളേ,

ഏത് രാജ്യമാണോ, ഏത് സ്ഥലമാണോ, അതിന്റെ ചരിത്രം സംരക്ഷിക്കുന്നത്, അതിന്റെ ഭാവിയും സുരക്ഷിതമാണ്. ഈ ചിന്ത മനസ്സിൽ വെച്ചുകൊണ്ട്, ഗ്രാമങ്ങളുടെ ചരിത്രം സംരക്ഷിക്കുന്നതിനായി ഒരു ഡയറക്ടറി സൃഷ്ടിക്കുന്നതിനുള്ള ഒരു ശ്രമം നടന്നു. ഭാരതത്തിന്റെ പുരാതന കടൽ യാത്രാ ശേഷിയുമായി ബന്ധപ്പെട്ട തെളിവുകൾ സംരക്ഷിക്കുന്നതിനുള്ള പ്രചാരണവും രാജ്യത്ത് നടക്കുന്നു. ഇത് കൂടാതെ ലോത്തലിൽ ഒരു വലിയ മ്യൂസിയം നിർമ്മിക്കുന്നുണ്ട്. നിങ്ങളുടെ അറിവിൽ ഏതെങ്കിലും കൈയ്യെഴുത്തുപ്രതിയോ, ചരിത്രരേഖയോ, കൈയെഴുത്തു പകർപ്പോ ഉണ്ടെങ്കിൽ നാഷണൽ ആർക്കൈവ്സ് ഓഫ് ഇന്ത്യയുടെ സ ഹായത്തോടെ അവ സുരക്ഷിതമാക്കാം.

സുഹൃത്തുക്കളേ,

നമ്മുടെ സംസ്കാരം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്ലൊവാക്യയിൽ നടക്കുന്ന മറ്റൊരു ശ്രമത്തെക്കുറിച്ച് ഞാൻ അറിഞ്ഞു. ഇവിടെ ആദ്യമായി നമ്മുടെ ഉപനിഷത്തുകൾ സ്ലോവാക് ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നു. ഈ ശ്രമങ്ങൾ ഭാരത സംസ്കാരത്തിന്റെ ആഗോള സ്വാധീനം വെളിപ്പെടുത്തുന്നു. ലോകമെമ്പാടുമുള്ള കോടിക്കണക്കിന് ആളുകൾ, അവരുടെ ഹൃദയങ്ങളിൽ ഭാരതം വസിക്കുന്നു എന്നത് നമുക്കെല്ലാവർക്കും അഭിമാനകരമാണ്.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

നിങ്ങൾ കേൾക്കുമ്പോൾ സന്തോഷവും അഭിമാനവും തോന്നുന്ന രാജ്യത്തിന്റെ അത്തരമൊരു നേട്ടം നിങ്ങളുമായി പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്നു, നിങ്ങൾ അത് ചെയ്തില്ലെങ്കിൽ, ഒരുപക്ഷേ ഖേദിച്ചേക്കാം. ഏതാനും മാസങ്ങൾക്കുമുമ്പ് ഞങ്ങൾ ഏക് പേട് മാം കെ നാംഎന്ന കാമ്പയിൻ ആരംഭിച്ചിരുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആളുകൾ ഈ കാമ്പയിനിൽ വളരെ ആവേശത്തോടെ പങ്കെടുത്തു. ഈ കാമ്പയിൻ 100 കോടി മരങ്ങൾ നട്ടുപിടിപ്പിക്കുക എന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടു എന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. നൂറു കോടി മരങ്ങൾ, അതും വെറും അഞ്ച് മാസത്തിനുള്ളിൽ ഇത് സാധ്യമായത് നമ്മുടെ നാട്ടുകാരുടെ അശ്രാന്ത പരിശ്രമം കൊണ്ടാണ്. ഇതുമായി ബന്ധപ്പെട്ട ഒരു കാര്യം കൂടി അറിയുമ്പോൾ നിങ്ങൾ അഭിമാനിക്കും. ഏക് പേട് മാം കെ നാം എന്ന കാമ്പയിൻ ഇപ്പോൾ ലോകത്തിലെ മറ്റു രാജ്യങ്ങളിലും വ്യാപിക്കുകയാണ്. ഞാൻ ഗയാനയിലായിരുന്നപ്പോൾ അവിടെയും ഈ പ്രചാരണത്തിന് സാക്ഷിയായി. അവിടെ ഗയാന പ്രസിഡന്റ് ഡോ. ഇർഫാൻ അലിയും അദ്ദേഹത്തിന്റെ ഭാര്യയുടെ അമ്മയും കുടുംബത്തിലെ മറ്റുള്ളവരും ചേർന്ന് ഏക് പേട് മാം കെ നാംഎന്ന കാമ്പെയ്നിൽ എന്നോടൊപ്പം ചേർന്നു.

സുഹൃത്തുക്കളേ,

ഈ പ്രചാരണം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടർച്ചയായി നടക്കുന്നു. ഏക് പേട് മാം കെ നാംകാമ്പെയ്നിന് കീഴിൽ, മധ്യപ്രദേശിലെ ഇൻഡോറിൽ മരങ്ങൾ നട്ടുപിടിപ്പിച്ചതിൽ ഒരു റെക്കോർഡ് സൃഷ്ടിച്ചു 24 മണിക്കൂറിനുള്ളിൽ 12 ലക്ഷത്തിലധികം മരങ്ങൾ ഇവിടെ നട്ടുപിടിപ്പിച്ചു. ഈ പ്രചാരണം കാരണം, ഇൻഡോറിലെ രേവതി ഹിൽസിലെ തരിശായ പ്രദേശങ്ങൾ ഇപ്പോൾ ഗ്രീൻ സോണായി മാറും. രാജസ്ഥാനിലെ ജയ്സാൽമീറിൽ ഈ കാമ്പെയ്ൻ ഒരു അദ്വിതീയ റെക്കോർഡ് സൃഷ്ടിച്ചു ഇവിടെ ഒരു സംഘം സ്ത്രീകൾ ഒരു മണിക്കൂറിനുള്ളിൽ ഇരുപത്തയ്യായിരം മരങ്ങൾ നട്ടു. അമ്മമാർ അവരുടെ അമ്മമാരുടെ പേരിൽ മരങ്ങൾ നട്ടുപിടിപ്പിക്കുകയും മറ്റുള്ളവർക്ക് പ്രചോദനം നൽകുകയും ചെയ്തു. ഇവിടെ, അയ്യായിരത്തിലധികം ആളുകൾ ഒരുമിച്ച് ഒരിടത്ത് മരങ്ങൾ നട്ടു ഇതും ഒരു റെക്കോർഡാണ്.ഏക് പേട് മാം കെ നാംഎന്ന കാമ്പയിന് കീഴിൽ നിരവധി സാമൂഹിക സംഘടനകൾ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് മരങ്ങൾ നട്ടുപിടിപ്പിക്കുന്നുണ്ട്. മരങ്ങൾ നട്ടുപിടിപ്പിക്കുന്നിടത്തെല്ലാം പരിസ്ഥിതി സൗഹൃദമായ രീതിയിൽ ഒരു സമ്പൂർണ്ണ പരിസ്ഥിതി വ്യവസ്ഥ വികസിക്കണമെന്ന് ഉറപ്പാക്കാനാണ് സംഘടനകളുടെ ശ്രമം. അതുകൊണ്ടാണ് ഈ സംഘടനകൾ ചിലയിടങ്ങളിൽ ഔഷധച്ചെടികൾ നട്ടുപിടിപ്പിച്ച് പക്ഷികൾക്ക് കൂടുണ്ടാക്കാൻ മരങ്ങൾ നട്ടുപിടിപ്പിക്കുന്നത്. ബീഹാറിൽ 75 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാൻ ജീവിക സ്വയം സഹായ സംഘത്തിലെ സ്ത്രീകൾ ക്യാമ്പയിൻ നടത്തുന്നു. ഈ സ്ത്രീകളുടെ ശ്രദ്ധ ഫലവൃക്ഷങ്ങളിലാണ്, അതുവഴി അവർക്ക് ഭാവിയിൽ വരുമാനം നേടാനാകും.

➲12

മലയാളത്തിലെ ആദ്യകാല കഥകൾ

# കല്യാണിക്കുട്ടി

**ഒടുവിൽ കുഞ്ഞുകൃഷ്ണൻ**

സംബന്ധം തുടങ്ങിയവരും തുടങ്ങിച്ചവരും വിഡ്ഢികളാകത്തക്കവണ്ണം പൊരുതി നിൽക്കാമെന്നു വിചാരിച്ചിട്ടോ അതോ സംബന്ധകാര്യത്തിൽ തനിക്കു വിരോധമില്ലാഞ്ഞിട്ടോ എന്തോ കല്യാണിക്കുട്ടി ഒരക്ഷരംപോലും മിണ്ടിയില്ല. കുഞ്ഞിക്കാവമ്മക്കും ലക്ഷ്മിക്കുട്ടിയമ്മയ്ക്കും കാണത്തക്കവണ്ണമായ ഒരു ഭാവഭേദമുണ്ടായില്ല. എന്നാൽ ഇങ്ങനെയൊരു വർത്തമാനം പറയാതിരിക്കുന്നതാണു തനിക്കു അധികം സന്തോഷം എന്നു നല്ല നോട്ടമുള്ളവർക്കു കല്യാണിക്കുട്ടിയുടെ മുഖത്തു വ്യക്തമായി കാണാമായിരുന്നു. 'ഒരു കൊല്ലം കഴിഞ്ഞില്ലേ' എന്നു കുഞ്ഞിക്കാവമ്മ പറഞ്ഞപ്പോൾ യാതൊരു സംഭവത്തിനു ശേഷമാണോ ഒരു കൊല്ലം കഴിഞ്ഞത് ആ സംഭവത്തിന്റെ ഓർമ്മ വന്നിട്ടോ, എന്തോ കല്യാണക്കുട്ടിയുടെ മുഖത്ത് അതികലശലായ ഒരു വൈവർണ്യമുണ്ടായി. എന്നാൽ അത് ഒരു നിമിഷം മാത്രമേ നിലനിന്നുള്ളൂ. കല്യാണിക്കുട്ടിയുടെ മൗനം കുഞ്ഞിക്കാവമ്മ അനുവാദമായി വ്യാഖ്യാനിക്കുകയും ധനുമാസം 20-ാം തീയതി വ്യാഴാഴ്ച മകയിരം ദിവസം സംബന്ധം നിശ്ചയിച്ചു വിവരം ഭാസ്കരനുണ്ണിനായർക്കു അറിവു കൊടുക്കുകയും ചെയ്തു. ഇരുപതാം തീയതി. കുഞ്ഞിക്കാവമ്മ കാലത്തു നാലുമണിക്കെഴുന്നേറ്റു ശ്രമം തുടങ്ങി. ഇനി അടുത്ത കാലത്തെങ്ങും ഇതുമാതിരിയുള്ള അടിയന്തിരത്തിനു സംഗതിയില്ലാത്തതിനാൽ സദ്യ കുറെ ഭേദമായി കഴിക്കണമെന്നായിരുന്നു കുഞ്ഞിക്കാവമ്മയുടെ സിദ്ധാന്തം. സദ്യക്കാവശ്യമുള്ള സാധനങ്ങളെല്ലാം മുമ്പിൽ കൂട്ടിത്തന്നെ ഒരുക്കിയിരുന്നു. ഉപ്പേരി, വറവു, ഉപ്പിലിട്ടതുണ്ടാക്കൽ, കാളൻവെപ്പ് ഇതെല്ലാം ഉച്ചക്കു മുമ്പായിത്തന്നെ കഴിഞ്ഞു. ഉച്ചതിരിഞ്ഞപ്പോൾ മറ്റുള്ള ശ്രമങ്ങളായി. കുഞ്ഞിക്കാവമ്മ വെപ്പുകാരിൽ പ്രമാണിയെ വിളിച്ചു ഇങ്ങനെ പറഞ്ഞു.

'ശുപ്പുപ്പട്ടരേ, എല്ലാറ്റിനും ഭാരം അങ്ങേയ്ക്കാണ്. എല്ലാം വിശേഷമാകണം. വരുന്ന ആൾ ഉപായിയല്ല. ഞങ്ങൾ തരുന്ന ദേഹണ്ണപ്പണത്തിനു പുറമെ ദക്ഷിണയും കൂടി.'

ശുപ്പുപ്പട്ടർ സന്തോഷത്തോടുകൂടി 'അതെല്ലാം നാങ്കൾ ഏത്തോം. വാങ്കാവിടിക്ക് വിടുവോമാ' എന്നു മറുപടി പറഞ്ഞു.

പൂപ്പറമ്പിൽ ഇങ്ങനെ സദ്യശ്രമം തകൃതികുലുക്കുമ്പോൾ തിരുവഴിയാട്ടും അമാന്തമായിരിക്കുന്നില്ല. 'ഈ കഴുതകൾ മെനങ്ങാക്കള്ളന്മാരാണ്. വാളങ്ങിനെ വെള്ളിപോലെ വിളങ്ങണം. ഇതെന്തു ചായമാണെടാ. ഇതിലും ചുകന്ന ചായം എങ്ങും കിട്ടില്ലേ? ഓരോ പരിചയും ഓരോ സൂര്യബിംബം പോലെ ആയിട്ടില്ലെങ്കിൽ കഴുവേറികളെ കുടിയിറക്കി അയച്ചേക്കാം. തനിക്കു തുന്നക്കാരൻ എന്നു പേരിട്ടത് ആരാണ്? ഒരു നീരാളം വെച്ചുകുത്താൻ ഇത്ര താമസം വേണോ?' എന്നിങ്ങനെ ഓരോരുത്തന്റെ അടുക്കലെത്തി ഭാസ്കരനുണ്ണിനായർ ലഹള കൂട്ടുന്നു. ചിലർ ദീപയഷ്ടികൾ തയാറാക്കുന്നു. ചിലർ മഞ്ചലിന്റെ തണ്ടുകൾ തുടയ്ക്കുന്നു. ചിലർ വെറ്റിലക്കെട്ടു എണ്ണുന്നു. കാര്യസ്ഥന്മാരും കണക്കെഴുത്തുകാരും ഭൃത്യന്മാരും അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു. ഈ വിശേഷരാത്രിയിലെ സംഭവങ്ങളൊന്നും തനിക്കു കാണാൻ സംഗതിയില്ലല്ലോ എന്നു വിചാരിച്ചു വ്യസനത്തോടുകൂടി എന്നവണ്ണം സൂര്യൻ മേഘച്ഛന്നനായി ചരമഗിരിയെ പ്രാപിച്ചു. സച്ചിദാനന്ദ സ്വരൂപനായ ഭഗവാന്റെ നോട്ടം രാപ്പകൽ ഇടവിടാതെ ലോകത്തിലുണ്ടെന്നു കാണിപ്പാനെന്നവണ്ണം ഒരു കണ്ണുമറഞ്ഞപ്പോൾ മറ്റെക്കണ്ണായ ചന്ദ്രൻ പൂർണ്ണനായി ശോഭിക്കയും ചെയ്തു. കല്യാണക്കുട്ടി പതിവുപോലെ മേൽ കഴുകി തൊഴുവാനുള്ള പുറപ്പാടായി.

**പൂപ്പറമ്പിൽ ഇങ്ങനെ സദ്യശ്രമം തകൃതികുലുക്കുമ്പോൾ തിരുവഴിയാട്ടും അമാന്തമായിരിക്കുന്നില്ല. 'ഈ കഴുതകൾ മെനങ്ങാക്കള്ളന്മാരാണ്. വാളങ്ങിനെ വെള്ളിപോലെ വിളങ്ങണം. ഇതെന്തു ചായമാണെടാ. ഇതിലും ചുകന്ന ചായം എങ്ങും കിട്ടില്ലേ? ഓരോ പരിചയും ഓരോ സൂര്യബിംബം പോലെ ആയിട്ടില്ലെങ്കിൽ കഴുവേറികളെ കുടിയിറക്കി അയച്ചേക്കാം. തനിക്കു തുന്നക്കാരൻ എന്നു പേരിട്ടത് ആരാണ്? ഒരു നീരാളം വെച്ചുകുത്താൻ ഇത്ര താമസം വേണോ?' എന്നിങ്ങനെ ഓരോരുത്തന്റെ അടുക്കലെത്തി ഭാസ്കരനുണ്ണിനായർ ലഹള കൂട്ടുന്നു. ചിലർ ദീപയഷ്ടികൾ തയാറാക്കുന്നു. ചിലർ മഞ്ചലിന്റെ തണ്ടുകൾ തുടയ്ക്കുന്നു. ചിലർ വെറ്റിലക്കെട്ടു എണ്ണുന്നു. കാര്യസ്ഥന്മാരും കണക്കെഴുത്തുകാരും ഭൃത്യന്മാരും അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു.**

'എന്റെ മകളല്ലേ? ഇന്നു ആ പണ്ടങ്ങളെല്ലാം എടുത്ത് ഒന്നു കെട്ട്' എന്നു തന്റെ അമ്മ അതി വാത്സല്യത്തോടുകൂടി പറഞ്ഞതിനെ ധിക്കരിക്കുവാൻ ധൈര്യമില്ലാഞ്ഞിട്ടോ ഇന്നു ആഭരണങ്ങൾ മുഴുവൻ കെട്ടേണ്ടതാണു എന്നു തനിക്കുതന്നെ തോന്നീട്ടോ എന്നറിഞ്ഞില്ല കല്യാണിക്കുട്ടി അന്നു സകല ആഭണങ്ങളും എടുത്തു; അതിവേഗത്തിൽ അണിഞ്ഞു കേശവനേയും വിളിച്ച് അടുത്തുള്ള ശിവക്ഷേത്രത്തിലേക്കു പോകയും ചെയ്തു. കല്യാണിക്കുട്ടിയുടെ മുഖ്യചന്ദ്രനുള്ള കാലത്തോളം പ്രത്യേകിച്ചും ഈ രാത്രിയിലും തന്നെ കാണ്മാൻ ആരും ഉണ്ടാകയില്ലെന്നു വിചാരിച്ചിട്ടോ എന്നു തോന്നുമാറു ചന്ദ്രൻ മേഘപടലങ്ങളുടെ ഇടയിൽ ഒളിച്ചുപോയി. കല്യാണക്കുട്ടിയുടെ ദേഹസൗരഭ്യം ഭാസ്കരനുണ്ണിനായർക്കു മുമ്പിൽകൂടി എത്തിച്ചുകൊടുപ്പാൻ കരാറു ചെയ്തിട്ടുണ്ടോ എന്നു തോന്നുംവണ്ണം കാറ്റു അതികഠിനമായി അടിച്ചുതുടങ്ങി. ആഭരണങ്ങളുടെ ഘനം കൊണ്ടോ മാംസള കുചഭാരംകൊണ്ടോ പൃഥുകനിതംബ ഭാരം കൊണ്ടോ, മനസ്സിൽ പലവകയായി ഇടതിങ്ങുന്ന വിചാരങ്ങളുടെ ആകർഷണം കൊണ്ടോ, മന്ദയാനത്തിന്റെ ഭംഗി കേശവനെ എങ്കിലും ഒന്നു കാണിച്ചു കൊടുക്കുവാനുള്ള വിചാരം കൊണ്ടോ എന്നറിഞ്ഞുകൂടാ, കല്യാണിക്കുട്ടി വളരെ പതുക്കെയാണ് അന്നു അമ്പലത്തിലേക്കു നടന്നുപോയത്. ദീപാരാധന കഴിഞ്ഞു നട തുറന്നപ്പോൾ കല്യാണിക്കുട്ടി അമ്പലത്തിലെത്തി. കല്യാണിക്കുട്ടി വന്നു ശിവന്റെ നടയ്ക്കൽ സാഷ്ടാംഗമായി വീണു താഴെപ്പറയുന്ന ശ്ലോകങ്ങൾ മനസ്സുകൊണ്ടു ചൊല്ലി

"രക്ഷരക്ഷ മഹേശ! മാമക മാനസാബ്ജ ദിവാകര
ത്രീക്ഷണത്രിപുരാന്തക പ്രണതാർത്ഥിനാശന ശങ്കര
ഇക്ഷമാതലമൊന്നു നോക്കിയൊടുക്കാമൊക്കെമുടിക്കുവാൻ
ദക്ഷനാകിയ ദക്ഷനാശന രക്ഷരക്ഷ ദയാനിധേ
മങ്കമാർകുല മൗലിയാം മലമങ്കതന്നുടെ പോർമുല-
പൊങ്കുടങ്ങൾ തലോലിടും മൃദുപല്ലവത്തിരുപാണിയാൽ
ചെങ്കഴൽക്കു വണങ്ങിവീണിടുമെൻപുറത്തുതലോടിമൽ-
സങ്കടങ്ങളൊഴിച്ചു സൽഗതി നേടുവാൻ വരമേകണേ.
മാനസേ കുടിവെച്ചവൻ പ്രിയനാഥനെ കുലചെയ്തുനീ
ഞാനിതിന്നിഹവന്നു വല്ലതു മാവലാതി പറഞ്ഞിതോ?
മാനഹാനി ഭവിപ്പതിന്നൊരു കാലമായിനിയും ഭവാൻ
മൗനമാർന്നു വസിക്കുവിൻ ബഹു സങ്കടം ശിവശങ്കരാ.
അന്യപുരുഷ വക്ത്രദർശന സങ്കടത്തിലുമെത്രയോ
നന്നു നന്നൊരു പാമ്പുകൊത്തി മരിപ്പതെൻ പരമേശ്വരാ
കുന്നിനുള്ള കുമാരികേ കുലനാരിമാർ കുലമാലികേ
നന്നുനന്നൊരു കൊച്ചുപെണ്ണിനെയേവമിട്ടു വലപ്പതും
നാരിമാർക്കുവരുന്നദുസ്സഹ സങ്കടസ്ഥിതിസർവ്വവും
നാരിയാം തിരുമേനിതാനറിയായ്കിലാരിതറിഞ്ഞിടും
ഗൗരിശങ്കരി മുക്തിദായനി നാഥനോടിതുണർത്തിയീ
നാരകക്കുഴിതന്നിൽ നിന്നു കരയ്ക്കു കേറ്റണമിക്ഷണം "

നടയ്ക്കൽ നിന്നു പതുക്കെ എഴുന്നേറ്റ് ഒരു മൃതശരീരം നടന്നുപോകാറുണ്ടെങ്കിൽ ആ മാതിരിയിൽ ക്ഷേത്രപ്രദിക്ഷണം വെപ്പാൻ പുറപ്പെട്ടു. കേശവൻ പിന്നാലെ ഒപ്പമുണ്ട്. അയൽവക്കക്കാരും കല്യാണിക്കുട്ടിയിൽ വളരെ ബഹുമാനവും വാത്സല്യവും ഉള്ളവരും ആയ ഏതാനും ചിലരും പ്രദിക്ഷണം വെയ്ക്കുന്നുണ്ട്. പ്രദിക്ഷണം ഒരു ചുറ്റെത്തി വീണ്ടും നടയ്ക്കൽ എത്തലും 'ആവു' എന്നു പറഞ്ഞു കല്യാണിക്കുട്ടി വീഴലും 'അയ്യോ എന്റെ കൊച്ചമ്മയും എന്നെ ചതിച്ചേ' എന്നു പറഞ്ഞു കേശവൻ കല്യാണിക്കുട്ടിയെ താങ്ങലും 'അയ്യോ കുട്ടിയെ പാമ്പു കടിച്ചു ഇതാ പോണു പാമ്പ്' എന്നു പറഞ്ഞു ചില വൃദ്ധന്മാർകൂടി കല്യാണിക്കുട്ടിയെ താങ്ങലും ഒപ്പം കഴിഞ്ഞു. കടിച്ചമാത്രയിൽ വിഷം സർവ്വാംഗം വ്യാപിക്കയും തങ്കവർണ്ണം പോയി നീലക്കുട്ടക്കു സമാനമാവുകയും ചെയ്തു. എല്ലാവരും കൂടി താങ്ങിയെടത്തു കല്യാണിക്കുട്ടിയെ പൂപ്പറമ്പിലേക്കു യാത്രയായി. കെട്ടിവെച്ചിരുന്ന തലമുടി കെട്ടഴിഞ്ഞു നിലത്തുകിടന്നു ഇഴഞ്ഞു തുടങ്ങിയപ്പോൾ കേശവൻ അതിനെ വാരി നാലഞ്ചു ചുറ്റുചുറ്റായി തന്റെ കഴുത്തിൽ ചുറ്റി. കല്യാണക്കുട്ടിയെ കൊണ്ടുചെന്ന സമയം പൂപ്പറമ്പിലുണ്ടായ കോലാഹലത്തിനു ശരി എന്റെ അറിവിൽ പെട്ടിടത്തോളം ഭൂമിയിലെങ്ങും ഇതുവരെ ഉണ്ടായിട്ടില്ല. ക്ഷണിക്കപ്പെട്ട ആളുകളുടെ വരവും പ്രതീക്ഷിച്ചുകൊണ്ടു കുഞ്ഞിക്കാവമ്മ നടയിൽ തന്നെ നിൽപ്പുണ്ടായിരുന്നതിനാൽ കല്യാണിക്കുട്ടിയെ എടുത്തുകൊണ്ടുള്ള വരവ് ആദ്യമായി കണ്ടത് ആ സ്ത്രീയായിരുന്നു. പ്രഥമദൃഷ്ടിയിൽ കാര്യമെന്താണെന്നു മനസ്സിലാകാതെ വല്ലാതെയൊന്നു പരിഭ്രമിച്ചു. എന്നാൽ പടികടന്ന ഉടനേ കേശവൻ 'അയ്യോ എന്റെ കൊച്ചമ്മയും എന്നെ ചതിച്ചേ' എന്നുറക്കെ നിലവിളിച്ചതിനാൽ 'എന്തേ എന്റെ മകൾക്ക്' എന്നു പറഞ്ഞുകൊണ്ടു കുഞ്ഞിക്കാവമ്മ പാഞ്ഞ് അടുത്തെത്തി. 'അയ്യോ എന്റെ പൊന്നു മകളെന്നെ ചതിച്ചല്ലോ. എന്റെ കുട്ടിയുടെ മുഖം കാണാതെ ഞാൻ എന്തിനു ജീവിച്ചിരിക്കുന്നു. എനിക്കു സംബന്ധവും സന്തതിയും ഒന്നും വേണ്ടിയിരുന്നില്ലല്ലോ. എന്റെ കണ്ണു മറയുന്നതുവരെ എന്റെ കുട്ടിയുടെ മുഖം കണ്ടുകൊണ്ടിരുന്നാൽ മതിയായിരുന്നല്ലോ. ഞാനിങ്ങനെയുള്ള ഒരു മഹാപാപിയായല്ലോ. അമ്മു, എന്റെ മകളേ ഒന്നു ചിരിക്കു അമ്മു. അയ്യോ എന്റെ കുട്ടിയെ കണ്ടാൽ അറിയാതായല്ലോ. എന്റെ ഗുരുവായൂരപ്പാ എന്റെ കുട്ടിയെ ജീവിപ്പിച്ചുതരണേ. എന്നാൽ ഞാൻ ഈ പൂത്താലി അവിടെ ചാർത്തിയേക്കാം. ഞാൻ ഇന്നു ഒരു വാക്കു പറഞ്ഞപ്പോൾ എന്റെ മകൾ പണ്ടങ്ങളൊക്കെ എടുത്തു കെട്ടിയല്ലോ. അത് ഇതിനാണെന്നു ഞാനറിഞ്ഞില്ലല്ലോ. പാമ്പേ നിനക്കു എന്റെ കുട്ടിയുടെ പട്ടുപോലിരിക്കുന്ന കാലിൽ കടിക്കാൻ തോന്നിച്ചല്ലോ. ആ വഴിക്കു ഇങ്ങോട്ടുവന്നു എന്നെക്കൂടി ഒന്നു കൊത്തായിരുന്നില്ലേ' എന്നിങ്ങനെ ഓരോന്നു പറഞ്ഞും കരഞ്ഞും കല്യാണിക്കുട്ടിയെ താഴെ കിടത്തി യും മാറോടടുക്കിപ്പിടിച്ചും മുഖത്തു നോക്കിയും പണ്ടം ഉഴിഞ്ഞുവെച്ചും ലഹള കൂട്ടിത്തുടങ്ങി. ഗോപാലമേനോൻ മറപ്പുരയിലായിരുന്നു. കുഞ്ഞിക്കാവമ്മയുടെ നിലവിളി കേട്ടപ്പോൾ അദ്ദേഹം ഏതു വിധത്തിലാണ് അവിടെ എത്തിയത് എന്നറിഞ്ഞുകൂടാ. പെറ്റതള്ളയായ കുഞ്ഞിക്കാവമ്മ ഇത്രയും ലഹള കൂട്ടിയതിൽ എനിക്കാശ്ചര്യമില്ല. എന്നാൽ പത്തുമുപ്പതു വയസ്സു പ്രായമായി നല്ല കാര്യബോധമുള്ള ഗോപാലമേനോൻ അനവധി ജനങ്ങ ൾക്കിടയിൽ വെച്ചു കാട്ടിയ ചാപല്യം ഓർത്തു വളരെ അത്ഭുതം തോന്നുന്നുണ്ട്. ഗോപാലമേനോൻ ഓടിവന്നു കല്യാണിക്കുട്ടിയെ കിടത്തിയിരുന്നതിന്റെ അടുക്കലായി കമഴ്ന്നങ്ങോട്ടു വീണു. 'അയ്യോ എന്റെ മരുമകൾ എന്നെ ഇട്ടേച്ചും കൊണ്ടുപോയല്ലൊ. ഞാനിനി എന്തിനു ജീവിച്ചിരിക്കുന്നു. പെറ്റ പതിനഞ്ചാം ദിവസം പുണ്യാഹം തളിച്ച മുതൽക്കു ഞാൻ കയ്യിൽ നിന്നും വെക്കാതെയും കുറച്ചു മുതിർന്നതു മുതൽ കൂടെയിരുത്തി ചോറു കൊടുത്തും ആവശ്യപ്പെട്ടതു സകലവും കൊടുത്തും അഭിമാനത്തോടുകൂടി വളർത്തിയുണ്ടാക്കിയ എന്റെ മരുമകൾ ഇങ്ങനെയൊരുത്തൻ ഉണ്ടെന്നുള്ള വിചാരം കൂടാതെ പൊയ്പ്പോയല്ലോ. നിനക്കു സമ്മതമാണെന്നു നിന്റെ തള്ള പറഞ്ഞിട്ടാണല്ലോ കുട്ടീ ഞാനീ സംബന്ധത്തിനു സമ്മതിച്ചത്. എനിക്കൊന്നും വേണ്ട 'കൊച്ചമ്മാവാ എന്നു വിളിക്കുന്നതു കേട്ടാൽ മതിയായിരുന്നല്ലോ' എന്നിങ്ങനെ പലതും പറഞ്ഞു വിലപിച്ചുതുടങ്ങി. കൊച്ചപ്പൻ അവിടെ ഉണ്ടായിരുന്നില്ല. രണ്ടു നാഴിക വഴി അകലെയുള്ള ഒരു വിഷ്ണുക്ഷേത്രത്തിൽ മംഗളസിദ്ധ്യാർത്ഥം പഞ്ചാരപ്പായസം കഴിപ്പിച്ചുകൊണ്ടുവരുവാനായി ഒരു സഹായിയോടുകൂടി കുഞ്ഞിക്കാവമ്മ പകലേതന്നെ അയച്ചിരുന്നു. ആ ക്ഷേത്രത്തിൽ പിച്ചകം ധാരാളമുണ്ട്. അന്തിമ്മേലുള്ള മൊട്ടുകളെല്ലാം പറിച്ചു തന്റെ ഉടപ്പിറന്നവൾക്കു ചൂടുവാനായി വലുതായ ഒരു മാലയും കെട്ടി പായസവുമെടുപ്പിച്ചു കൊണ്ടുള്ള വരവാണ്. സ്ഥിതിഗതികൾ മനസ്സിലായി കഴിഞ്ഞ ഉടനേ തന്റെ ഉടപ്പിറന്നവളുടെ കാൽക്കൽ വീണു കാലുപിടിച്ചുകൊണ്ട് 'എന്റെ ഉടപ്പിറന്നവളേ എന്നെ രക്ഷിക്കണേ.

ഞാനിനി ആരെ ഉടപ്പിറന്നവളേ എന്നു വിളിക്കേണ്ടൂ. ഞാൻ പോകു

## ഡിസംബർ

### ജനനം

01 നെല്ലിക്കൽ മുരളീധരൻ 1948
02 ഐ.കെ.കെ മേനോൻ 1919
06 ചുമ്മാർ ചൂണ്ടേൽ 1940
മാലി (മാധവൻനായർ) 1915
കാരാട്ട് അച്യുതമേനോൻ 1866
08 വക്കം മൗലവി 1873
09 ഇ.കെ.നായനാർ 1919
വി.ദക്ഷിണാമൂർത്തി 1919
10 എം.എൻ.ഗോവിന്ദൻനായർ 1910
അമ്പലപ്പുഴ രാമവർമ്മ 1925
11 സുബ്രഹ്മണ്യഭാരതി 1882
പാലാ നാരായണൻനായർ 1911
12 അമ്പാടി കാർത്ത്യായനിയമ്മ 1895
15 സി.ഭാസ്കരൻ 1945
17 പി.ഭാസ്കരനുണ്ണി 1926
ഡോ.കെ.എം.പ്രഭാകരവാര്യർ 1933
18 പ്രൊഫ.എ.ശ്രീധരമേനോൻ 1925
23 ടികെസി വടുതല 1921
ആർ.സുഗതൻ 1901
24 സി.പി.ശ്രീധരൻ 1931
25 ഐ.സി.ചാക്കോ 1875
ഡോ.പി.കെ.നാരായണപിള്ള 1910
ചേങ്ങാരപ്പിള്ളി നാരായണൻപോറ്റി
1917
26 കാലടി ഗോപി 1929
ആർ.നരേന്ദ്രപ്രസാദ് 1946
ഇടയാറന്മുള വർഗീസ് 1908
27 എൻ.എൻ.പിള്ള 1918
എൻ.പി.മുഹമ്മദ് 1929
28 ഡി.എം.പൊറ്റെക്കാട്ട് 1923
ബോധേശ്വരൻ 1901






**ഡിസംബർ ദിനങ്ങൾ**

01- ലോക എയ്ഡ്സ് ദിനം
02- ലോക വികലാംഗ ദിനം
03- ഭോപ്പാൽ ദുരന്തദിനം
04- നാവികസേനാദിനം
07- പതാക ദിനം
10- ലോക മനുഷ്യാവകാശദിനം
- നൊബേൽ സമ്മാനദിനം
12- ലോക ശിശു അവകാശദിനം
13- ലോകദുരന്ത നിവാരണദിനം
18- ന്യൂനപക്ഷാവകാശദിനം
23- കർഷകദിനം
25- ക്രിസ്തുമസ്



29- അന്തർദ്ദേശീയ ജൈവവൈവിദ്ധ്യദിനം.

### ചരമം

02 മേരി ജോൺ കൂത്താട്ടുകുളം 1998
സി.എൻ.ബാലൻ 1994
അകവൂർ നാരായണൻ 2009
03 കെ.എം.ഗോവി 2013
04 കെ.എം.കൊടുങ്ങല്ലൂർ 1989
കെ.തായാട്ട് 2011
വി.ആർ.കൃഷ്ണയ്യർ 2014
07 തോമസ് പാല 1997
08 നടുവത്തച്ഛൻ നമ്പൂതിരി 1912
തോപ്പിൽ ഭാസി 1992
09 കൈനിക്കര കുമാരപിള്ള 1988
10 കെ.എം.പണിക്കർ 1963
എം.പി.അപ്പൻ 2003
13 മാതയിൽ അരവിന്ദ് 2010
14 കെ.പി.അപ്പൻ 2008
14 എ.പി.ഉദയഭാനു 1999
17 എ.ബാലകൃഷ്ണവാരിയർ 1997
18 കേസരി ബാലകൃഷ്ണപിള്ള 1960
സി.എൻ.ശ്രീകണ്ഠൻനായർ 1976
കെ.രാധാകൃഷ്ണൻ 2001
വിദ്വാൻ ടി.പി.രാമകൃഷ്ണപിള്ള 1993
എസ്.കെ.മാരാർ 2005
19 പാപ്പനംകോട് പ്രഭാകരൻ 2005
20 പി.എ.സെയ്തുമുഹമ്മദ് 1975
22 വൈലോപ്പിള്ളി ശ്രീധരമേനോൻ 1985
പ്രവിത്താനം പി.എം.ദേവസ്യ 1996
എ.പി.പി.നമ്പൂതിരി 1991
പാലാ കെ.എം.മാത്യു 2010
പി.എം.ആന്റണി 2011
23 കെ.കരുണാകരൻ 2010
24 ചെറുളിയിൽ കുഞ്ഞുണ്ണി നമ്പീശൻ 1966
കടത്തനാട്ട് മാധവിയമ്മ 1999
പി.സി.കോരുത് 1967
കെ.കെ.രാമൻ 2002
25 എം.എസ്.ദേവദാസ് 1987
26 കാർട്ടൂണിസ്റ്റ് ശങ്കർ 1989
പള്ളിക്കര വി.പി.മുഹമ്മദ് 1994
കെ.സരസ്വതിയമ്മ 1975
സ്വാതിതിരുനാൾ 1847
27 മലയാറ്റൂർ രാമകൃഷ്ണൻ 1997
വി.പനോളി 2001
28 ഫാ.വടക്കൻ 2002
30 പാറപ്പുറത്ത് 1981
പി.ടി.ഭാസ്കരപ്പണിക്കർ 1997
31 കെ.സി.മാമ്മൻമാപ്പിള 1953
ടി.എം.വറുഗീസ് 1961
വി.വി.കെ.വാലത്ത് 2000










*എങ്കിലോ നമുക്കിനി ശുഭവത്സരം നേർന്നു*
*തങ്ങളിൽ പിരിയുക, സഹജാതർ തൻമൊഴി*
*സംഗീതമായിത്തോന്നും നാൾവരും, ആശിക്കുക*
*മങ്ഗളവചസ്സെന്നാൽ തൊണ്ടയിൽ കുരുങ്ങുന്നു*
-ഒ.എൻ.വി.

# കല്യാണിക്കുട്ടി

മ്പോൾ കൊച്ചപ്പൻ പോകയാണോ? 'ആ' എന്നു പറഞ്ഞതിന്റെ അർത്ഥം ഇതാണെന്നു മനസ്സിലാക്കിയിരുന്നുവെങ്കിൽ ഞാൻ പോകയില്ലായിരുന്നുവല്ലോ. എന്റെ ഉടപ്പിറന്നവളല്ലെ ആ തലമുടി കെട്ടിവെച്ചു ഈ പിച്ചകമാലയൊന്നു ചൂട്. ശാന്തി ചെയ്യുമ്പോൾ വിളക്കു കെട്ടതു നന്നായില്ലെന്നു ശാന്തിക്കാരൻ പറഞ്ഞപ്പോൾ ഞാൻ ഇതാണെന്നു ആലോചിച്ചില്ലല്ലോ. കഷ്ടേ! എന്റെ ഉടപ്പിറന്നവൾ എന്തു നിറമായിരുന്നു. അതു പോയിട്ടു കരിക്കട്ടയ്ക്കു ശരിയായല്ലോ. ആളുകളെ ഇതു ഭേദമാവുമോ? നിങ്ങളൊന്നുനോക്കിപ്പറവിൻ എന്നിങ്ങനെ പറഞ്ഞു ഉറക്കെ കരഞ്ഞുതുടങ്ങി. ആകപ്പാടെ അവിടെ കൂടിയിരുന്നവർ മുഴുവൻ കരയുവാൻ തുടങ്ങി. ഉടനെ മഞ്ചലിലെടുത്തു കുഞ്ഞിക്കാവമ്മയും കൊച്ചപ്പനും വേറെ അനേകം ആളുകളും കൂടി വിഷവൈദ്യന്റെ വീട്ടിലേക്കു യാത്രയായി. ആ പ്രദേശത്തു സാമാന്യം മിടുക്കന്മാരായ രണ്ടു മൂന്നു വിഷവൈദ്യന്മാരുണ്ട്. അവരെല്ലാവരും അസാദ്ധ്യമാണെന്നു പറഞ്ഞു കയ്യൊഴിച്ചു. അതിന്റെശേഷം വിഷവൈദ്യത്തിൽ പ്രമാണിയായ മാളികയ്ക്കൽ കർത്താവിന്റെ അടുക്കൽ കൊണ്ടുപോയി. കുഞ്ഞിക്കാവമ്മയെ കർത്താവിന്റെ ഭവനത്തിൽ വരുവാൻ നാട്ടുകാരും ഗോപാലമേന്നും അനുവദിച്ചില്ല. എന്നാൽ ഗോപാലമേന്നും കൊച്ചപ്പനും കൂടെപ്പോയിരുന്നു. കണ്ടപ്പോൾ തന്നെ കർത്താവും ഇതസാദ്ധ്യമാണെന്നു പറഞ്ഞുകഴിഞ്ഞു. എങ്കിലും കൊച്ചപ്പന്റെ അപേക്ഷപ്രകാരം അദ്ദേഹം മരുന്നായ മരുന്നെല്ലാം പ്രയോഗിച്ചു നോക്കി. പിറ്റേദിവസം വൈകുന്നേരമാകുന്നതുവരെ ആയിരം കുടമാടീട്ടും മരുന്നുകൾ പ്രയോഗിച്ചിട്ടും കഴിഞ്ഞുകൂടി. കടിച്ച ഉടനെ തന്നെ വിഷം മൂർച്ഛിച്ചു കഴിഞ്ഞു എന്നും ഇനി മനുഷ്യരാൽ അസാദ്ധ്യമാണെന്നും കർത്താവു ഖണ്ഡിച്ചു പറഞ്ഞു. കർത്താവ് പറഞ്ഞാൽ അതിനപ്പീലുമില്ലല്ലൊ. ഗോപാലമേന്നും നാട്ടുകാരും കൂടി ആലോചിച്ചു മൃതശരീരം പൂപ്പറമ്പിൽ കൊണ്ടുപോകുന്നതും അവിടെ സംസ്കരിക്കുന്നതും കുഞ്ഞിക്കാവമ്മയ്ക്കു പാടല്ലാത്ത വ്യസനത്തിനു ഹേതുവായി തീരുന്നതാകയാൽ ശവം മറവു ചെയ്വാൻ ആ രാത്രിതന്നെ വണ്ടികയറ്റി ഭാരതപ്പുഴയ്ക്കു കൊണ്ടുപോകത്തക്കവണ്ണം തീർച്ചയാക്കി. രണ്ടു വണ്ടിപിടിച്ചു. നാട്ടുകാരിൽ നാലുപേരും മറ്റൊന്നിൽ നാട്ടുകാരിൽ രണ്ടുപേരും കല്യാണക്കുട്ടിയുടെ മൃതശരീരവും തന്റെ ഉടപ്പിറന്നവളുടെ തല എടുത്തു മടിയിൽവെച്ചും കണ്ണിൽ നിന്നു വീഴുന്ന ബാഷ്പധാരയാൽ ഉടപ്പിറന്നവളുടെ മുഖം കഴുകിയും കൊണ്ടു കൊച്ചപ്പനും കയറിപ്പോകുകയും ചെയ്തു.

# ഭരണഘടനയുടെ ആമുഖം

ഇടനാട്ടിൽ ജീവിക്കുന്നവരുണ്ട്, തണുത്തുറഞ്ഞ പ്രദേശങ്ങളിലും കൊടും ചൂടിലും ജീവിക്കുന്നവരുണ്ട്, നാനാമതങ്ങളിൽ വിശ്വസിക്കുന്നവരുണ്ട്, നൂറുകണക്കിന് ആചാരങ്ങൾ പരിപാലിച്ചുപോരുന്നവരുണ്ട്, വിശ്വാസക്രമത്തിൽ എന്തെല്ലാം വ്യത്യാസങ്ങൾ ഈ ജനതതിയുടെ ഇടയിലുണ്ട്!

ഓരോ വിഭാഗത്തിന് ഓരോ വിശ്വാസം. നാനാ ജാതി മതസ്ഥർ, തീണ്ടലും തൊടീലും, അനാചാരങ്ങളുടെ കലവറ- ഇങ്ങനെ വിസ്തരിക്കാൻ പോയാൽ എന്തെല്ലാം വൈജാത്യങ്ങൾ ലോകത്തിൽ ദർശിക്കാൻ കഴിയുമോ അതുമുഴുവൻ ദർശിക്കാൻ കഴിയുന്ന രാജ്യമാണ് ഇന്ത്യ. ഇവിടെ ക്രിസ്ത്യാനിയുണ്ട്. ഇസ്ലാമുണ്ട്, ഹൈന്ദവരുണ്ട്, ഹൈന്ദവരിൽതന്നെ നാനാവിഭാഗങ്ങളുണ്ട്. ഇസ്ലാമിൽ വ്യത്യസ്തവിഭാഗങ്ങളുണ്ട്. ക്രൈസ്തവരിൽ വ്യത്യസ്ത വിഭാഗങ്ങളുണ്ട്. സിക്കുകാരുണ്ട്. ജൈനന്മാരുണ്ട്. ബുദ്ധമതക്കാരുണ്ട്. പാഴ്സികളുണ്ട്. മതവിശ്വാസമില്ലാത്തവരുണ്ട്. ഈശ്വരനിൽ വിശ്വാസമുള്ളവരുണ്ട്. ഈശ്വരനിൽ വിശ്വാസം ഇല്ലാത്തവരുണ്ട്. അങ്ങനെ എന്തെല്ലാം വ്യത്യാസങ്ങൾ. ഈ ജനങ്ങളെ സംഘടിപ്പിച്ചുവേണം ഭാരതത്തെ സ്വതന്ത്രയാക്കാൻ. അതുകൊണ്ട് മഹാത്മജി ഇന്ത്യയെ കാണാൻ ഇറങ്ങിത്തിരിച്ചു.

അദ്ദേഹം ഭാരതത്തിന്റെ തലങ്ങും വിലങ്ങും സഞ്ചരിച്ചു. വടക്കും തെക്കും, പടിഞ്ഞാറും കിഴക്കും വിപുലമായ സ്ഥലങ്ങളിൽ അദ്ദേഹം സഞ്ചരിക്കുകയുണ്ടായി. അങ്ങനെയാണ് അദ്ദേഹം ഇന്ത്യയെ അറിഞ്ഞത്, മനസ്സിലാക്കിയത്. അപ്പോഴാണ് അദ്ദേഹത്തിനു തോന്നിയത് ദക്ഷിണാഫ്രിക്കയിലെ തന്റെ വസ്ത്രധാരണം ഇന്ത്യയിൽ ആവശ്യമില്ലായെന്ന്. ഇന്ത്യ എന്നു പറയുന്ന ദേശത്തെ ജനകോടികളുടെ പ്രതിനിധിയാവണമെങ്കിൽ ഒരു സാധാരണ കൃഷീവലന്റെ ജീവിതമാണ് ഉണ്ടാവേണ്ടത് എന്നു മനസ്സിലാക്കി. അതുവരെയുണ്ടായിരുന്ന വിലപ്പെട്ട കോട്ടും സൂട്ടുമൊക്കെ അദ്ദേഹം വലിച്ചെറിഞ്ഞ്, അർദ്ധനഗ്നനായ ഫക്കീറായി മാറി. ആ ഫക്കീറിന്റെ നേതൃത്വത്തിൽ ഒരുപാടുകാലത്തെ സ്ഥിരോത്സാഹത്തോടെയുള്ള, ആയിരങ്ങൾ ജീവൻ കൊടുത്ത, പതിനായിരങ്ങൾ തങ്ങളുടെ സ്വത്തും സർവ്വസ്വവും നഷ്ടപ്പെടുത്തിയ, ജീവച്ഛവങ്ങളായി ആയിരങ്ങൾ മാറിയ, വെടിയുണ്ടയ്ക്കുനേരെ നിറമാറ് കാണിച്ചുകൊടുത്ത, ത്യാഗോജ്വലമായ സമരത്തിലൂടെയാണ് ഇന്ത്യ സ്വതന്ത്രയായിത്തീർന്നത്. ചരിത്രമൊക്കെ നിങ്ങൾക്കറിയാം.

> **ബ്രിട്ടീഷുകാരെ ഇന്ത്യയിൽനിന്ന് അധികാരം ഒഴിപ്പിച്ച് ബ്രിട്ടനിലേക്ക് അയച്ച് ഇന്ത്യക്കാരുടെ ഭരണം വരാൻവേണ്ടി മാത്രമായിരുന്നില്ല ഈ സ്വാതന്ത്ര്യസമരം നടത്തിയത്. രാജ്യത്തെ ജനങ്ങൾക്ക് ഇല്ലാതെപോയ, ബ്രിട്ടീഷ് ഭരണം കൊണ്ട് ഉണ്ടാവാതെ പോയ കാര്യങ്ങൾ ഉണ്ടാകേണ്ടതിനുവേണ്ടിയാണ്. ആഹാരം വേണം, ആരോഗ്യം വേണം, വസ്ത്രം വേണം, കിടക്കുവാൻ ഇടംവേണം, കൃഷി ചെയ്യാൻ ഭൂമിവേണം, വിദ്യാഭ്യാസം വേണം, മരുന്നുവേണം- നാനാവിധത്തിലുള്ള പുരോഗതി ഈ രാജ്യത്തെ ജനങ്ങൾക്ക് ഉണ്ടാകണം. അതിനുവേണ്ടിയാണ് സ്വാതന്ത്ര്യസമരം നടന്നത്. സ്വാതന്ത്ര്യസമരത്തിന്റെ അന്ത്യഘട്ടത്തിൽ ക്ലെമന്റ് ആറ്റ്ലി ലേബർ പാർട്ടിയുടെ നേതാവായി ബ്രിട്ടനിൽ ഭരിക്കുമ്പോൾ, അദ്ദേഹം പാർലമെന്റിൽ പ്രഖ്യാപിച്ചു ഇന്ത്യയുടെ ഭാഗധേയം അവർതന്നെ നിശ്ചയിക്കട്ടേയെന്ന്.**

ഞാൻ പഞ്ചാബിലെ അമൃതസറിലെ ജാലിയൻ വാലാബാഗിൽ പോയിട്ടുണ്ട്. വിസ്തൃതമല്ലാത്ത ഗെയ്റ്റിലൂടെ കടന്ന് വിസ്തൃതമായ ആ സ്ഥലം കണ്ടു. അവിടെ വലിയ സ്മാരകങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അവിടെ വലിയ ഒരു കിണറുണ്ട്. കരിനിയമത്തിനെതിരായി ആയിരങ്ങൾ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ യാതൊരു മുന്നറിയിപ്പുമില്ലാതെ നൂറുകണക്കിന് പട്ടാളക്കാർ ഇരച്ചുകയറിയിട്ട് വെടിവയ്ക്കുകയുണ്ടായി. നൂറുകണക്കിനാളുകൾ തൽക്ഷണം പിടഞ്ഞു മരിച്ചു. രക്ഷപ്പെടാൻ നിവൃത്തിയില്ല. വെടിയുണ്ട ഏൽക്കുന്നതിനുപകരം, നൂറുകണക്കിനാളുകൾ കിണറ്റിൽ ചാടി. ആ കിണർ ഞാൻ കണ്ടു. അതിന്റെ തൊട്ടു തെക്കുഭാഗത്ത് ഇഷ്ടികക്കെട്ടുകളിൽ ഇഷ്ടംപോലെ വെടിയുണ്ടകളേറ്റ പാടുകളുണ്ട്. ഇപ്പോഴുമത് സുരക്ഷിതമായി അങ്ങനെ നിലനിർത്തിയിട്ടുണ്ട്. സ്വാതന്ത്ര്യത്തിനുവേണ്ടി കൊടുത്ത വിലയാണത്. ചരിത്രം പരിശോധിച്ചാൽ കേരളവും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. തിരുവിതാംകൂറിലും, കൊച്ചിയിലും, മലബാർപ്രദേശത്തും ഒരുപാട് ത്യാഗീവര്യന്മാരായ സ്വാതന്ത്ര്യസമരസേനാനികളുണ്ടായിരുന്നു.

ബ്രിട്ടീഷുകാരെ ഇന്ത്യയിൽനിന്ന് അധികാരം ഒഴിപ്പിച്ച് ബ്രിട്ടനിലേക്ക് അയച്ച് ഇന്ത്യക്കാരുടെ ഭരണം വരാൻവേണ്ടി മാത്രമായിരുന്നില്ല ഈ സ്വാതന്ത്ര്യസമരം നടത്തിയത്. രാജ്യത്തെ ജനങ്ങൾക്ക് ഇല്ലാതെപോയ, ബ്രിട്ടീഷ് ഭരണം കൊണ്ട് ഉണ്ടാവാതെ പോയ കാര്യങ്ങൾ ഉണ്ടാകേണ്ടതിനുവേണ്ടിയാണ്. ആഹാരം വേണം, ആ രോഗ്യം വേണം, വസ്ത്രം വേണം, കിടക്കുവാൻ ഇടംവേണം, കൃഷി ചെയ്യാൻ ഭൂമിവേണം, വിദ്യാഭ്യാസം വേണം, മരുന്നുവേണം- നാനാവിധത്തിലുള്ള പുരോഗതി ഈ രാജ്യത്തെ ജനങ്ങൾക്ക് ഉണ്ടാകണം. അതിനുവേണ്ടിയാണ് സ്വാതന്ത്ര്യസമരം നടന്നത്. സ്വാതന്ത്ര്യസമരത്തിന്റെ അന്ത്യഘട്ടത്തിൽ ക്ലെമന്റ് ആറ്റ്ലി ലേബർ പാർട്ടിയുടെ നേതാവായി ബ്രിട്ടനിൽ ഭരിക്കുമ്പോൾ, അദ്ദേഹം പാർലമെന്റിൽ പ്രഖ്യാപിച്ചു ഇന്ത്യയുടെ ഭാഗധേയം അവർതന്നെ നിശ്ചയിക്കട്ടേ യെന്ന്. സ്വപ്നത്തിൽ കണ്ടു തീരുമാനിച്ചതല്ല, സ്വാതന്ത്ര്യസമരത്തിന്റെ വിജയമായിരുന്നു അത്. ബ്രിട്ടീഷ് കാബിനറ്റ് മിഷൻ ഇന്ത്യയിലെത്തുന്നു. ഇന്ത്യൻ ദേശീയ നേതാക്കളുമായി ചർച്ച ചെയ്യുന്നു. ആ പദ്ധതിപ്രകാരം ഒരു ഭരണഘടന നിർമ്മാണസഭ ഉണ്ടാക്കുന്നു. ഭരണഘടന നിർമ്മാണസഭ ഉണ്ടാക്കുമ്പോൾ അന്ന് പാക്കിസ്ഥാനും ഇന്ത്യയും വിഭജിക്കപ്പെടുന്ന അവസ്ഥയിലായിരുന്നില്ല.

1946 ഡിസംബർ 9ന് ഭരണഘടന നിർമ്മാണ സഭ പാർലമെന്റിന്റെ സെൻട്രൽഹാളിൽ ആദ്യത്തെ യോഗം ചേരുന്നു. അതുകഴിഞ്ഞ് അടുത്തവർഷം ജൂൺമാസം ഇന്ത്യയും പാകിസ്ഥാനുമായി വേർപിരിയേണ്ട സ്ഥിതി വരുന്നു. മൗണ്ട് ബാറ്റന്റെ പദ്ധതിപ്രകാരം ഇന്ത്യ യും പാകിസ്ഥാനുമായി വേർപിരിയാൻ തീരുമാനിച്ചതിന്റെ ഫലമായി പാകിസ്ഥാന് ഒരു ഭരണഘടന, ഇന്ത്യക്ക് ഒരു ഭരണഘടന എന്ന തീരുമാനമുണ്ടാകുന്നു. ഇന്ത്യൻ ഭരണഘടന നിർമ്മാണ സഭയിൽ അംഗമായിരുന്ന ജിന്ന അടക്കമുള്ള ആളുകൾ ആദ്യമുണ്ടായ ഭരണഘടനാ സഭയിൽനിന്ന് ഒഴിവായി. ആദ്യം 389 പേർ ഭരണഘടന നിർമ്മാണസഭയിൽ ഉണ്ടായിരുന്നുവെങ്കിൽ അത് ഇന്ത്യയ്ക്കു മാത്രമുള്ളതായി, പാകിസ്ഥാന്

അനുകൂലമായിട്ടുള്ളവർ മാറിക്കഴിഞ്ഞപ്പോൾ പിന്നീടത് 299 പേരുള്ള ഭരണഘടനാനിർമ്മാണസഭയായി അതു മാറി. ആ സഭ 11 സെഷൻസ് യോഗം ചേർന്നു. മൂന്നുകൊല്ലക്കാലമായിരുന്നു അതിന്റെ പ്രവർത്തനം. കൃത്യമായി പറഞ്ഞാൽ 2 വർഷവും 11 മാസവും 17 ദിവസവും ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണസഭ പ്രവർത്തിച്ചു.

ആഴമേറിയ പഠനവിഷയമാണത്. തിരുവിതാംകൂറിൽ നിന്നും കൊച്ചിയിൽനിന്നും മലബാറിൽനിന്നും അതിൽ അംഗങ്ങളുണ്ടായിരുന്നു. എം.എൽ.സിയായിരുന്ന ശ്രീമതി ദാക്ഷായണി വേലായുധൻ അതിലെ അംഗമായിരുന്നു. ഒരുപക്ഷേ ഇന്ത്യയിൽ തന്നെ ആദ്യമായി പട്ടികജാതിയിൽ നിന്നും ബി.എ പരീക്ഷ പാസായത് അവരാണെന്നാണ് എന്റെ ധാരണ. അവരാണ് കേരളത്തിൽ നിന്നും ആദ്യമായി ബി.എ.പാസായ പട്ടികജാതിയിൽപ്പെടുന്ന സ്ത്രീ. എന്റെ നാട്ടുകാരിയാണ്. അവരുടെ സഹോദരനാണ് പിൽക്കാലത്തെ എം.പിയും എം.എൽ.എയുമായിരുന്ന, ആദരണീയനായ കെ.കെ.മാധവൻ മാസ്റ്റർ. ദാക്ഷായണിയുടെ ഭർത്താവായിരുന്നു കൊല്ലത്തുനിന്നും പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആർ.വേലായുധൻ. ആർ.വേലായുധൻ മുൻപ്രസിഡന്റ് കെ.ആർ.നാരായണന്റെ ബന്ധുവാണ്.

1949 നവംബർമാസം 29-ാംതീയതി ഭരണഘടന നിർമ്മാണസഭ ഇന്ത്യയ്ക്കൊരു ഭരണഘടന തയ്യാറാക്കി അത് അംഗീകരിച്ചു. ആ ഭരണഘടനയിൽ 284പേർ ഒപ്പുവെച്ചു. ബാക്കിയുള്ളവർ അസൗകര്യംകൊണ്ട് ഒപ്പുവയ്ക്കാത്തവരാണ്. എല്ലാവരും അത് അംഗീകരിച്ചതാണ്. ആ ഭരണഘടന 1950 ജനുവരി മാസം 26-ാം തീയതി രാജ്യത്തിൽ നടപ്പിൽവന്നു. അതിന്റെ ആമുഖം ഞാൻ വായിക്കാം.

WE, THE PEOPLE OF INDIA, having solemnly resolved to constitute India into a SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC and to secure to all its citizens:

JUSTICE, social, economic and political;
LIBERTY of thought, expression, belief, faith and worship;
EQUALITY of status and of opportunity;
and to promote among them all
FRATERNITY assuring the dignity of the individual and the unity and integrity of the Nation;

IN OUR CONSTITUENT ASSEMBLY this twenty-sixth day of November, 1949, do HEREBY ADOPT, ENACT AND GIVE TO OURSELVES THIS CONSTITUTION.

സോവറിൻ, സോഷ്യലിസ്റ്റ് എന്ന രണ്ടു പദങ്ങൾ 1976ലുണ്ടായ 46-ാം ഭരണഘടനാഭേദഗതിയിലൂടെഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരിക്കുന്ന കാലത്ത് എഴുതിച്ചേർത്ത് അംഗീകരിച്ചതാണ്.

322 ഭാഗങ്ങളായി 395 അനുച്ഛേദങ്ങളടങ്ങുന്ന ഈ ഭരണഘടന ലോകം കണ്ട, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്ന, ജനജീവിതത്തെ മുന്നോട്ടു നയിക്കുന്ന, ഏറ്റവും ഉദാത്തമായ ഭരണഘടനയാണെന്ന് ആർക്കും അഭിമാനത്തോടെ പറയാമെന്നു ഞാൻ പറയട്ടെ. അമേരിക്കൻ ഭരണഘടനയുണ്ട്. ശ്രീലങ്കയ്ക്കു ഭരണഘടനയുണ്ട്. ഒരുപാടു രാജ്യങ്ങൾക്ക് ഭരണഘടനയുണ്ട്. എഴുതപ്പെടാത്ത ഭരണഘടനയുള്ള ബ്രിട്ടൻ പോലുള്ള രാജ്യങ്ങളുണ്ട്. ഇന്ത്യയുടെ ഭരണഘടന ഉദാത്തമാണ്. ഇത്രയും ഉദാത്തമായ ഭരണഘടന എന്തിനുവേണ്ടി ഉണ്ടായി എന്നതിന്റെ ചുരുക്കം ഈ ആമുഖത്തിലുണ്ട്.

WE, THE PEOPLE OF INDIA- നാം കൂടിച്ചേർന്നാണ് ഭരണഘടന ഉണ്ടാക്കിയത്. നാട്ടുരാജ്യങ്ങളിൽനിന്ന്, പ്രവിശ്യകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവരും, ക്യാബിനറ്റ് മിഷനും, ദേശീയനേതൃത്വവും സം സാരിച്ചെടുത്ത തീരുമാനത്തിന്റെ വെളിച്ചത്തിൽ പ്രതിനിധികൾ അടങ്ങുന്ന സഭയാണ് ഇതു തീരുമാനിച്ചത്. ധനമില്ലാത്ത, ഭൂമിയില്ലാത്ത അവസ്ഥയിൽ ജീവിക്കുന്ന പലർക്കും അന്ന് തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാൻ പോലും അവകാശമുണ്ടായിരുന്നില്ല. മഹാഭൂരിപക്ഷത്തിന്റെ പിൻതുണയുള്ള തെരഞ്ഞെടുപ്പുവഴി തെരഞ്ഞെടുക്കപ്പെട്ടവരിൽ നിന്നും തെരഞ്ഞെടുത്ത ആളുകളല്ലായിരുന്നു ഭരണഘടനയിലെ മഹാഭൂരിപക്ഷം പേരും. WE, THE PEOPLE OF INDIA എന്നു പറഞ്ഞാൽ ജനങ്ങളാകുമോ? ഭരണഘടന ഉണ്ടാക്കിയിട്ട് ഒരു റഫറണ്ടം പോലെ രാജ്യത്തിലെ ജനങ്ങളിലേക്ക്, അവരുടെ അംഗീകാരത്തിനുവേണ്ടി അയച്ചോ? ഇല്ല. പക്ഷെ, ഈ ഭരണഘടന ജനങ്ങളുടെ അംഗീകാരത്തോടെയാണ്, അറിവോടെയാണ് സൃഷ്ടിക്കുന്നതെന്ന വ്യക്തമായ കാഴ്ചപ്പാടാണ് അതുൾക്കൊള്ളുന്നത്. ആ ധാരണയാണ്, സങ്കല്പമാണ് അത് ഇന്ത്യയിലെ ജനങ്ങൾക്ക് ഈ പ്രയോഗത്തിലൂടെ പ്രദാനം ചെയ്യുന്നത്. ഇന്ത്യ എന്നു പറയുന്നത് ഒരു SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC ക്കാണ്.

സോവറിൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് 'പരമാധികാരം' എന്നാണ്. അത് ഇന്ത്യയ്ക്കാണ്. അതുവരെ ആ അധികാരം ബ്രിട്ടനായിരുന്നു. ഈ രാജ്യം രാജ്യമായി മാറിയശേഷം, സ്വാതന്ത്ര്യം നേടിയശേഷം, ഈ ലോകത്തിലെ മറ്റൊരു ശക്തിക്കും, മറ്റൊരു രാജ്യത്തിനും ഇന്ത്യയുടെ മേലെ ഒരു തരത്തിലുമുള്ള അധികാരവുമില്ല. വേറെ ആരുടേയും നിയന്ത്രണത്തിനു വിധേയമല്ല എന്നതാണ്. പരമാധികാരം തുളുമ്പുന്ന രാജ്യമാണ് ഇന്ത്യ.

സോഷ്യലിസം എല്ലാവർക്കുമറിയാം. അതു കേൾക്കാത്ത ആരുംതന്നെ കാണില്ല. പക്ഷെ പറച്ചിലുമാത്രമെയുള്ളൂ. സോഷ്യലിസം ജനങ്ങൾക്ക് അനുഭവവേദ്യമാകേണ്ട ഒന്നാണ്. കാൾ മാർക്സ് പറഞ്ഞിട്ടുള്ള സയന്റിഫിക് സോഷ്യലിസം ഉണ്ട്. അല്ലെങ്കിൽ തോമസ് മൂറിന്റെ യൂട്ടോപ്യൻ സോഷ്യലിസമുണ്ട്. അല്ലെങ്കിൽ ഗാന്ധിയൻ സോഷ്യലിസമുണ്ട്. നെഹ്റു പറയുന്ന സോഷ്യലിസ്റ്റ് പാറ്റേൺ ഓഫ് സൊ സൈറ്റിയുണ്ട്. സോഷ്യലിസത്തിനു വിധമായിട്ടുള്ള വ്യാഖ്യാനങ്ങളുണ്ട്. പക്ഷെ, ഇതിന്റെയെല്ലാം കാതൽ, അന്തസ്സത്ത എന്നു പറയുന്നത് മനുഷ്യരെല്ലാം സമന്മാരാണെന്നും, മനുഷ്യരിവിടെ ജീവിക്കുന്നത് സമത്വത്തിലൂടെയാവണമെന്നുമാണ്. നിങ്ങൾക്ക് ഓരോരുത്തർക്കും വോട്ട് ഉണ്ട്. എന്റെ വോട്ടിനും നിങ്ങളുടെ വോട്ടിനും ഒരു വിലയാണ്. പക്ഷെ, വോട്ടു ചെയ്യുന്ന എനിക്കും വോട്ടു ചെയ്യുന്ന നിങ്ങൾക്കും സമൂഹത്തിൽ പല വിലയാണ്. സമൂഹിക ജീവിതത്തിൽ, സാമ്പത്തിക ജീവിതത്തിൽ പങ്കാളിത്തമില്ലാത്ത, അല്ലെങ്കിൽ വളരെ ചുരുങ്ങിയ പങ്കാളിത്തം മാത്രമുള്ള സാമൂഹ്യക്രമത്തിൽ ജീവിക്കുന്ന അവസ്ഥ മാറി പൊളിറ്റിക്കൽ ഡിമോക്രസി നേടിയാലേ ജനാധിപത്യത്തിന് അടിസ്ഥാനമുള്ളൂ. അതിനെ മാത്രമേ യഥാർത്ഥ ജനാധിപത്യമായി കണക്കാക്കാൻ കഴിയൂ എന്ന് അംബേദ്ക്കർ പറഞ്ഞിട്ടുണ്ട്. സത്യമായ കാര്യമാണ്. വോട്ടിന് ഒരു വില. വോട്ട് ചെയ്യുന്നവർക്ക് പല വില. സമൂഹത്തിൽ നിലനിൽക്കുന്ന അസംതുലിതമായ അവസ്ഥ. ഒരാൾക്ക് പതിനായിരം ഏക്കർ സ്ഥലം.

# ഭരണഘടനയുടെ ആമുഖം

മറ്റൊരാൾക്ക് ഒരു ചെറ്റക്കുടിൽ വെച്ചു താമസിക്കുന്നതിനുള്ള ഇടമില്ലായ്മ. ആഹാരം കഴിക്കാൻ നിവൃത്തിയില്ല, നല്ല ഉടുപ്പു ധരിക്കാൻ നിവൃത്തിയില്ല. ഒരു തുണ്ടു ഭൂമി വാങ്ങിക്കാൻ നിർവാഹമില്ല. അടിച്ചമർത്തപ്പെട്ടവരെപ്പോലെ അധഃസ്ഥിതിയിൽ കഴിയുന്ന അവസ്ഥ. ഇതല്ല ഈ രാജ്യത്തിന്റെ ഭരണഘടന വിഭാവനം ചെയ്യുന്നത്. സോഷ്യലിസമാണ്. സോഷ്യൽ ജസ്റ്റീസ് എല്ലായിടത്തും പുലരണം.സാമ്പത്തിക ക്രമത്തിൽ തുല്യമായ പങ്കാളിത്തമുള്ള, തുല്യമായ മാന്യതയുള്ള ഒരു സാമൂഹിക ക്രമം ഈ രാജ്യത്ത് ഉടലെടുക്കണം, നടമാടണം, അതാണ് സോഷ്യലിസം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

ഒരു ഭാഗം സമ്പത്തിൽ മലപോലെയുയർന്ന് സുഖലോലുപരായി, ലോകത്തുകിട്ടാവുന്ന എല്ലാ സൗകര്യവുമായി കഴിയുന്നു. മറുഭാഗത്ത് അസുഖം വന്നാൽ ചികിത്സിക്കാൻ നിവൃത്തിയില്ല. ആഹാരമില്ല. പഠിപ്പിക്കാൻ നിവൃത്തിയില്ല. വീടില്ല, ഭൂമിയില്ല. എന്തെല്ലാം ദരിദ്രമായ അവസ്ഥയെ അവർ നേരിടണം. അങ്ങനെയാണ് ഇന്ത്യയുടെ സ്ഥിതി. സ്വാതന്ത്ര്യം നേടുമ്പോൾ മഹാഭൂരിപക്ഷവും പട്ടിണിക്കാരായിരുന്നു, നിരക്ഷരകുക്ഷികൾ. അഞ്ചരലക്ഷം ഗ്രാമങ്ങൾ ചേർന്നതാണ് ഇന്ത്യാമഹാരാജ്യം എന്നാണ് കണക്കാക്കിയിട്ടുള്ളത്. 640 നാട്ടുരാജ്യങ്ങൾ കൂടിച്ചേർന്നതാണ് ഇന്ത്യ. ഇതിൽ രണ്ടു ലക്ഷത്തോളം ഗ്രാമങ്ങളിൽ ഒരു ലോവർ പ്രൈമറി സ്കൂൾ പോലും ഉണ്ടായിരുന്നില്ല. അങ്ങനെയുള്ള ഒരു രാജ്യത്ത് വലിയ അന്തരം നിലനിൽക്കുന്നത് മാറി എല്ലാവരും വിദ്യാഭ്യാസമുള്ളവരായി, വീടുള്ളവരായി, വസ്ത്രമുള്ളവരായി, ആഹാരമുള്ളവരായി, മരുന്നുള്ളവരായി, ചികിത്സാ സൗകര്യമുള്ളവരായി, ലോകം നേടിയിട്ടുള്ള വിജ്ഞാനവും സമ്പത്തും വളർച്ചയുമൊക്കെ കൈവരിച്ചവരായി മാറിത്തീരുക എന്ന സങ്കല്പമാണ് സോഷ്യലിസം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

അടുത്തത് സെക്കുലർ എന്നതാണ്. അതുമായി ബന്ധപ്പെട്ട് അല്പം പറയണമെന്നെനിക്കുണ്ട്. സെക്കുലർ 21എന്ന് പറഞ്ഞാൽ സ്കൂൾ ടീച്ചേഴ്സ് പറയും മതേതരത്വം എന്ന്. ശരിയാണ്. മതത്തെ ആശ്രയിക്കാത്ത, മതത്തിൽ നിന്ന് വ്യതിരിക്തമായ, മതത്തിനും ഉപരിയായ, വ്യത്യാസമായ എന്നൊക്കെതന്നെ. എന്നാൽ അത് യഥാർത്ഥത്തിൽ സെക്കുലർ എന്ന പദത്തിന്റെ അർത്ഥം നല്കുന്നില്ല. 'മതനിരപേക്ഷത' എന്നു പറഞ്ഞാൽ കുറേക്കൂടി അംഗീകരിക്കാവുന്ന, ശരിയായ അർത്ഥം ലഭിക്കുമെന്നാണ് എനിക്കു തോന്നിയിട്ടുള്ളത്.

**ഇന്ത്യയിൽ ഭൂരിപക്ഷം ഹൈന്ദവരാണ്. ഹിന്ദുമതമാണ്. ക്രിസ്തുമതവും ഇസ്ലാം മതവും പാഴ്സിമതവും സിക്കുമതവും ജൈനമതവും ബുദ്ധമതവും ന്യൂനപക്ഷ മതങ്ങളിൽപ്പെടും. ഭൂരിപക്ഷമതത്തിന്റെ നിയന്ത്രണത്തിനു വിധേയമായിട്ടാണോ സ്വതന്ത്രഭാരതം ഭരിക്കപ്പെടുന്നത്. അല്ല. ന്യൂനപക്ഷമതത്തിന്റെ നിയന്ത്രണത്തിനു വിധേയമായിട്ടാണോ. അല്ല. ഇന്ത്യ എന്നു പറയുന്ന സ്വതന്ത്രയായ ഈ രാജ്യം ഭരിക്കപ്പെടേണ്ടത്, അത് കേന്ദ്രത്തിലാവട്ടെ, സംസ്ഥാനങ്ങളിലാവട്ടെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാകട്ടെ, കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും ഇതര പൊതുമേഖലാ സ്ഥാപനങ്ങളുടെയും കീഴിലുള്ള സ്ഥാപനങ്ങളിലാകട്ടെ ഇവയെല്ലാം ഭരിക്കപ്പെടേണ്ടത് ഭരണഘടനാ തത്ത്വങ്ങൾ അനുസരിച്ചിട്ടാണ്. അടുത്തകാലത്ത് പറഞ്ഞു കേൾക്കുകയുണ്ടായി, സോഷ്യലിസ്റ്റ്, സെക്കുലർ തുടങ്ങിയ പദങ്ങളൊന്നും ആവശ്യമില്ലായെന്ന്.**

ഇന്ത്യയിൽ ഭൂരിപക്ഷം ഹൈന്ദവരാണ്. ഹിന്ദുമതമാണ്. ക്രിസ്തുമതവും ഇസ്ലാം മതവും പാഴ്സിമതവും സിക്കുമതവും ജൈനമതവും ബുദ്ധമതവും ന്യൂനപക്ഷ മതങ്ങളിൽപ്പെടും. ഭൂരിപക്ഷമതത്തിന്റെ നിയന്ത്രണത്തിനു വിധേയമായിട്ടാണോ സ്വതന്ത്രഭാരതം ഭരിക്കപ്പെടുന്നത്. അല്ല. ന്യൂനപക്ഷമതത്തിന്റെ നിയന്ത്രണത്തിനു വിധേയമായിട്ടാണോ. അല്ല. ഇന്ത്യ എന്നു പറയുന്ന സ്വതന്ത്രയായ ഈ രാജ്യം ഭരിക്കപ്പെടേണ്ടത്, അത് കേന്ദ്രത്തിലാവട്ടെ, സംസ്ഥാനങ്ങളിലാവട്ടെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാകട്ടെ, കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും ഇതര പൊതുമേഖലാ സ്ഥാപനങ്ങളുടെയും കീഴിലുള്ള സ്ഥാപനങ്ങളിലാകട്ടെ ഇവയെല്ലാം ഭരിക്കപ്പെടേണ്ടത് ഭരണഘടനാ തത്ത്വങ്ങൾ അനുസരിച്ചിട്ടാണ്. അടുത്തകാലത്ത് പറഞ്ഞു കേൾക്കുകയുണ്ടായി, സോഷ്യലിസ്റ്റ്, സെക്കുലർ തുടങ്ങിയ പദങ്ങളൊന്നും ആവശ്യമില്ലായെന്ന്. പത്രത്തിൽ വായിച്ചതാണ്. ആരാണ് പറഞ്ഞതെന്ന് വായിച്ചവർക്ക് മനസ്സിലാകും. ഏതു സാഹചര്യത്തിലാണ് പറഞ്ഞതെന്നും മനസ്സിലാനകും. ഞാൻ അതിലേക്ക് കടക്കുന്നില്ല.

മതങ്ങൾക്ക് അവയുടേതായ ഗ്രന്ഥങ്ങളുണ്ട്. നാം ആലോചിച്ച് മനസ്സിലുറപ്പിക്കേണ്ട കാര്യമാണിത്. ഹിന്ദുമത വിശ്വാസികൾക്ക് ഏറ്റവും പ്രിയപ്പെട്ടതാണ് ഭഗവത്ഗീത. അതേപോലെ പ്രിയപ്പെട്ടതാണ് ക്രിസ്ത്യാനികൾക്ക് ബൈബിൾ. അതുപോലെതന്നെ പ്രിയപ്പെട്ടതാണ് ഇസ്ലാമിന് ഖുർ ആൻ. ഗുരുഗ്രന്ഥസാഹിബ് അതുപോലെ പ്രധാനപ്പെട്ടതാണ് സിക്കുകാർക്ക്. ജൈനന്മാർക്ക് അവരുടേതായ ഗ്രന്ഥമുണ്ട്. പാഴ്സികൾക്ക് അവരുടേതായ ഗ്രന്ഥമുണ്ട്. ബുദ്ധമതക്കാർക്ക് അവരുടേതായ ഗ്രന്ഥമുണ്ട്. നാനാമതത്തിൽപ്പെടുന്ന ആളുകൾക്ക് അവരുടെ മതത്തിന്റെ അടിസ്ഥാനഗ്രന്ഥങ്ങൾ, അവർ വിശ്വസിക്കുന്ന ഗ്രന്ഥങ്ങളുണ്ട്. എല്ലാം ഉത്കൃഷ്ടമായ ഗ്രന്ഥങ്ങളാണ്. ബൈബിൾ ഉത്കൃഷ്ടമാണ്. ഭഗവത്ഗീത ഉത്കൃഷ്ടമാണ്. ഖുർ ആൻ ഉത്കൃഷ്ടമാണ്. ഇതിനൊന്നും തർക്കമില്ല. അങ്ങോട്ടും ഇങ്ങോട്ടും അവയിലടങ്ങുന്ന ശ്രേഷ്ഠമായ ആശയങ്ങൾ സ്വീകരിക്കുന്നതും അഭികാമ്യങ്ങളായ കാര്യങ്ങളാണ്. ഭഗവത്ഗീതയിൽ പറയുന്ന മൂല്യങ്ങൾ ക്രിസ്ത്യാനിക്ക് പിൻതുടരാം. ബൈബിൾ പറയുന്ന മൂല്യങ്ങൾ ഹിന്ദുവിന് പിൻതുടരാം. ക്രിസ്ത്യാനിയും ഹിന്ദുവും തുടർന്ന മൂല്യങ്ങൾ ഇസ്ലാമിനു പിൻതുടരാം. ആർക്കും ആരുടേയും മതമൂല്യങ്ങൾ, ശ്രേഷ്ഠമായ തത്ത്വങ്ങൾ പിൻതുടരുന്നതിന് ഒരു തടസ്സവുമില്ല. ഓരോരുത്തർക്കും അവരുടെ മതത്തിന്റെ അടിസ്ഥാന ഗ്രന്ഥം വെച്ചുപുലർത്താനും, പ്രചരിപ്പിക്കാനും, വിശ്വസിക്കുവാനും അവകാശമുണ്ട്. എന്നാൽ രാജ്യത്തിന്റെ ഗ്രന്ഥമേതാണ്. ഹിന്ദുവിന്റെ ഗ്രന്ഥം ഏതെന്നല്ല, ഇസ്ലാമിന്റെ ഗ്രന്ഥം ഏതെന്നല്ല, ക്രിസ്ത്യാനിയുടെ ഗ്രന്ഥമേതെന്നല്ല ചോദ്യം. ഇന്ത്യയുടെ ഗ്രന്ഥം ഏതെന്നാണ്. വിശ്വാസമില്ലാത്തവരും, വിശ്വസിക്കുന്നവരും ഒക്കെ അടങ്ങുന്ന 125 കോടി ഭാരതീയരുടെ ഗ്രന്ഥമേത് എന്നു ചോദിച്ചാൽ ഒറ്റ ഉത്തരമേയുള്ളു. അത് ഇന്ത്യയുടെ ഭരണഘടനയാണ്.

പാകിസ്ഥാനെ ഭരിക്കുന്നത് ഇസ്ലാം മതതത്ത്വമാണ്. പല ഗൾഫ് നാടുകളേയും ഭരിക്കുന്നത് ഇസ്ലാം മത തത്ത്വങ്ങളാണ്. അത് മതത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ടിട്ടുള്ള രാഷ്ട്രങ്ങളായതുകൊണ്ടാണ്. എന്നാൽ ഇന്ത്യ അതല്ല. ഇന്ത്യ ഒരു സെക്കുലർ സ്റ്റേറ്റാണ്. മതനിരപേക്ഷമായ രാജ്യമാണ്. ഭരണഘടനയുടെ ആമുഖത്തിൽ പറഞ്ഞ കാര്യങ്ങളെല്ലാം ഓരോ വകുപ്പുകളിലായി ഉൾക്കൊള്ളുന്നുണ്ട്. അവിടെ കേന്ദ്രഭരണമുണ്ട്. ആ ഭരണം പാർലമെന്ററി ജനാധിപത്യക്രമത്തിലുള്ളതാണ്. സംസ്ഥാനത്തുണ്ട് മന്ത്രിസഭ. അവിടെയും നിയമസഭയുണ്ട്. എല്ലാ സംസ്ഥാനങ്ങളിലുമുണ്ട്. യൂണിയൻ ടെറിറ്ററികളുണ്ട്. പ്രസിഡന്റുണ്ട്. അദ്ദേഹത്തിന് എന്ത് അധികാരം, ഗവർണർക്ക് എന്തധികാരം, സുപ്രീം കോടതിക്ക് എന്തധികാരം, ജഡ്ജിമാരെ എങ്ങനെ നിയമിക്കുന്നു, ആരാണ് സുപ്രിംകോടതി ചീഫ് ജസ്റ്റീസ്, സ്റ്റേറ്റ് ജുഡീഷ്യറി എന്താണ്, സബോർഡിനേറ്ററി ജുഡീഷ്യറി, കേന്ദ്ര സംസ്ഥാന ബന്ധങ്ങളെന്ത്, കേന്ദ്ര പാർലമെന്റിന് നിയമം നിർമ്മിക്കാൻ ഏതെല്ലാം മേഖലകളിൽ അവകാശം, സംസ്ഥാന നിയമസഭകൾക്ക് എന്തെല്ലാം അവകാശങ്ങൾ, കേന്ദ്രത്തിനും സംസ്ഥാനത്തിനും പൊതുവായിട്ടുള്ള അവകാശമെന്ത്, അതേതെല്ലാം എന്നു തുടങ്ങി സംസ്ഥാനാന്തരവ്യവസായം, വാണിജ്യം, സഞ്ചാരം എന്നുവേണ്ട എന്തെല്ലാം കാര്യങ്ങളുണ്ടോ അതെല്ലാം ഭരണഘടനയിലുണ്ട്.

മൗലികമായ അവകാശങ്ങൾ, ഭരിക്കുന്നവരെ നയിക്കേണ്ട മാർഗ്ഗനിർദ്ദേശ തത്ത്വങ്ങൾ, മൗലികമായ നമ്മുടെ ചുമതലകൾ ഇവയെല്ലാം സവിസ്തരം, കൃത്യതയോടെ ഈ ഭരണഘടനയിൽ വിവരിച്ചിട്ടുണ്ട്. ആ ഭരണഘടന അനുസരിച്ചുവേണം ഇവിടെ ഹിന്ദു മുഖ്യമന്ത്രിയായാലും, ഇസ്ലാം പ്രധാനമന്ത്രിയായാലും ഏതു മതത്തിലോ ജാതിയിലോ പെടുന്നയാൾ ഭരണത്തിൽ വന്നാലും അവരെയെല്ലാം നയിക്കേണ്ടത്. അവർ വിശ്വസിക്കുന്ന ജാതിയുടെയോ മതത്തിന്റെയോ തത്ത്വങ്ങളല്ല, മറിച്ച് ഇന്ത്യൻ ഭരണഘടനയുടെ തത്ത്വങ്ങൾ മാത്രമാണ് അംഗീകരിക്കേണ്ടത്. ഈ ഭരണഘടനാ നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ ഈ രാജ്യത്തിന് പ്രവർത്തിക്കാൻ കഴിയൂ; പ്രവർത്തിക്കാൻ പാടുള്ളു.

മതങ്ങൾക്ക് അവയുടെ വിശ്വാസമാകാം. ആർട്ടിക്കിൾ 90ൽ ഇതു പറയുന്നുണ്ട്. അവിടെ ഫണ്ടമെന്റൽ റൈറ്റായിട്ട് പറയുന്നുണ്ട്. അവകാശരൂപത്തിൽ തന്നെ വിശ്വസിക്കുവാനും, ചിന്തിക്കുവാനും പ്രചരിപ്പിക്കുവാനും ആരാധിക്കുവാനുമൊക്കെയുള്ള അവകാശം നമുക്ക്. ഇന്ത്യാ മഹാരാജ്യത്തിൽ എവിടെയും യാത്ര ചെയ്യുവാനുള്ള അവകാശമുണ്ട്. ഏതു തൊഴിലും സ്വീകരിക്കാം. ഏതു വ്യാപാരമേഖലയിലും പ്രവർത്തിക്കാം. ഇതുപോലെ സമ്മേളിക്കാം. സംഘടനകൾ ഉണ്ടാക്കാം. നാനാവിധമായ മൗലികമായ അവകാശങ്ങൾ ഭരണഘടന പ്രദാനം ചെയ്യുന്നുണ്ട്. ഭരണം നിർവ്വഹിക്കേണ്ട മാർഗ്ഗനിർദേശ തത്ത്വങ്ങളിൽ അന്തർ ലീനമായിട്ടുള്ള ആ വകുപ്പുകൾ പരിശോധിച്ചാൽ മനസ്സിലാകും.

പിന്നാക്കം നിൽക്കുന്ന രാജ്യമായ ഇന്ത്യ സ്വതന്ത്രമായപ്പോൾ നാനാമേഖലകളിൽ എങ്ങനെ മഹത്തരമായി വളരണം, വളർന്നുകൊണ്ടേയിരിക്കണം എന്നു ചൂണ്ടിക്കാണിക്കുന്ന ഭരണഘടനയുടെ മാർഗ്ഗനിർദ്ദേശ തത്ത്വങ്ങളുണ്ട്. സ്ത്രീയും പുരുഷനും തുല്യനീതി. തുല്യശമ്പളം. എല്ലാമേഖലയിലും എല്ലാവരും ഒരുപോലെ തങ്ങളുടെ സ്വത്ത് വിഭജനം ചെയ്യുന്ന യൂണിഫോം സിവിൽകോഡ് എന്നു തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ഭരണഘടനയിലുണ്ട്.

മതവിശ്വാസികൾക്ക് അവരുടെ വിശ്വാസമനുസരിച്ച്, ആ വിശ്വാസം ഉയർത്തിപ്പിടിച്ചുകൊണ്ട് ചിന്തിക്കുവാനും, പ്രവർത്തിക്കുവാനും, പ്രചരിപ്പിക്കുവാനും ആരാധിക്കുവാനും അവകാശമുണ്ട്. ഭൂരിപക്ഷ മതമായ ഹിന്ദുക്കൾ ഭൂരിപക്ഷമായതുകൊണ്ട് കൂടുതൽ അവകാശം അവർക്കും; കുറച്ച് ആളുകളുള്ള ക്രിസ്ത്യാനികൾക്ക് കുറഞ്ഞ അവകാശവും അല്ല, മഹാഭൂരിപക്ഷമായ ഹൈന്ദവർക്കും ഭൂരിപക്ഷമില്ലാത്ത അതീവ ന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്കും പാഴ്സികൾക്കും ജൈനന്മാർക്കും ഒക്കെയുള്ള ഈ അവകാശം ഒരേ അളവിലാണെന്നു മാത്രം. ഭൂരിപക്ഷമുള്ളതുകൊണ്ട്, ശക്തി കൂടുതൽ ഉള്ളതുകൊണ്ട് നമുക്ക് ആരുടേയും മേലെ നമ്മുടെ അധീശത്വം അംഗീകരിപ്പിക്കാനുള്ള അവകാശം ഭരണഘടന നൽകുന്നില്ല. നമുക്കുള്ളതുപോലെയുള്ള അവകാശം അവർക്കുമുണ്ട് എന്ന് അംഗീകരിക്കാൻ കഴിയണം. ഈശ്വരനിലും ജാതിയിലും മതത്തിലുമൊക്കെ നമുക്കു വിശ്വസിക്കാൻ സ്വാതന്ത്ര്യമുണ്ടെങ്കിൽ, അതിലൊന്നും വിശ്വാസമില്ലാത്ത ലക്ഷക്കണക്കിന് മനുഷ്യരും ഈ രാജ്യത്തു ജീവിക്കുന്നുണ്ട്. അവർക്ക് ഈശ്വരനിൽ വിശ്വാസമില്ലാതെ, ജാതിവ്യവസ്ഥയിൽ വിശ്വാസമില്ലാതെ, ജീവിക്കാനുള്ള അവകാശവും ഭരണഘടന തന്നെ പ്രദാനം ചെയ്യുന്നു. സെക്കുലറിസം എന്നു പറഞ്ഞാൽ അതും ഉൾക്കൊള്ളുന്നതാണ്. നമുക്ക് മതത്തിലും ജാതിയിലും വിശ്വസിക്കാൻ സ്വാതന്ത്ര്യമുണ്ടെങ്കിൽ സെക്കുലർ സ്റ്റേറ്റിൽ അതിൽ വിശ്വാസമില്ലാത്തവർക്ക് അതു പുലർത്തുവാനും ആചരിക്കുവാനും ഉള്ള സ്വാതന്ത്ര്യമുണ്ട്. ഇതെല്ലാം മൗലികമായി ഇന്ത്യയിലെ പൗരന്മാർ അടിവരയിട്ട് അംഗീകരിച്ചാൽ മാത്രമെ നാനാമേഖലയിൽ പിന്തള്ളിക്കിടക്കുന്ന ഈ രാജ്യത്തെ ഒരുമിച്ചൊരുമിച്ചുനിന്ന് കൈപിടിച്ചുയർത്തിക്കൊണ്ടുവരാൻ കഴിയുകയുള്ളുവെന്ന യാഥാർത്ഥ്യം കൂടി നാം മനസ്സിലാക്കണം.

പലതരം ഡിമോക്രസിയുണ്ട്. അമേരിക്കൻ ഡിമോക്രസിയിൽ പ്രസിഡൻഷ്യൽ ഭരണസംവിധാനമാണ്. അമേരിക്കൻ കോൺഗ്രസ്സുണ്ട്, പാർലമെന്റുണ്ട്. എന്നാൽ പ്രസിഡന്റിനാണ് അധികാരം. ഇവിടെ പ്രസിഡന്റ് ടൈറ്റിൽ ഹെഡാണ്. ചുരുങ്ങിയ അധികാരങ്ങളെ തനതായിട്ടുള്ളു. ഡിമോക്രസി എന്നു നമ്മുടെ ഭരണഘടനയിൽ ഉദ്ദേശിച്ചിരിക്കുന്നത് പാർലമെന്ററി ഡിമോക്രസിയാണ്. അതും പ്രധാനമായും രാഷ്ട്രീയപാർട്ടികൾ ഉൾക്കൊള്ളുന്ന പാർലമെന്ററി ഡിമോക്രസി. അങ്ങനെയുള്ള ജനാധിപത്യരാജ്യമാണ് ഇന്ത്യ.

റിപ്പബ്ലിക് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഭൂരിപക്ഷത്തിന്റെ ഹിതം അനുസരിച്ച് ഭരണം നടക്കുന്ന അവസ്ഥയാണ്. ഒരു ന്യൂനപക്ഷത്തിന്റേതല്ല. രാജ്യത്തെ മഹാഭൂരിപക്ഷത്തിന്റെയും ഇംഗിതമനുസരിച്ച് ഭരണം നടക്കുന്ന അവസ്ഥ നിലനിൽക്കുന്ന ഒരു പാർലമെന്ററി സംവിധാനമാണത്. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ കേന്ദ്രപാർലമെന്റിലും സംസ്ഥാന നിയമസഭകളിലും സമ്മേളിച്ച് അവരുടെ പ്രതിനിധികളായി മന്ത്രിമാരും മുഖ്യമന്ത്രിയും പ്രധാനമന്ത്രിയും കേന്ദ്രമന്ത്രിമാരും ഒക്കെയുള്ള ഒരു പാർലമെന്ററി ജനാധിപത്യ സംവിധാനമാണ് ഇന്ത്യയിലുള്ളത്. സോവറിൻ, സോഷ്യലിസ്റ്റ്, സെക്കുലർ ഡിമോക്രാറ്റിക് റിപ്പബ്ലിക് എന്നു ചുരുക്കത്തിൽ പറയാം.

എന്തിനുവേണ്ടിയാണ് രാജ്യം ഇങ്ങനെ ഒന്നുണ്ടാക്കിയത്? JUSTICE, LIBERTY, EQUALITY, FRATERNITY എന്നിവ രാജ്യത്തെ എല്ലാ പൗരന്മാർക്ക് ലഭിക്കുവാൻ.

തൊട്ടുകൂടായ്മയും തീണ്ടികൂടായ്മയും ഈ രാജ്യത്തു പാടില്ല. സാമൂഹികമായ നീതി ഉണ്ടാവണം. വകുപ്പ് 17 പ്രകാരം തൊട്ടുകൂടായ്മ നിരോധിച്ചുകഴിഞ്ഞു. കേരളത്തിൽ ഇത് നടപ്പായികഴിഞ്ഞു. ഇത് തിരിച്ചുവരു

# ഭരണഘടനയുടെ ആമുഖം



ത്താൻ വേണ്ടിയുള്ള ശ്രമമൊക്കെ ബോധപൂർവ്വം നടക്കുന്നുണ്ട്. നടക്കട്ടെ, കേരളത്തിൽ അത് പരാജയപ്പെടുകതന്നെ ചെയ്യും. സാമൂഹിക ജീവിതത്തിൽ തുല്യമായ നീതി ലഭിക്കണമെങ്കിൽ ഈ ഒറ്റക്കാര്യം മാത്രം പോരാ. സമ്പത്തുവേണം. സമ്പത്തും തുല്യമായി വീതിക്കപ്പെടണം. ഇന്ത്യ ഒരു ദരിദ്രരാജ്യമാണെന്നു പറയാറുണ്ട്. തീർത്തും തെറ്റാണ്. ലോകത്തെ അതിസമ്പന്നമായ രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ഇന്ത്യയുടെ ധാതുക്കൾ, ലവണങ്ങൾ, വനപ്രദേശം ഇതെല്ലാം വിലമതിക്കാനാവാത്ത, ബൃഹത്തായ അമൂല്യമായ സമ്പത്താണ്. അടുത്തകാലത്ത് അതിന്റെ വിനിയോഗങ്ങളുടെ ചില കണക്കുകൾ പത്രങ്ങളിൽ നാം വായിച്ചു. ആ കണക്കുകൾ കാണിക്കുന്നത് എത്രയോ സമ്പത്ത് ആ മേഖലയിൽ ഇന്ത്യയ്ക്കുണ്ട് എന്നാണ്.

നാനാമേഖലയിൽ സമ്പന്നമാണ് ഈ രാഷ്ട്രം. ആ സമ്പത്ത് ആർക്കുവേണ്ടി വിനിയോഗിക്കപ്പെടുന്നു, ആര് ആ സമ്പത്ത് ഊറ്റിയെടുക്കുന്നു, ഉപയോഗിക്കുന്നു, എന്തിനുവേണ്ടി ഉപയോഗിക്കുന്നു. അതിന്റെ ഗുണം ഞാനും നിങ്ങളുമടങ്ങുന്ന സാധാരണക്കാരായ മനുഷ്യരിലേക്ക് എത്തുന്നുണ്ടോ? സാധാരണക്കാർക്ക് ഈ രാജ്യത്തിന്റെ സമ്പത്തിൽ പങ്കാളിത്തം ലഭിക്കുന്നുണ്ടോ? ആർക്കാണ് പങ്കാളിത്തം ലഭിക്കുന്നത്? അതാണ് ചോദ്യം. അത് എല്ലാവർക്കും നീതി ലഭിക്കുംവിധത്തിൽവേണം. രാഷ്ട്രത്തിന്റെ സമ്പത്തിൽ എല്ലാവർക്കും പങ്കാളിത്തമുള്ളതുപോലെ വിതരണം ചെയ്യപ്പെടണം. അത് ഇന്ന് വിതരണം ചെയ്യപ്പെടുന്നില്ല. സോഷ്യലിസ്റ്റ് എന്നെഴുതിവെച്ചിട്ട് സമ്പത്തിന്റെ നല്ലൊരു പങ്ക് ലക്ഷക്കണക്കിന് കോടി ആസ്ഥിയുള്ളവരുടെ കൈകളിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന വൈരുദ്ധ്യമാണ് ഇവിടെ നിലനിൽക്കുന്നത്.

ഉത്തരേന്ത്യയിൽ ചില രാജകുടുംബങ്ങൾ പ്രസംഗിക്കുമ്പോൾ അവരുടെ മുന്നിൽ വെളുത്ത തുണി മറയായി പിടിച്ചിരിക്കും. നേരിട്ട് കാണാതിരിക്കാൻ. തീണ്ടലുണ്ടാവും. സ്ക്രീൻ വെച്ചുകെട്ടി പ്രസംഗിച്ചാൽ പോലും മുന്നിൽ രണ്ടു ഭൂരിപക്ഷത്തോട് അവർ വിജയിക്കും. അന്ധമായ രാജാധിപത്യത്തോടുള്ള ആഭിമുഖ്യം. വാസ്തവത്തിൽ ഇത് കേരളത്തിലില്ല. രാഷ്ട്രീയധികാരം ഏതെങ്കിലും കക്ഷിയുടെ മാത്രം കൈകളിലല്ല, ജനങ്ങൾക്കുള്ള അധികാരമായി അത് മാറണം.

**125 കോടി സ്ത്രീപുരുഷന്മാരുടെ ഇടയിൽ സാഹോദര്യം പുലരണം. സ്നേഹത്തിൽ എല്ലാവരെയും പരസ്പരം അംഗീകരിക്കുന്ന സാഹോദര്യം കളിയാടണം. വ്യക്തിയുടെ അന്തസ്സ് പരിപാലിക്കപ്പെടണം. എല്ലാവരും തമ്മിൽ ഒഴുകി പരക്കാനുള്ള ആ സ്വാതന്ത്ര്യം. ഭരണഘടനയുടെ തത്ത്വങ്ങൾ മുറുകിപിടിച്ചുകൊണ്ട് ഏകോദരസഹോദരങ്ങളെപ്പോലെ വ്യക്തിയുടെ അ ന്തസ്സ് സംരക്ഷിച്ചുകൊണ്ട് സാഹോദര്യം വളരണം. ആ സാഹോദര്യം വളർത്തുമ്പോൾ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും പരിപാലിക്കപ്പെടണം. ഞങ്ങൾ ഏകോദര സഹോദരങ്ങളാണെന്നു പറഞ്ഞുകൊണ്ട് രാജ്യത്തെ ദ്രോഹിക്കാൻ കൂട്ടുനിൽക്കുന്ന ചില പ്രവണത നാം കണ്ടിട്ടുണ്ട്.**

LIBERTY of thought, expression, belief, faith and worship. ചിന്തിക്കാനും പ്രസംഗിക്കാനും പ്രചരിപ്പിക്കാനും വിശ്വസിക്കാനും ആരാധിക്കാനുമുള്ള സ്വാതന്ത്ര്യം എല്ലാ പൗരന്മാർക്കും ഉണ്ടാവണം. ഇക്വാളിറ്റി എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്. ഇന്ത്യൻ പ്രധാനമന്ത്രിയും സാധാരണ പൗരനും ഒന്നാണ് എന്നു പറയുന്നതിൽ അർത്ഥമില്ല. ആ വ്യത്യാസം മനസ്സിലാക്കുവാൻ നമുക്കു കഴിയണം. ഇക്വാളിറ്റി ഓഫ് സ്റ്റാറ്റസ് എന്നു പറഞ്ഞാൽ പൗരന്മാരെ അന്തസ്സിന്റെ പേരിൽ വേർതിരിക്കുന്ന, അല്ലെങ്കിൽ കുറേപ്പേരെ അടിമകളായി കാണുന്ന, കുറേപ്പേരുടെ മീതെ അധികാരമുള്ളവരായി കാണുന്ന അവസ്ഥ മാറണം എന്നതാണ്. എനിക്കും നിങ്ങൾക്കും ഈ സമൂഹത്തിൽ തുല്യമായ അന്തസ്സുണ്ടാവണം. പുതിയതായിട്ട് തൊഴിലുകളുണ്ടാകുന്നു. അല്ലെങ്കിൽ പല അവസരങ്ങൾ രാജ്യത്തുണ്ടാകുന്നു. സ്പോർട്സിൽ പങ്കെടുക്കാൻ അവസരം. കലയിൽ പങ്കെടുക്കാൻ അവസരം. വ്യത്യസ്ത മേഖലയിലുള്ള അവസരങ്ങൾ. ഇതെല്ലാം എല്ലാ പൗരന്മാർക്കും തുല്യമായി അവകാശപ്പെട്ടതാവണം. അതിനാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ പോലുള്ള സ്ഥാപനങ്ങൾ. എല്ലാവർക്കും ഈ പ്രക്രിയയിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഭരണക്രമം ഇവിടെ സംജാതമാകണം. അത് പരിപാലിക്കപ്പെടണം. അന്തസ്സിലും അവസരത്തിലും സമത്വത്തിലും.

125 കോടി സ്ത്രീപുരുഷന്മാരുടെ ഇടയിൽ സാഹോദര്യം പുലരണം. സ്നേഹത്തിൽ എല്ലാവരെയും പരസ്പരം അംഗീകരിക്കുന്ന സാഹോദര്യം കളിയാടണം. വ്യക്തിയുടെ അന്തസ്സ് പരിപാലിക്കപ്പെടണം. എല്ലാവരും തമ്മിൽ ഒഴുകി പരക്കാനുള്ള ആ സ്വാതന്ത്ര്യം. ഭരണഘടനയുടെ തത്ത്വങ്ങൾ മുറുകിപിടിച്ചുകൊണ്ട് ഏകോദരസഹോദരങ്ങളെപ്പോലെ വ്യക്തിയുടെ അന്തസ്സ് സംരക്ഷിച്ചുകൊണ്ട് സാഹോദര്യം വളരണം. ആ സാഹോദര്യം വളർത്തുമ്പോൾ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും പരിപാലിക്കപ്പെടണം. ഞങ്ങൾ ഏകോദര സഹോദരങ്ങളാണെന്നു പറഞ്ഞുകൊണ്ട് രാജ്യത്തെ ദ്രോഹിക്കാൻ കൂട്ടുനിൽക്കുന്ന ചില പ്രവണത നാം കണ്ടിട്ടുണ്ട്. അത്തരം പ്രവണതകൾ ഈ ഭരണഘടനയ്ക്ക് അന്യമായിട്ടുള്ളതാണ്. രാജ്യത്താകെ സാഹോദര്യം പുലരണം. ഇതാണ് ഇൻഡ്യൻ ഭരണഘടനയുടെ ആമുഖം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ വിപുലമായ വകുപ്പുകളാണ് ഈ ഭരണഘടനയ്ക്കകത്ത് ആകെയുള്ളത്.

സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ ഈ രാജ്യത്ത് 46 കോടി ജനങ്ങളാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്നത് 125 കോടി വർദ്ധിച്ചിരിക്കുന്നു. ഒരുപാട് വളർച്ച ഈ രാജ്യം നേടിയിട്ടുണ്ട്. വിദ്യാഭ്യാസത്തിൽ നേടിയിട്ടുണ്ട്. സമ്പത്തിൽ നേടിയിട്ടുണ്ട്. റെയിൽ ഗതാഗതം വർദ്ധിച്ചിട്ടുണ്ട്. റോഡ് ഗതാഗതം വളരെ വിസ്തൃതമായിട്ടുണ്ട്. ഒരുപാടു മേഖലകളിൽ വികാസം ഉണ്ടായിട്ടുണ്ട്. എന്നാൽ ഇന്നും വികസിക്കാത്ത മേഖലകൾ ഉണ്ട്. പ്രത്യേകിച്ച് ആരോഗ്യരംഗം.

സ്വാതന്ത്ര്യമെന്റെ ജന്മാവകാശമാണെന്ന് ബാലഗംഗാധര തിലകൻ പറഞ്ഞു. ജനിക്കുന്ന ഓരോ കുട്ടിയുടെയും അവകാശമാണ് ആരോഗ്യം എന്നത്. എന്നെപ്പോലെയുള്ളവർക്ക് സർക്കാരാണ് പണം മുടക്കുന്നത്. സാധാരണക്കാരുടെ സ്ഥിതി അതാണോ. താലൂക്ക് ആശുപത്രികളിലോ, പബ്ലിക് ഹെൽത്ത് സെന്ററുകളിലോ, അല്ലെങ്കിൽ ജനറൽ ആശുപത്രികളിലോ, ജില്ലാ ആശുപത്രിയിലോ, മെഡിക്കൽ കോളജിലോ ഒക്കെ പോയാൽ ഒരുപക്ഷെ നാം പ്രൈവറ്റ് ആശുപത്രിയിൽ പോയി നേടുന്ന അതേ സൗകര്യമുള്ള ചികിത്സ ലഭിക്കാറില്ല. പെരുമാറ്റദോഷം, മരുന്നില്ലായ്മ, ആവശ്യത്തിനു കിടക്കയില്ലായ്മ, വേണ്ടിടത്തെല്ലാം ആരോഗ്യകേന്ദ്രമില്ലായ്മ എന്നുതുടങ്ങി എന്തെല്ലാം ദരിദ്രമായ അവസ്ഥയാണ്.

ആതുരസേവനം എന്നു പറയുന്നത് മാറിമാറിവരുന്ന ഗവൺമെന്റുകൾ നിഷേധാത്മകമായ സമീപനമാണ് പ്രകടിപ്പിച്ചിട്ടുള്ളത്, മനപ്പൂർവ്വം എന്നു പറയുന്നില്ല. മാറിമാറിവരുന്ന ഗവൺമെന്റുകൾക്ക് ആത്മാർത്ഥമായ ഒരു സമീപനം ഉണ്ടായിരുന്നുവെങ്കിൽ എന്നാശിച്ചുപോകുന്നു. ലോ ആന്റ് ഓർഡർ ഉണ്ടായത് ഇവിടെ നിയമവാഴ്ച പുലരാൻ വേണ്ടിയാണ്. ഏതെങ്കിലും ഗുണ്ടയുടെയോ സംഘത്തിന്റെയോ കീഴിലാകാൻ പാടില്ല. സമൂഹത്തിൽ ക്രിയാത്മകമായ ക്രമപ്രവൃത്തിയുള്ള ഭരണജീവിതക്രമസംവിധാനം ഉണ്ടാവണം. അതിനാണ് സ്റ്റേറ്റ് ഉണ്ടായത്. ജനങ്ങൾ അസുഖം വന്നാൽ, ആശുപത്രിയിൽ എത്തിയാൽ, അവിടുത്തെ സംസ്കാരമെന്താണെന്നു നമുക്കറിയാം.

പല സ്വകാര്യ ആശുപത്രികളുടെയും ലക്ഷ്യം ധനസമ്പാദനമാണ്. എല്ലാ സ്വകാര്യ ആശുപത്രികളും അങ്ങനെയല്ല. പനിയായിട്ട് ചെന്നാൽ അത്യാവശ്യ പരിശോധനകൾ ആവശ്യമാണ്. എന്നാൽ അതിന്റെ പേരിൽ ഭാരിച്ച തുക ചെലവഴിക്കേണ്ടിവരുന്ന പരിശോധനകൾ ആവശ്യമുണ്ടോ എന്നും ആലോചിക്കേണ്ടതുണ്ട്. ഒരുപാട് മഹാന്മാരുടെ സമൂഹമാണത്. ആതുരസേവനരംഗത്ത് പ്രവർത്തിക്കുന്ന പല ഡോക്ടർമാരും അനാവശ്യകാര്യത്തിനുപോലും പരിശോധന നടത്തുന്നു. എന്റെ സുഹൃത്തായ ഒരു ഡോക്ടർ ഗവൺമെന്റ് സർവ്വീസിൽ നിന്നും പെൻഷനായപ്പോൾ അദ്ദേഹത്തെ ഒരു സ്വകാര്യ ആശുപത്രിയിലേക്ക് ക്ഷണിച്ചു. അദ്ദേഹത്തിനോട് പ്രതിഫലം ചോദിച്ചു. സമ്മതിച്ചു. ഒരു കാര്യം കൂടി പറഞ്ഞു. ഈ ആശുപത്രിയിൽ ഇന്നയിന്ന മെഷീനുകളൊക്കെ വാങ്ങിവെച്ചിട്ടുണ്ട്. അതൊക്കെ ഡോക്ടർ പ്രവർത്തിപ്പിക്കണം. അത്യാവശ്യമില്ലെങ്കിലും പ്രവർത്തിപ്പിച്ചോണം. 200 രൂപ മുടക്കേണ്ട സ്ഥാനത്ത് ഇരുപതിനായിരം രൂപ മുടക്കിയാലും ചികിത്സതീരാത്ത അവസ്ഥയി ലേക്ക് നമ്മെ തള്ളിവിടുന്ന കൊടുംക്രൂരത ആതുരസേവനത്തിന്റെ പേരുപറഞ്ഞ് സ്വകാര്യമേഖലയിൽ നടക്കുന്നുണ്ട്. എല്ലാവരുമെന്നു പറയുന്നില്ല. ആ കൊള്ളയ്ക്ക് പരിഹാരം ഒന്നേയുള്ളൂ. 'ആരോഗ്യം എന്റെ ജന്മാവകാശമാണ്. അത് ഞാൻ നേടുകതന്നെ ചെ യ്യും' എന്ന മുദ്രാവാക്യം ഉയർത്തുവാനുള്ള അവകാശം നമ്മിലോരോരുത്തരിലുമുണ്ട്. ആ അവകാശം സ്വാർത്ഥകമായി ഉപയോഗപ്പെടുത്തി പൊതുമേഖലയിൽ ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിയെടുക്കണം. അധികം റോഡും പാലവുമൊന്നും ഇനി വേണ്ട. അധികം വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉണ്ടാക്കേണ്ട. ജനങ്ങളുടെ ആരോഗ്യപരിപാലനത്തിനാവശ്യമായ ആധുനികമായ സജ്ജീകരണങ്ങൾ എല്ലാ മേഖലയിലും ഉണ്ടാവണം. മിടുക്കരായ ഡോക്ടർമാർ കേരളത്തിൽ നിൽക്കുന്നില്ല. അവരെല്ലാം വിദേശരാജ്യങ്ങളിലേക്ക് പോകുകയാണ്. ആ ഡോക്ടർമാരുടെ സേവനം നമുക്കു കിട്ടണം. അവർക്കാവശ്യമായ ശമ്പളം ലഭ്യമാകണം. അവർക്ക് സമാധാനത്തോടെ പ്രവർത്തിക്കുവാനുള്ള സാഹചര്യം ഉണ്ടാവണം.

ഖേദകരമായ ഒരു ഉദാഹരണം പറയാം. ഒരു ലേഡി ഡോക്ടർ. അവർ ഹോമിയോയിൽ ഡിഗ്രിയെടുത്തശേഷം എം.ബി.ബി.എസ്. പാസായി. വടക്കേ മലബാറിൽ പബ്ലിക് ഹെൽത്ത് സെന്റർ ജോലി കിട്ടി. അവിടെ എന്തോ കാര്യത്തിന് ഡോക്ടറുടെ പേരിൽ ആക്ഷേപം ഉന്നയിച്ചിട്ട് ആ സ്ത്രീയ ഖൊരാവോ ചെയ്തു. അവർ ഭയന്നു ബോധം കെട്ടുവീണു. മെഡിക്കൽ കോളജിൽ കൊണ്ടുപോയി. അവർ മരിച്ചുപോയി. ഡോക്ടർമാർ പ്രവർത്തിക്കുന്ന അവസ്ഥയും നാം മനസ്സിലാക്കണം. ഡോക്ടർമാർക്ക് വേണ്ടുന്നതായ എല്ലാ സൗകര്യങ്ങളും ആശുപത്രിയിൽ പ്രദാനം ചെയ്തിട്ടില്ല എന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം. നമുക്ക് ഒരുപാട് ആഗ്രഹങ്ങളുണ്ടാവാം. നാം തെറ്റിദ്ധരിക്കപ്പെടാം. കേസുകൾ കൈകാര്യം ചെയ്യേണ്ടിവരുന്നതുകൊണ്ട് ഇത്തരത്തിലുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെടാറുണ്ട്. നിരർത്ഥകമായ, അടിസ്ഥാനമില്ലാത്ത കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഡോക്ടർമാരെ അന്യരാക്കുന്ന, ശത്രുക്കളാക്കുന്നവിധം നാട്ടുംപുറത്ത് പാവപ്പെട്ടവർ പല ആളുകളുടെയും പിൻതുണയോടുകൂടി ആക്രമണം നടത്തുന്നുണ്ട്. അത്തരം പ്രവൃത്തിയും നല്ലതല്ല. അംഗീകരിക്കേണ്ടവരെ അംഗീകരിക്കണം. ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കണം. എങ്കിലാണ് അവരിൽ നിന്ന് ഏറ്റവും കൂടുതൽ സേവനം സമൂഹത്തിനു കിട്ടുക. ഒരാളെ വെറുപ്പിച്ചുകൊണ്ടിരുന്നാൽ അവരിൽ നിന്നും ലഭിക്കേണ്ടത് ലഭിക്കില്ല.

നിയമപാലകരായ പോലീസുകാരെ സിനിമയിലൂടെയും പുസ്തകങ്ങളിലൂടെയും അറുവഷളന്മാരായി ചിത്രീകരിക്കുന്ന ഒരു സ്റ്റേറ്റ് വേറെയുണ്ടോ എന്ന് എനിക്കറിയില്ല. ഈ പോലീസ് സംവിധാനത്തിൽ നല്ലവരായ, നല്ലമനസ്സുള്ള, നിയമപരമായി പ്രവർത്തിക്കുന്ന എത്രയോ ആളുകളുണ്ട്. എന്നാൽ ഇവരാകെ കള്ളന്മാരും കൊള്ളക്കാരും ചതിയ ന്മാരും ജനങ്ങളെ പറ്റിക്കുന്നവരും കുറ്റവാളികളെ രക്ഷിക്കുന്നവരുമായി തെമ്മാടിക്കൂട്ടങ്ങളെന്നപോലെ അവതരിപ്പിക്കുകയല്ലേ പല ചലച്ചിത്രങ്ങളിലും പല പുസ്തകങ്ങളിലും.

ഭരണഘടനയുടെ 51-എ യിൽ പറയുന്നു മൗലികമായ ചുമതലകൾ. ഭരണഘടനയുടെ കീഴിലുള്ള സ്ഥാപനങ്ങളെ ആദരിക്കുവാനുള്ള ചുമതല കൂടി നമുക്കുണ്ട്. എല്ലാത്തിനെയും ചീത്തയാക്കി, എല്ലാം വിഷമാണെന്നും, എല്ലാം വൃത്തികെട്ടതാണെന്നും, എല്ലാം മനുഷ്യർക്കെതിരാണെന്നും ഉള്ള ചിന്ത വരുത്തി സകലതിനെയും അധഃപതിപ്പിച്ച് നശിപ്പിക്കുന്ന ഒരു പ്രവണത ഇന്ത്യയിൽ ഏറ്റവും കൂടുതൽ നിലനിൽക്കുന്ന സ്റ്റേറ്റാണ് വാസ്തവത്തിൽ കേരളമെന്നു പറയാൻ ഞാൻ മടിക്കുന്നില്ല.

ടി.വി. ചാനലുകളോടൊക്കെ വലിയ ബഹുമാനമുള്ള ആളാണ് ഞാൻ. പക്ഷെ, ആ ചാനലുകളിലൊക്കെ പലരും ചെയ്യുന്നത് പല സംവിധാനങ്ങളെയും എങ്ങനെ തകർക്കാമെന്നാണ് പലപ്പോഴും അവരുടെ പ്രവർത്തനത്തിലൂടെ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതൊന്നും നാടിനു ഗുണം ചെയ്യുന്നതല്ല. നാടിനു ഗുണം ചെയ്യുന്ന, നമുക്കു ഗുണം ചെയ്യുന്ന, നമ്മുടെ പിഞ്ചുമക്കൾ വളർന്നുവരുമ്പോൾ അവർക്ക് ഈ നാട്ടിലെ വളർന്നുവന്നിട്ടുള്ള എല്ലാ ജീവിതസൗകര്യങ്ങളും വേണ്ടുവോളം മര്യാദ രൂപത്തിൽ പ്രവർത്തിക്കുന്ന ഒരു സമൂഹത്തിൽ ജീവിച്ചുകൊണ്ട് കൈയ്യാളുവാനും അനുഭവിക്കാനുമുള്ള അവസ്ഥ നാം നേടിക്കൊടുക്കണം.

സ്വാതന്ത്ര്യം നേടി ആദ്യത്തെ വർഷം തികഞ്ഞപ്പോൾ നെഹ്റു 1948ലെ പ്രക്ഷേപണീപ്രസംഗത്തിൽ പറഞ്ഞു. എല്ലാവരും ചോദിക്കുന്നു തങ്ങൾക്ക് ഈ രാജ്യത്തുനിന്ന് എന്തു കിട്ടിയെന്ന്. ഞാൻ ഒരു മറുചോദ്യം

➲13

# മോനെ ! ഈ ചതി മാതാപിതാക്കളോട് വേണ്ടാ...

കൊണ്ടുപോകാൻ മോഹം ഏറി. ഭാര്യയുടെ പ്രതികരണം എന്താകുമെന്നു ഭയന്ന് മോഹം അടിച്ചമർത്തി. ഏതായാലും ആ കൊല്ലം നാട്ടിലേക്കു കുടുംബമായി വരാൻ തീരുമാനിച്ചു. അന്ന് ജോർജ് അന്നക്കുട്ടിയോട് അല്പം ഭയപ്പാടോടെ അറിയിച്ചു:

"ഈ പ്രാവശ്യം നാട്ടിൽ ചെന്നാൽ അപ്പച്ചന്റെയും അമ്മച്ചിയുടെയും പാസ്പോർട്ടിന് അപേക്ഷിക്കണം."

"ജോർജേ! തന്റെ പൂതി എനിക്കു പിടികിട്ടി. അവരെ ഇങ്ങോട്ട് കെട്ടി എടുക്കാനല്ലേ? ഒരു കാര്യം പറഞ്ഞേക്കാം! കൊണ്ടുവന്നു കഴിഞ്ഞ്, ഇവിടെ സ്ഥിരം താമസത്തിനുള്ള പേപ്പർ ഫയൽ ചെയ്യാമെന്നു കരുതേണ്ട" അന്നക്കുട്ടി ജോർജിനെ തന്റെ ഇഷ്ടക്കേട് അറിയിച്ചു.

"അന്നക്കുട്ടി! ഞാനൊരു മകൻ മാത്രമല്ലേ അവർക്കുള്ളു. അവരവിടെ ഒറ്റയ്ക്കല്ലെ? വാർധക്യത്തിൽ അവരെ ആരു നോക്കും?" ജോർജ് രണ്ടും കല്പിച്ച് ആശങ്കയും ആകാംക്ഷയും അറിയിച്ചു.

"ഇവിടാരു നോക്കാനാ? നമുക്കു കുട്ടികൾ മൂന്നായി. അവരെ ശരിക്കു നോക്കാൻ കഴിയുന്നില്ല. അവരെ പഠിപ്പിക്കണം. പോരാഞ്ഞ് അപ്പനെയും അമ്മേം കൊണ്ടുവന്നാൽ ഒത്തിരി അസൗകര്യം വീട്ടിലുണ്ടാകും."

ബുദ്ധിമുട്ടുകൾ ഓരോന്നായി അന്നക്കുട്ടി എണ്ണിപ്പറഞ്ഞു. ആ തുടുത്ത മുഖം ഒന്നുകൂടെ ചുവന്നു. ഉള്ളിലെ ദ്വേഷ്യവും ഈർഷ്യയും പ്രകടമായി.

അന്നക്കുട്ടി പറഞ്ഞുനിർത്തിയപ്പോൾ തന്നെ മേശമേലിരുന്ന ജോർജിന്റെ മൊബൈൽ റിങ് ചെയ്യാൻ തുടങ്ങി. പെട്ടെന്ന് ജോർജ് അത് എടുത്തു. സ്ക്രീനിൽ 'അപ്പച്ചൻ അമ്മച്ചി' എന്ന പേര് തെളിഞ്ഞുവന്നു. ന്യൂയോർക്കിൽ അപ്പോൾ ഏതാണ്ട് രാത്രി ഒൻപതു മണി. ഫോൺ ഓൺ ചെയ്തു. പിതാവിന്റെ വിളി: "മോനെ! ഞാനാണ്, നിന്റെ അപ്പൻ. അമ്മ അടുത്തുണ്ട്."

"മനസ്സിലായി അപ്പാ." ജോർജ് മറുപടി പറഞ്ഞു.

"മോനെ! നമ്മുടെ വീട്ടിൽ കഴിഞ്ഞ രാത്രിയിൽ കള്ളൻ കയറി. ഞങ്ങൾ കിടന്ന മുറിയുടെ വാതിൽ തള്ളിത്തുറക്കാൻ ശ്രമിച്ചു. ഞങ്ങൾ അലറിക്ക രഞ്ഞു. നിലവിളി കേട്ട് അയലത്തെ രാഘവൻപിള്ള ഓടിവന്നു. കള്ളൻ ഓടിക്കളഞ്ഞു". ആവലാതിയോടെ അപ്പൻ സംഭവം വിവരിച്ചു.

മൊബൈൽ ഫോൺ, മാതാവ് പെട്ടെന്നു പിതാവിൽനിന്നും വാങ്ങി പറഞ്ഞു: "നീ എത്രയും പെട്ടെന്ന് ഇങ്ങോട്ടു വരണം, പേടിയാകുന്നു."

"പോലീസുകാരെ അറിയിച്ചോ?" ജോർജ്കുട്ടി തിരക്കി.

"പോലീസുകാരിവിടുണ്ട്. അവർ ഇവിടൊക്കെ പരിശോധിക്കുന്നു. പിള്ളേച്ചൻ രാവിലെ പോലീസ് സ്റ്റേഷനിൽ ചെന്നറിയിച്ചു; അടുത്തുണ്ട്. അദ്ദേഹത്തിന്റെ കൈയിൽ ഫോൺ കൊടുക്കാം."

ഫോൺ വാങ്ങിയ രാഘവൻപിള്ള ജോർജിനോട് കർശനമായി നിർദേശിച്ചു:

"കുഞ്ഞേ! ഒന്നുകിൽ അച്ചനെയും അമ്മയെയും നിങ്ങൾ ഇവിടെ വന്നു നോക്കണം. അല്ലെങ്കിൽ അവരെ കൊ ണ്ടുപോയി നോക്കണം. ഇതു രണ്ടും ഒക്കില്ലെങ്കിൽ വല്ല വൃദ്ധസദനത്തിലും ആക്ക്."

പോലീസുകാരിലൊരാളെ ഫോണി ൽ കിട്ടാൻ ജോർജ്, പിള്ളേച്ചനോട് അ ഭ്യർത്ഥിച്ചു.

പിള്ളേച്ചൻ ഒരു പോലീസിനു ഫോൺ കാട്ടി പറഞ്ഞു: "വീട്ടുകാരന്റെ മകൻ ജോർജ്കുട്ടിയാണ്."

പോലീസുകാരൻ ഗൗരവത്തിൽ സ്വരമുയർത്തി ഗമയിൽ സ്വയം പരിചയപ്പെടുത്തി: "ഞാൻ സിവിൽ പോലീസ് ഓഫിസർ നാസർ. എന്താണ് നിങ്ങൾക്കു പറയാനുള്ളത്?"

"സർ! ഒരു മാസത്തിനുള്ളിൽ ഞങ്ങൾ നാട്ടിൽ വരുന്നുണ്ട്. അതുവരെ രാത്രിയിൽ പോലീസുകാരെ ഡ്യൂട്ടിയിൽ ഇട്ടാൽ വലിയ ഉപകാരമായിരുന്നു. എന്തു ചെലവ് വന്നാലും വഹിച്ചോളാം." മറുപടി മറ്റേ തലയ്ക്കലുള്ള ജോർജ്കുട്ടിയിൽ നിന്ന് എത്തി.

ജോർജ് ചെലവിനെപ്പറ്റി നൽകിയ ഉറപ്പ് കേട്ടപ്പോൾ നാസർ എന്ന പോലീസിന്റെ മുഖത്ത് ഒരു എളിമയും പ്രസാദവും പ്രസരിപ്പും പ്രത്യക്ഷമായി .

"നോക്കട്ടെ! താങ്കൾ വരുന്നതുവരെ എന്തെങ്കിലും ചെയ്യാം. എത്രയും പെട്ടെന്ന് ഒളികൃാമറാ വല്ലതും വീട്ടിൽ ഫിറ്റ് ചെയ്യണം. മോഷ്ടാക്കൾ ആരെന്നു തിരിച്ചറിയാൻ ഒക്കും. അവിടിരുന്നാലും ഇവിടെ നടക്കുന്ന കാര്യങ്ങൾ കാണാൻ സാധിക്കുമല്ലോ?" സിവിൽ പോലീസ് ഓഫിസർ പരിഹാരനിർദേശവും നൽകി.

ഒറ്റ ആശങ്കയേ നാസറിന് ഉള്ളൂ... ഇനിയും ഒരു മാസംകൂടി 'കിട്ടാനുള്ളതിന് കാത്തിരിക്കണമല്ലോ.' ഈ സംഭാഷണങ്ങൾ എല്ലാം അന്നക്കുട്ടി കേട്ടുകൊണ്ടിരുന്നു.

ജോർജും കുടുംബവും താമസിയാതെ നാട്ടിലേക്കു തിരിച്ചു. വെളുപ്പിന് വീട്ടിലെത്തിയ അവരെ മാതാപിതാക്കൾ അതീവ സന്തോഷത്തോടെ സ്വീകരിച്ചു. കൊച്ചുമക്കളെ വാരിപ്പുണർന്നു. പരസ്പരം സ്നേഹത്തിൽ വീർപ്പുമുട്ടി. എങ്കിലും അന്നക്കുട്ടിയുടെ മുഖഭാവം വറകലംപോലെ. ഒട്ടും പ്രസാദമില്ലാത്ത മുഖം. ജോർജിന്റെ നിർബന്ധം മൂലമുള്ള വരവും അതിനു വന്ന ചെലവും അന്നക്കുട്ടിയെ ഏറെ അലട്ടി. ഓരോ കാര്യത്തിനും ജോർജിനെയും മാതാപിതാക്കളെയും കുറ്റപ്പെടുത്തേണ്ട അവസരങ്ങൾ കണ്ടെത്തിക്കൊണ്ടിരുന്നു.

രാവിലെതന്നെ ജോർജ് കുളിച്ചൊരുങ്ങി. സ്റ്റേഷനിൽ പോകുന്ന വിവരം അന്നക്കുട്ടിയെ ധരിപ്പിച്ചു. അന്നക്കുട്ടി ജോർജിനെ ഒരു മുറിയിലേക്കു കൊണ്ടുപോയി സ്വകാര്യമായി പറഞ്ഞു:

"നിങ്ങൾ പോകുന്നതു കൊള്ളാം, ഓരോ മാസവും പോലീസുകാർക്കുകൂടി കൊടുക്കാനുള്ള വരുമാനം നമുക്കില്ലെന്നോർമ വേണം." അന്നക്കുട്ടിയുടെ പരാധീനത കേട്ട് ജോർജ് തലകുലുക്കി.

"ഒരു നന്ദിവാക്ക് പോലീസിനോട് പറയേണ്ടേ? ഇനിയും എന്തെങ്കിലും സംഭവമുണ്ടായാൽ അവരുടെ സഹായം വേണ്ടേ?" അന്നക്കുട്ടി മനസ്സിലാക്കാൻ ജോർജ് ആകാംക്ഷയോടെ തിരികെ ചോദിച്ചു.

"ഇതിലും ഭേദം വൃദ്ധസദനത്തിൽ ആക്കുന്നതാ നല്ലത്. ഇവരെ അവർ നോക്കിക്കോളും."

**"വൃദ്ധസദനത്തിലോ? ഞങ്ങൾ വൃദ്ധരല്ലല്ലോ? ആ കാര്യം നീ ആലോചിക്കേണ്ട. ഞങ്ങളെങ്ങനെയെങ്കിലും ഇവിടെ കഴിഞ്ഞോളാം." ചൊടിപ്പുണ്ടാക്കുന്ന മകന്റെ നിർദേശം അപ്പന് ഇഷ്ടമായില്ല.**

**മാതാപിതാക്കളുടെ അമർഷവും എതിർപ്പും കൂടുന്നതിനു മുൻപ് ക്യാമറ പിടിപ്പിക്കാൻ തീരുമാനമായി. ഇവിടെ നടക്കുന്ന ഏതു സംഭവവും ന്യൂയോർക്കിലിരുന്നു കാണുംവിധം സാങ്കേതിക മികവുള്ള വിലയേറിയ ക്യാമറ, പ്രധാനമായി വീടിന്റെ ഗേറ്റിലും പുറകിലും കൂടാതെ മാതാപിതാക്കളുടെ കിടക്കമുറിയിലും പിടിപ്പിച്ചു. എല്ലാ ക്യാമറകളും അനുബന്ധ ഉപകരണങ്ങളും സാങ്കേതിക മികവുള്ളതാണെന്നു ജോർജും അന്നക്കുട്ടിയും ഉറപ്പുവരുത്തി.**

"അതിനവർ കിഴവനും കിഴവിയുമല്ലല്ലോ. അവരുടെ സമ്മതംകൂടി വേണ്ടേ?"

അന്നക്കുട്ടിയുടെ നിർദേശം കേട്ട ജോർജ് അമർഷത്തിൽ മറുപടി പറഞ്ഞു.

"ഇന്നല്ലെങ്കിൽ നാളെ അതുചെയ്യേണ്ടിവരും.എപ്പോഴും നമുക്കു വന്നന്വേഷിക്കാൻ പറ്റുമോ?

അല്ലെങ്കിൽ ജോർജ് ഇവിടെ നിൽക്കേണ്ടിവരും. തൽക്കാലം പോലീസ് പറഞ്ഞ ഒളിക്യാമറ പിടിപ്പിക്ക്. അതാണു നല്ലത്."

ജോർജ് അന്നക്കുട്ടിയുടെ നിർദേശവും താല്പര്യവും കേട്ടു. 'അല്ലെങ്കിൽ ജോർജ് ഇവിടെ നിൽക്കേണ്ടിവരുമെന്ന' അന്നക്കുട്ടിയുടെ താക്കീത് ഭയാശങ്കയോടെ ഓർത്ത് പോലീസ് സ്റ്റേഷനിലേക്കു നടന്നു.

പോലീസ് സ്റ്റേഷനും അടുത്തുള്ള മറ്റു രണ്ടു വൃദ്ധസദനങ്ങളും സന്ദർശിച്ച് ജോർജ് ഉച്ചയോടെ വീട്ടിലെത്തി. ഒന്നുകിൽ ഒളിക്യാമറ പിടിപ്പിക്കുക അല്ലെങ്കിൽ വൃദ്ധസദനത്തിലാക്കുക എന്ന് ജോർജ് തീരുമാനിച്ചു. മകൻ വന്നയുടൻ പിതാവ് ആകാംക്ഷയോടെ ചോദിച്ചു:

"നീ പോയിട്ട് എന്തായി?"

"ഒന്നുകിൽ നിങ്ങളെ രണ്ടു പേരേം വൃദ്ധസദനത്തിൽ ആക്കും. അല്ലെങ്കിൽ ഒളിക്യാമറ ഫിറ്റ് ചെയ്യും. ഇവിടെ കാവൽ നിൽക്കാൻ പോലീസുകാർക്ക് ഒക്കില്ലെന്നവർ പറഞ്ഞു."

"വൃദ്ധസദനത്തിലോ? ഞങ്ങൾ വൃദ്ധരല്ലല്ലോ? ആ കാര്യം നീ ആലോചിക്കേണ്ട. ഞങ്ങളെങ്ങനെയെങ്കിലും ഇവിടെ കഴിഞ്ഞോളാം." ചൊടിപ്പുണ്ടാക്കുന്ന മകന്റെ നിർദേശം അപ്പന് ഇഷ്ടമായില്ല.

മാതാപിതാക്കളുടെ അമർഷവും എതിർപ്പും കൂടുന്നതിനു മുൻപ് ക്യാമറ പിടിപ്പിക്കാൻ തീരുമാനമായി. ഇവിടെ നടക്കുന്ന ഏതു സംഭവവും ന്യൂയോർക്കിലിരുന്നു കാണുംവിധം സാങ്കേതിക മികവുള്ള വിലയേറിയ ക്യാമറ, പ്രധാനമായി വീടിന്റെ ഗേറ്റിലും പുറകിലും കൂടാതെ മാതാപിതാക്കളുടെ കിടക്കമുറിയിലും പിടിപ്പിച്ചു. എല്ലാ ക്യാമറകളും അനുബന്ധ ഉപകരണങ്ങളും സാങ്കേതിക മികവുള്ളതാണെന്നു ജോർജും അന്നക്കുട്ടിയും ഉറപ്പുവരുത്തി.

അവശേഷിച്ച അവധി കഴിഞ്ഞ് ജോർജും കുടുംബവും ന്യൂയോർക്കിലേക്കു മടങ്ങി. ന്യൂയോർക്കിൽ പകൽ ആകുമ്പോൾ കേരളത്തിൽ സമയക്രമം രാവാകുന്ന നേരം. ജോർജിന് പകൽ സമയങ്ങളിൽ ക്യാമറയുടെ പ്രവർത്തനവും വിശേഷങ്ങളും പരിശോധിക്കാൻ സൗകര്യമുണ്ടല്ലോ എന്ന ആശ്വാസം. പതിവായി നാട്ടിലെ കാര്യങ്ങൾ ക്യാമറയിൽ കൂടി ഇടയ്ക്കു കണ്ടുകൊണ്ടിരുന്നു...

ഇപ്രകാരമിരിക്കെ അന്നക്കുട്ടി നാട്ടിൽ കാര്യങ്ങൾ എങ്ങനെ ഉണ്ടെന്നറിയുവാൻ ന്യൂയോർക്കിലെ പകൽസമയത്ത് സിസ്റ്റം ഓൺ ചെയ്തു. ഒരു കാഴ്ച കണ്ട് അന്നക്കുട്ടി അമ്പരപ്പോടെ തരിച്ചിരുന്നു. 'ഹായി' എന്ന് അത്യുച്ചത്തിൽ വിളിച്ച് ക്യാമറയിലേക്ക് തള്ളിയ ഉണ്ടക്കണ്ണുമായി ഒരേ ഇരുപ്പ്: അല്പനേരം കഴിഞ്ഞ് 'ജോർജേ, ജോർജേ' എന്ന് ഉച്ചത്തിൽ നീട്ടിവിളിച്ചു.

വിളികേട്ട് ജോർജ്, അന്നക്കുട്ടിക്കരികിലേക്ക് ഓടിയെത്തി. ഭാര്യയുടെ മുഖഭാവം കണ്ട് ജോർജ് ഭയത്തോടെ ചോദിച്ചു.

"നിനക്ക് എന്തുപറ്റി?"

"എന്തു പറ്റിയെന്നോ?" ജോർജ് ക്യാമറയിലേക്കു ഒന്നു നോക്കിയേ! കിഴവനും കിഴവിയും എന്തൊക്കെയാ....? പ്രായമായാലും ഇവർക്ക് നാണമില്ലേ?"

ജോർജിന് ഏതാണ്ട് കാര്യം പിടികിട്ടി. ജോർജിന്റെ മുഖത്ത് ഒരു നാണവും ഇച്ഛാഭംഗവും പ്രകടമായി. അറിയാതെ മനസ്സിൽ പറഞ്ഞു:

"ഛേ! ഈ കാണുന്നതെന്താണ്?"

ജോർജിന്റെ മാതാവും പിതാവും പരിസരം മറന്ന് പങ്കിടുന്ന സ്നേഹം. മകനായ താൻ നേരിൽ കണ്ടുപോയല്ലോ എന്ന ആത്മനിന്ദ. ഈ കാഴ്ച മൂലം ജോർജ് ആകെ സ്തബ്ധനായി. ഭാര്യയുടെ മുൻപിൽ അപമാനഭാരത്തോടെ നിന്നു.

ജോർജിന്റെ വിവാഹസമയത്തു പുരോഹിതൻ വായിച്ച ഒരു പ്രബോധന ഭാഗം ഓർമയിലോടിയെത്തി. 'നിങ്ങളിൽ ഓരോരുത്തനും അവനവന്റെ ഭാര്യയോടുള്ള ബന്ധം എങ്ങനെ ആയിരിക്കണമെന്നു ശ്രദ്ധിപ്പിൻ. ഇവർ സ്വന്തമാളുകളെ വെടിഞ്ഞ് ഇവളുടെ ഭർത്താവിനോട് സംയോജിക്കപ്പെട്ടിരിക്കുന്നു. ഇരുവരും ഒരു ശരീരമാണ്. ആകയാൽ ഭർത്താവ് ഭാര്യയെ പ്രീതിപ്പെടുത്തുകയും അവളോട് ദയയുള്ളവനായിരിക്കുകയും വേണം. അവൻ നഗ്നനായിരുന്നാലും അവൾക്കു ധരിപ്പാൻ നൽകണം. തന്റെ പ്രാണനെപ്പോലെ അവൾ അവനോടും വർത്തിക്കണം. അവൻ വിശന്നിരുന്നാലും അവൾക്കു ഭക്ഷണം നൽകണം. അവൻ ദാഹിച്ചിരുന്നാലും അവൾക്കു കുടിപ്പാൻ നൽകണം. അവളും ന്യായപ്രകാരം അവന്റെ പരിചരണം നിർവഹിക്കാൻ കടപ്പെട്ടവളാകുന്നു. എല്ലാ കാര്യങ്ങളിലും സ്നേഹത്തോടും പ്രേമത്തോടും കൂടി അവൾ അവന്റെ അരികിൽ വർത്തിക്കണം.'

അപ്പനും അമ്മയും ഈ പ്രബോധനം കൈക്കൊണ്ടവരാണല്ലോ എന്നോർത്ത് ജോർജ് ക്യാമറ ഓഫാക്കി. ഫോൺ എടുത്തു പെട്ടെന്ന് അപ്പനെ വിളിച്ചു. അപ്രതീക്ഷിതമായി ഫോൺ ബെൽ. ബെല്ലടി ശബ്ദം കേട്ടെങ്കിലും ജോർജിന്റെ പിതാവ് ഫോൺ എടുക്കാൻ ധൃതി കാട്ടിയില്ല. ബാക്കി ചിന്തനീയം. തുടരെയുള്ള ഫോൺകോൾ അവർക്കു ശല്യമായപ്പോൾ, ഫോൺ ഓൺ ചെയ്തു. ആ പിതാവിനോട്, മകൻ പരിഭവത്തിൽ പറഞ്ഞു:

"അപ്പാ നിങ്ങൾ അവിടെ... ഇവിടിരുന്നാൽ ഞങ്ങൾക്ക് എല്ലാം ക്യാമറയിൽ കാണാം. പ്രായമായില്ലേ?"

ആ പിതാവ് മകന്റെ പൂർത്തിയാക്കാത്ത വാക്കുകൾ കേട്ട് ഞെട്ടിത്തരിച്ച് അല്പനേരം മൗനമായിരുന്നു. ഒരു ദീർഘനിശ്വാസം വിട്ടതിനു ശേഷം നിരുദ്ധകണ്ഠനായി പറഞ്ഞു:

"എങ്കിലും മോനെ! ഞങ്ങളോട് ഈ ചതി വേണ്ടായിരുന്നു."

കൂടെ ഒരു കാര്യം പറയാൻ വിട്ടുപോയതിൽ ക്ഷമിക്കണം. സംശയനിവാരണത്തിന് ഒരു ചോദ്യം ഉന്നയിക്കുന്നു. പുരുഷൻ പ്രായാധിക്യത്തിലാകുമ്പോൾ അവന്റെ ലൈംഗിക ആസക്തി എത്ര വയസ്സുവരെ ഉണ്ടാകും? ഉത്തരം: അയാൾ മരണപ്പെട്ടുകഴിഞ്ഞ് പത്തു മിനിറ്റോളം ഉണ്ടാകും.




സുഹൃത്തുക്കളേ,

ഈ ക്യാമ്പയിനിൽ ചേരുന്നതിലൂടെ ഏതൊരു വ്യക്തിക്കും തന്റെ അമ്മയുടെ പേരിൽ ഒരു മരം നടാം. നിങ്ങളുടെ അമ്മ കൂടെയുണ്ടെങ്കിൽ അവരെയും കൂട്ടിക്കൊണ്ടുപോയി ഒരു മരം നടാം, അല്ലാത്തപക്ഷം അവരുടെ ഫോട്ടോ എടുത്ത് നിങ്ങൾക്ക് ഈ കാമ്പയിനിന്റെ ഭാഗമാകാം. വൃക്ഷത്തിനൊപ്പമുള്ള നിങ്ങളുടെ സെൽഫി mygov.in-ലും നിങ്ങൾക്ക് പോസ്റ്റ് ചെയ്യാം. അമ്മ നമുക്കുവേണ്ടി ചെയ്യുന്ന എല്ലാത്തിനും അമ്മയോടുള്ള കടം നമുക്ക് ഒരിക്കലും വീട്ടാൻ കഴിയില്ല, പക്ഷേ അവരുടെ പേരിൽ ഒരു മരം നട്ടുപിടിപ്പിച്ചാൽ, അവരുടെ സാന്നിധ്യം എന്നെന്നേക്കുമായി നിലനിർത്താം.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

നിങ്ങളുടെ കുട്ടിക്കാലത്ത് നിങ്ങളുടെ വീടിന്റെ മേൽക്കൂരയിലോ മരങ്ങളിലോ കുരുവികൾ ചിലയ്ക്കുന്നത് നിങ്ങൾ എല്ലാവരും കണ്ടിരിക്കണം. കുരുവി തമിഴിലും മലയാളത്തിലും കുരുവി എന്നും തെലുങ്കിൽ പിച്ചുക എന്നും കന്നഡയിൽ ഗുബ്ബി എന്നും അറിയപ്പെടുന്നു. എല്ലാ ഭാഷയിലും സംസ്കാരത്തിലും കുരുവികളെക്കുറിച്ച് കഥകൾ പറയാറുണ്ട്. നമുക്ക് ചുറ്റുമുള്ള ജൈവവൈവിധ്യം നിലനിർത്തുന്നതിൽ കുരുവികൾ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു, എന്നാൽ ഇന്ന് നഗരങ്ങളിൽ കുരുവികൾ അപൂർവ്വമായി മാത്രമേ കാണപ്പെടുന്നുള്ളൂ. വർദ്ധിച്ചുവരുന്ന നഗരവൽക്കരണം മൂലം കുരുവികൾ നമ്മിൽ നിന്ന് അകന്നുപോയി. ചിത്രങ്ങളിലോ വീഡിയോകളിലോ മാത്രം കുരുവികളെ കണ്ടിട്ടുള്ള നിരവധി കുട്ടികൾ ഇന്നത്തെ തലമുറയിലുണ്ട്. അത്തരം കുട്ടികളുടെ ജീവിതത്തിൽ ഈ മനോഹര പക്ഷിയെ തിരികെ കൊണ്ടുവരാൻ ചില അതുല്യമായ ശ്രമങ്ങൾ നടക്കുന്നു. കുരുവികളുടെ എണ്ണം വർധിപ്പിക്കാനുള്ള ക്യാമ്പയിനിന്റെ ഭാഗമായി സ്കൂൾ കുട്ടികളെ ഉൾപ്പെടുത്തി, ചെന്നൈയിലെ കൂടുഗൽ ട്രസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ ആളുകൾ സ്കൂളുകളിൽ പോയി, നിത്യജീവിതത്തിൽ കുരുവികൾ എത്ര പ്രധാനമാണെന്ന് കുട്ടികളോട് പറയുന്നു. കുരുവികളുടെ കൂടുണ്ടാക്കാൻ ഈ സ്ഥാപനങ്ങൾ കുട്ടികൾക്ക് പരിശീലനം നൽകുന്നു. ഇതിനായി ഇൻസ്റ്റിറ്റ്യൂട്ടിലെ ആളുകൾ മരംകൊണ്ടുള്ള ചെറിയ വീട് ഉണ്ടാക്കാൻ കുട്ടികളെ പഠിപ്പിച്ചു. ഇതിൽ കുരുവികൾക്ക് തങ്ങാനും ഭക്ഷണം കഴിക്കാനും സൗകര്യമൊരുക്കി. ഏതെങ്കിലും കെട്ടിടത്തിന്റെ പുറം ഭിത്തിയിലോ മരത്തിലോ സ്ഥാപിക്കാവുന്ന വീടുകളാണിത്. കുട്ടികൾ ഈ കാമ്പയിനിൽ ആവേശത്തോടെ പങ്കെടുക്കുകയും കുരുവികൾക്ക് കൂട്ടത്തോ ടെ കൂടുണ്ടാക്കുകയും ചെയ്തു. കഴിഞ്ഞ നാല് വർഷത്തിനിടെ ഇത്തരത്തിലുള്ള പതിനായിരം കൂടുകളാണ് കുരുവികൾക്കായി സംഘടന ഒരുക്കിയത്. കൂടുഗൽ ട്രസ്റ്റിന്റെ ഈ സംരംഭം മൂലം സമീപ പ്രദേശങ്ങളിൽ കുരുവികളുടെ എണ്ണം വർധിച്ചു തുടങ്ങിയിട്ടുണ്ട്. നിങ്ങളും നിങ്ങളുടെ ചുറ്റുപാടിൽ അത്തരം ശ്രമങ്ങൾ നടത്തുകയാണെങ്കിൽ, തീർച്ചയായും കുരുവികൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമായി മാറും.

**കർണാടകയിലെ മൈസൂരുവിലെ ഒരു സംഘടന കുട്ടികൾക്കായി ഏർലി ബേർഡ് എന്ന പേരിൽ ഒരു കാമ്പയിൻ ആരംഭിച്ചു. കുട്ടികൾക്ക് പക്ഷിക ളെ കുറിച്ച് പറഞ്ഞു കൊടുക്കാൻ ഈ സംഘടന ഒരു പ്രത്യേക ലൈബ്രറി നടത്തുന്നു. മാത്രമല്ല, കുട്ടികളിൽ പ്രകൃതിയോടുള്ള ഉത്തരവാദിത്തബോധം വളർത്തുന്നതിനായി നേച്ചർ എജ്യുക്കേഷൻ കിറ്റ്തയ്യാറാക്കിയിട്ടുണ്ട്. ഈ കിറ്റിൽ കുട്ടികൾക്കുള്ള സ്റ്റോറി ബുക്ക്, ഗെയിമുകൾ, ആക്റ്റിവിറ്റി ഷീറ്റുകൾ, ജിഗ്സോ പസിലുകൾ എന്നിവ അടങ്ങിയിരിക്കുന്നു. ഈ സംഘടന നഗരത്തിലെ കുട്ടികളെ ഗ്രാമങ്ങളിലേക്ക് കൊണ്ടുപോകുകയും പക്ഷികളെക്കുറിച്ച് പറയുകയും ചെയ്യുന്നു. ഈ സംഘടനയുടെ ശ്രമഫലമായി കുട്ടികൾ പലതരം പക്ഷികളെ തിരിച്ചറിയാൻ തുടങ്ങിയിട്ടുണ്ട്.**

സുഹൃത്തുക്കളേ,

കർണാടകയിലെ മൈസൂരുവിലെ ഒരു സംഘടന കുട്ടികൾക്കായി ഏർലി ബേർഡ് എന്ന പേരിൽ ഒരു കാമ്പയിൻ ആരംഭിച്ചു. കുട്ടികൾക്ക് പക്ഷികളെ കുറിച്ച് പറഞ്ഞു കൊടുക്കാൻ ഈ സംഘടന ഒരു പ്രത്യേക ലൈബ്രറി നടത്തുന്നു. മാത്രമല്ല, കുട്ടികളിൽ പ്രകൃതിയോടുള്ള ഉത്തരവാദിത്തബോധം വളർത്തുന്നതിനായി നേച്ചർ എജ്യുക്കേഷൻ കിറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇ ൗ കിറ്റിൽ കുട്ടികൾക്കുള്ള സ്റ്റോറി ബുക്ക്, ഗെയിമുകൾ, ആക്റ്റിവിറ്റി ഷീറ്റുകൾ, ജിഗ്സോ പസിലുകൾ എന്നിവ അടങ്ങിയിരിക്കുന്നു. ഈ സംഘടന നഗരത്തിലെ കുട്ടികളെ ഗ്രാമങ്ങളിലേക്ക് കൊണ്ടുപോകുകയും പക്ഷികളെക്കുറിച്ച് പറയുകയും ചെയ്യുന്നു. ഈ സംഘടനയുടെ ശ്രമഫലമായി കുട്ടികൾ പലതരം പക്ഷികളെ തിരിച്ചറിയാൻ തുടങ്ങിയിട്ടുണ്ട്. മൻ കി ബാത്ത്ശ്രോതാക്കൾക്ക് അവരുടെ ചുറ്റുപാടുകൾ കാണുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള വ്യത്യസ്തമായ ഒരു രീതിയും ഇത്തരം ശ്രമങ്ങളിലൂടെ കുട്ടികളിൽ വളർത്തിയെടുക്കാൻ കഴിയും.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

ആരെങ്കിലും സർക്കാർ ഓഫീസ് എന്ന് പറഞ്ഞാലുടൻ നിങ്ങളുടെ മനസ്സിലേക്ക് വരുന്നത് ഫയലുകളുടെ കൂമ്പാരത്തിന്റെ ചിത്രമായിരിക്കും. സിനിമകളിലും സമാനമായ എന്തെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടാകും. സർക്കാർ ഓഫീസുകളിലെ ഈ ഫയലുകളുടെ കൂമ്പാരങ്ങളിൽ എത്രയോ തമാശകൾ, എത്രയെത്ര കഥകൾ എഴുതിയിരിക്കുന്നു. വർഷങ്ങളായി, ഈ ഫയലുകൾ ഓഫീസിൽ കിടന്നു പൊടി നിറഞ്ഞു അവിടെ മലിനമാകാൻ തുടങ്ങി പതിറ്റാണ്ടുകൾ പഴക്കമുള്ള ഫയലുകളും സ്ക്രാപ്പുകളും നീക്കം ചെയ്യുന്നതിനായി പ്രത്യേക ശുചിത്വ ക്യാമ്പയിൻ ആരംഭിച്ചു. ഈ കാമ്പയിൻ സർക്കാർ വകുപ്പുകളിൽ അത്ഭുതകരമായ ഫലങ്ങൾ നൽകി എന്നറിയുമ്പോൾ നിങ്ങൾ സന്തോഷിക്കും. ഇത്തരം ശുചീകരണയജ്ഞങ്ങളിലൂടെ ഓഫീസുകളിൽ ധാരാളം സ്ഥലം ലാഭിക്കാനായിട്ടുണ്ട്. ഇത് ഓഫീസിൽ ജോലി ചെയ്യുന്നവരിൽ ഉടമസ്ഥാവകാശബോധവും ഉണ്ടാക്കിയിട്ടുണ്ട്. തങ്ങളുടെ ജോലിസ്ഥലം വൃത്തിയായി സൂക്ഷിക്കുക എന്ന ബോധവും അവർക്കുണ്ടായിട്ടുണ്ട്.

സുഹൃത്തുക്കളെ,

എവിടെ വൃത്തിയുണ്ടോ അവിടെ ലക്ഷ്മീദേവി കുടികൊള്ളുമെന്ന് മുതിർന്നവർ പറയുന്നത് നിങ്ങൾ പലപ്പോഴും കേട്ടിട്ടുണ്ടാകും. മാലിന്യത്തിൽ നിന്നും മാണിക്യംഎന്ന ആശയം ഇവിടെ വളരെ പഴക്കമുള്ളതാണ്. ഉപയോഗശൂന്യമെന്ന് കരുതുന്ന സാധനങ്ങൾ ഉപയോഗിച്ച് രാജ്യത്തിന്റെ പല ഭാഗങ്ങളിലും യുവാക്കൾമാലിന്യത്തിൽ നിന്ന് വരുമാനമുണ്ടാക്കുന്നു. പലതരത്തിലുള്ള നൂതനാശയങ്ങൾ നടപ്പിലാക്കുന്നു. ഇതിലൂടെ അവർ പണം സമ്പാദിക്കുന്നു, തൊഴിൽ മാർഗങ്ങൾ വികസിപ്പിക്കുന്നു. ഈ യുവാക്കൾ അവരുടെ ശ്രമങ്ങളിലൂടെ സുസ്ഥിരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നു. മുംബൈയിലെ രണ്ട് പെൺമക്കളുടെ ഈ ശ്രമം ശരിക്കും പ്രചോദനം നൽകുന്നതാണ്. അക്ഷര, പ്രകൃതി എന്നീ പേരുള്ള ഈ രണ്ട് പെൺമക്കളാണ് ക്ലിപ്പിംഗുകൾ കൊണ്ട് ഫാഷൻ സാമഗ്രികൾ ഉണ്ടാക്കുന്നത്. വസ്ത്രങ്ങൾ മുറിക്കുമ്പോഴും തുന്നുമ്പോ ഴും ബാക്കിവരുന്ന ക്ലിപ്പിംഗുകൾ ഉപയോ ഗശൂന്യമായി കണക്കാക്കി വലിച്ചെറിയുന്നതും നിങ്ങൾക്കറിയാം. അക്ഷരയുടെയും പ്രകൃതിയുടെയും സംഘം ആ തുണ്ടുതുണികൾ ഫാഷൻ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നു. ക്ലിപ്പിംഗുകൾ കൊണ്ട് നിർമ്മിച്ച തൊപ്പികൾ, ബാഗുകൾ എന്നിവ ചൂടപ്പംപോലെ വിറ്റഴിക്കുന്നു.

സുഹൃത്തുക്കളേ,

യു.പി.യിലെ കാൺപൂരിലും ശുചിത്വവുമായി ബന്ധപ്പെട്ട് നല്ല സംരംഭങ്ങൾ നടക്കുന്നുണ്ട്. ഇവിടെ ചിലർ എല്ലാ ദിവസവും മോണിംഗ് വാക്ക് നടത്തുകയും ഗംഗയുടെ ഘാട്ടുകളിൽ വിതറുന്ന പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ശേഖരിക്കുകയും ചെയ്യുന്നു. ഈ ഗ്രൂപ്പിന് കാൻപൂർ പ്ലോഗേഴ്സ് ഗ്രൂപ്പ്എന്നാണ് പേര് നൽകിയിരിക്കുന്നത്. ചില സുഹൃത്തുക്കൾ ചേർന്നാണ് ഈ ക്യാമ്പയിൻ ആരംഭിച്ചത്. ക്രമേണ ഇതൊരു വലിയ ജനപങ്കാളിത്തമുള്ള പ്രചാരണമായി മാറി. നഗരത്തിലെ നിരവധി ആളുകൾ അതിൽ ചേർന്നു. അതിലെ അംഗങ്ങൾ ഇപ്പോൾ കടകളിൽ നിന്നും വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കാൻ തുടങ്ങിയിട്ടുണ്ട്. ഈ മാലിന്യത്തിൽ നിന്ന് റീസൈക്കിൾ പ്ലാന്റിൽ ട്രീ ഗാർഡുകൾ തയ്യാറാക്കുന്നു, അതായത്, ഈ ഗ്രൂപ്പിലെ ആളുകൾ മാലിന്യത്തിൽ നിന്ന് നിർമ്മിച്ച ട്രീ ഗാർഡുകൾ ഉപയോഗിച്ച് ചെടികളെ സംരക്ഷിക്കുന്നു.

സുഹൃത്തുക്കളേ,

ചെറിയ ചെറിയ പ്രയത്നങ്ങളിലൂടെ എത്ര വലിയ വിജയം നേടാം എന്നതിന്റെ ഉദാഹരണമാണ് അസമിലെ ഇതിഷ. ഡൽഹിയിലും പൂനെയിലുമാണ് ഇതിഷയുടെ വിദ്യാഭ്യാസം. കോർപ്പറേറ്റ് ലോകത്തിന്റെ തിളക്കവും ഗ്ലാമറും ഉപേക്ഷിച്ച് അരുണാചലിലെ സാംഗ്തി താഴ്വര വൃത്തിയാക്കുന്ന തിരക്കിലാണ് ഇതിഷ. വിനോദസഞ്ചാരികൾ കാരണം പ്ലാസ്റ്റിക് മാലിന്യങ്ങൾ ധാരാളമായി അവിടെ കുമിഞ്ഞുകൂടാൻ തുടങ്ങി. ഒരുകാലത്ത് ശുദ്ധമായിരുന്ന നദിപ്ലാസ്റ്റിക് മാലിന്യം മൂലം മലിനമായി. ഇത് ശുചീകരിക്കാൻ നാട്ടുകാരുമായി ചേർന്ന് പ്രവർത്തിക്കുകയാണ് ഇതിഷ. ഇവരുടെ സംഘത്തിലെ ആളുകൾ അവിടെ വരുന്ന വിനോദസഞ്ചാരികളെ ബോധവൽക്കരിക്കുകയും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കാൻ താഴ്വരയിലാകെ മുളകൊണ്ട് നിർമ്മിച്ച ഡസ്റ്റ്ബിന്നുകൾ സ്ഥാപിക്കുകയും ചെയ്യുന്നു.

സുഹൃത്തുക്കളേ,

ഇത്തരം ശ്രമങ്ങൾ ഭാരതത്തിന്റെ ശുചിത്വ കാമ്പയിന് ഊർജം പകരുന്നു. ഇതൊരു തുടർച്ചയായ പ്രചാരണമാണ്. ഇത് നിങ്ങളുടെ ചുറ്റുപാടും സംഭവിക്കുന്നുണ്ടാകണം. അത്തരം ശ്രമങ്ങളെക്കുറിച്ച് നിങ്ങൾ എനിക്ക് എഴുതിക്കൊണ്ടിരിക്കണം.

സുഹൃത്തുക്കളേ,

മൻ കി ബാത്തിന്റെഇ ൗ എപ്പിസോഡിൽ തൽക്കാലം ഇത്രമാത്രം. ഈ മാസം മുഴുവൻ നിങ്ങളുടെ പ്രതികരണങ്ങൾക്കും കത്തുകൾക്കും നിർദ്ദേശങ്ങൾക്കും വേണ്ടി ഞാൻ കാത്തിരിക്കുന്നു. എല്ലാ മാസവും വരുന്ന നിങ്ങളുടെ സന്ദേശങ്ങൾ, ഈ പരിപാടി കൂടുതൽ മികച്ചതാക്കാൻ എന്നെ പ്രചോദിപ്പിക്കുന്നു. അടുത്ത മാസം, മൻ കി ബാത്തിന്റെ മറ്റൊരു ലക്കത്തിൽ നമുക്ക് വീണ്ടും ഒത്തുചേരാം രാജ്യത്തിന്റെയും നാട്ടുകാരുടെയും പുതിയ നേട്ടങ്ങളുമായി. അതുവരെ, എല്ലാ നാട്ടുകാർക്കും എന്റെ ആശംസകൾ. വളരെ നന്ദി.

### നൂറു വർഷം മുമ്പ്

**ഡിസംബർ 5** തിരുവനന്തപുരത്തുള്ള എല്ലാ സർക്കാർ ഓഫീസുകളിലും ടെലിഫോൺ സ്ഥാപിക്കാൻ സർക്കാർ നിശ്ചയിച്ചു.

**ഡിസംബർ 10:** സർവ്വജാതിമതസ്ഥർക്കും ഒരുപോലെ പ്രവേശനം അനുവദിക്കുന്ന ഒരു വിശ്വനാഥക്ഷേത്രം കൊട്ടാരക്കരയിൽ സ്ഥാപിച്ചു.

കേരള വ്യാസൻ, കൈരളി എന്നീ മാസികകൾ പ്രസിദ്ധീകരിച്ചു തുടങ്ങി.

**ഡിസംബർ 24:** കോഴിക്കോട് പബ്ലിക് ലൈബ്രറി സ്ഥാപിതമായി.




December 1 - **World AIDS Day**: This day is dedicated to raising awareness about AIDS caused by the spread of the HIV infection. People around the world unite to support those living with HIV and commemorate those who have died from AIDS-related illnesses.

December 2 - **International Day for the Abolition of Slavery:** This day focuses on eradicating modern forms of slavery, like human trafficking and child labor. It also commemorates the fight against historical slavery.

December 2 - **World Computer Literacy Day:** This day emphasizes the importance of computer literacy for individuals of all ages. It encourages the development of technological skills to bridge the digital divide.

December 3 - **International Day of Persons with Disabilities:** This day is observed to promote the rights and well-being of persons with disabilities in all spheres of society and development.

December 3 - **World Conservation Day:** This day is aimed at raising awareness about the importance of conservation and the sustainable use of resources to protect the earth.

December 4 - **Wildlife Conservation Day:** This day raises awareness about the importance of protecting endangered species and other wildlife. It encourages actions to fight against wildlife crime and trafficking.

December 4 - **Navy Day:** This day honors the maritime military branches and recognizes the importance of the navy in national security and warfare.

December 5 - **International Volunteer Day:** This day celebrates the efforts of volunteers globally who contribute to peace and development, recognizing their altruistic engagement.

December 5 - **World Soil Day:** This day highlights the importance of healthy soil and advocates for sustainable management of soil resources.

December 6 - **Mahaparinirvan Din:** This day is observed in India to honor Dr. B.R. Ambedkar, who died on this day in 1956. It marks the anniversary of his death.

December 7 - **Armed Forces Flag Day:** In India, this day is observed to honor the soldiers, airmen, and sailors of India. It involves fundraising for the welfare of the military personnel.

December 7 - **International Civil Aviation Day:** This day aims to raise awareness about the importance of international civil aviation to social and economic development.

December 7 - **National Cotton Candy Day:** Celebrated primarily in the United States, this fun day acknowledges cotton candy, a popular sugary treat.

December 8 - **National Brownie Day:** A day to enjoy and celebrate brownies, a popular baked chocolate dessert.

December 9 - **International Anti-Corruption Day:** This day serves to raise awareness and unite people against corruption, promoting transparency and integrity.

December 9 - **National Pastry Day:** This day celebrates pastries, encouraging baking and enjoying various types of this delightful dessert.

December 10 - **Human Rights Day:** Commemorates the day the United Nations General Assembly adopted the Universal Declaration of Human Rights in 1948, promoting the idea that human rights are universal.

December 10 - **Nobel Prize Day:** Celebrates the anniversary of Alfred Nobel's death and the awards given for achievements in physics, chemistry, medicine, literature, and peace.

December 10 - **International Animal Rights Day:** Coinciding with Human Rights Day, this day advocates for the rights of animals to be acknowledged and respected.

December 11 - **International Mountain Day:** Raises awareness about the importance of mountains to life, highlighting opportunities and constraints in mountain development.

December 11 - **UNICEF Birthday:** Marks the founding of the United Nations International Children's Emergency Fund on this day in 1946.

December 12 - **International Day of Neutrality:** Promotes neutrality in international relations, fostering peace and stability.

December 12 - **International Universal Health Coverage Day:** Advocates for worldwide access to quality and affordable healthcare.

December 14 - **Monkey Day:** A fun day that celebrates monkeys and all non-human primates, raising awareness about their lives and challenges.

December 14 - **International Energy Day:** Focuses on the importance of sustainable energy sources for global conservation efforts.

December 18 - **International Migrants Day:** Recognizes the contributions and rights of migrants around the world.

December 19 - **Goa's Liberation Day:** Marks the day Goa was liberated from Portuguese rule in 1961.

December 20 - **International Human Solidarity Day:** A day to celebrate unity in diversity, encouraging global cooperation and solidarity.

December 21 - **Winter Solstice:** The shortest day of the year in the Northern Hemisphere, marking the onset of winter.

December 23 - **National Farmers Day (Kisan Divas)**: Celebrated in India to honor farmers and acknowledge their crucial role in the economy.

December 24 - **Christmas Eve:** The evening or entire day before Christmas Day, observed around the world with various traditions and celebrations.

December 24 - **National Consumer Day:** Observed in India to highlight consumer rights and ensure that these rights are respected and protected.

December 25 - **Hanukkah:** A Jewish holiday, also known as the Festival of Lights, celebrating the rededication of the Holy Temple.

December 25 - **Christmas:** Celebrated globally to honor the birth of Jesus Christ, offering time for family, giving, and community spirit.

December 26 - **Kwanzaa:** Begins on this day; a week-long celebration honoring African heritage in African-American culture.

December 26 - **Boxing Day:** Traditionally a day following Christmas when servants and tradespeople receive gifts, known as a "Christmas box", from their bosses or employers.

December 27 - **International Day of Epidemic Preparedness:** Promotes the importance of the global response to epidemics, encouraging investment and planning.

December 29 - **International Biodiversity Day:** Emphasizes the need for biodiversity conservation as a vital resource for humanity.

December 31 - **New Year's Eve:** Celebrated worldwide as the last day of the year, marking the conclusion of the annual cycle with festivities and reflections.



# ഭരണഘടനയുടെ ആമുഖം

ചോദിക്കുന്നു. നിങ്ങൾ ഓരോരുത്തരും ഈ രാജ്യത്തിന് എന്തുകൊടുത്തുവെന്ന്.

അന്ന് ദരിദ്രനാരായണന്മാരുടെ മാത്രം രാജ്യമായിരുന്നു ഇന്ത്യ. ഇപ്പോൾ ഏറെ മാറ്റം വന്നിട്ടുണ്ട്. കേരളത്തിൽ വലിയ മാറ്റം വന്നിട്ടുണ്ട്. എന്നാൽ കേരളമൊന്നുമല്ല ഇന്ത്യ. ബോംബെ വഴിയും പടിഞ്ഞാറുഭാഗത്തുകൂടി സെക്കന്റ് ക്ലാസിൽ യാത്ര ചെയ്യണം. മറ്റൊന്ന് കൽക്കട്ട വഴി ഡൽഹിയിലേക്കും യാത്ര ചെയ്യണം. ഇന്ത്യയിലെ സ്ത്രീപുരുഷന്മാർ എങ്ങനെയാണ് ജീവിക്കുന്നതെന്ന് അപ്പോൾ കാണാം. കഴിയുമെങ്കിൽ അവിടെ യൊക്കെ ഒന്നോ രണ്ടോ ദിവസം കഴിയണം. മൃഗങ്ങൾക്ക് ഇവിടെ കിട്ടുന്ന അംഗീകാരവും സ്ഥാനവും മാനവും ഭക്ഷണവും അവിടെയുള്ള മനുഷ്യർക്ക് കിട്ടുന്നില്ല. നാം നിത്യേന പാഴാക്കിക്കളയുന്ന വെള്ളത്തിന്റെ പത്തിലൊന്ന് അംശം പോലും വിനിയോഗിക്കാൻ ലക്ഷക്കണക്കിന് ഉത്തരേന്ത്യയിലെ മനുഷ്യർക്കു ലഭിക്കുന്നില്ലായെന്നോർക്കണം. എഞ്ചിനോയിലിന്റെ അര ലിറ്ററിന്റെയോ ഒരു ലിറ്ററിന്റെയോ പാത്രത്തിൽ വെള്ളവുമായി പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നവരെ കാണാൻ കഴിയും. ഇന്ത്യയിൽ ഇപ്പോഴും ദരിദ്രനാരായണന്മാരുണ്ട്. നിരക്ഷരകുക്ഷികളുണ്ട്. കിടപ്പാടമില്ലാത്തവരുണ്ട്. ആരോഗ്യപരിപാലനത്തിന് സൗകര്യമില്ലാത്തവരുണ്ട്.

അന്ന് നെഹ്റു ചോദിച്ച ചോദ്യമാണ് ഇപ്പോഴും നമ്മുടെ മുന്നിലുള്ളത്. നാം രാജ്യത്തിനായി എന്തു നൽകി. നാം കൊടുക്കുന്നതാണ് ഇന്ത്യയുടെ ധനം. നാം കൊടുക്കുന്നതാണ് ഈ രാജ്യത്തിന്റെ സമ്പത്ത്. നിങ്ങൾ എന്തു കൊടുക്കുന്നുവോ അതുപോലെയായിത്തീരും ഈ രാജ്യം. നിങ്ങൾ സ്നേഹം കൊടുത്താൽ സ്നേഹസമ്പന്നമാകും ഭാരതം. നിങ്ങൾ കാരുണ്യം കൊടുത്താൽ കരുണ നിറഞ്ഞതാവും ഭാരതം. നിങ്ങൾ പരസ്പര സ്നേഹം പുലർത്തിയാൽ അതു നിറഞ്ഞു തുളുമ്പുന്ന രാജ്യമാകും ഇന്ത്യ. നിങ്ങൾ സഹകരിക്കുന്നവരായാൽ സഹകരിക്കുന്നവരുടെ നല്ല രാജ്യമായി മാറും. നിങ്ങൾ ഹിംസിക്കാത്തവരായാൽ അഹിംസ കളിയാടുന്ന രാജ്യമായി ഇതു മാറും. നിങ്ങൾ ദയ കാണിച്ചാൽ ദയയുള്ളവരുടെ രാജ്യമായിട്ടു മാറും. നിങ്ങൾ നിസ് സഹായരെ സഹായിച്ചാൽ നിരാലംബരായിട്ടുള്ളവർക്ക് ആശ്വാസമാകും. നശിച്ചുകൊണ്ടിരിക്കുന്ന മൂല്യങ്ങൾ തിരികെ പിടിക്കുവാനും നമ്മുടെ ഒരു പങ്ക് ഈ രാജ്യത്തിന് നല്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട്, നന്ദി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മാവേലിക്കര ഗുരുനിത്യചൈതന്യയതി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ സ്മാരകപ്രഭാഷണം.